കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## പട്ടാമ്പി നഗരസഭ

## ഓഡിറ്റ് റിപ്പോർട്ട്

## 2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

e-mail: dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-പികെഡി22-28/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

തീയതി: 01.04.2019

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)

**പട്ടാമ്പി നഗരസഭ**

**സർ,**

**വിഷയം : പട്ടാമ്പി നഗരസഭ – 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ മുനിസിപ്പാലിറ്റി നിയമം 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം **പട്ടാമ്പി നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തെ** ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭാ കൗൺസിൽ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ കൗൺസിൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള മുനിസിപ്പാലിറ്റി (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 കേരളാ മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക) എന്നിവ കാണുക)).

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

**പകർപ്പ്:**

1. സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്ര സഹിതം)
2. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
3. റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, എറണാകുളം (ഉപരിപത്ര സഹിതം)
4. ഓഫീസ് പകർപ്പ്

നം.കെ.എസ്.എ-പികെഡി.22/28/2019 തിയ്യതി: 01.04.2019

## പാലക്കാട് ജില്ലയിലെ പട്ടാമ്പി നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

### (1994 ലെ കേരളാ മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ പട്ടാമ്പി നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. നഗരസഭ 17-10-2017 മുതൽ 11-12-2018 തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 30 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | കെ.എൻ.വാസുദേവൻ,<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 12-12--2018മുതൽ 26-12-2018വരെ |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ**

| | |
|---|---|
| ശ്രീ.സി.എസ്.സന്തോഷ് | ഓഡിറ്റ് ഓഫീസർ |
| ശ്രീ.എ.ബി.സുരേഷ് | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീ.ഷർഫുദ്ദീൻ.എസ്.എച്ച് | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീ.കെ.പി.രാമകൃഷ്ണൻ | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീ.ആർ.രഞ്ജിത്ത് | ഓഡിറ്റർ |

**(ബി) നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| ചെയർമാൻ | ശ്രീ.കുഞ്ഞുമുഹമ്മദ് റഷീദ് | 1.4.2017 മുതൽ 31.3.2018 വരെ |
| സെക്രട്ടറി | ശ്രീമതി.സീന.എച്ച് | 1.4.2017 മുതൽ 31.3.2018 വരെ |

**(സി) മറ്റ് നിർവ്വഹണാധികാരികൾ**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഫീൽഡ് ഓഫീസർ | ശ്രീമതി.സിന്ധു.വി.പി | 01.4.2017 മുതൽ 31.3.2018 വരെ |
| സീനിയർ വെറ്ററിനറി സർജ്ജൻ | ശ്രീ.ശങ്കരനാരായണൻ | 01.4.2017 മുതൽ 31.3.2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.റുബീന.എ | 01.4.2017 മുതൽ 31.3.2018 വരെ |
| മുനിസിപ്പൽ എഞ്ചിനീയർ | ശ്രീ.ഫിലിപ്പോസ് പണിക്കർ. സി | 01.4.2017 മുതൽ 27.4.2017 വരെ |
| | ശ്രീമതി.ജയ.പി.എസ് | 28.4.2017മുതൽ 31.3.2018 വരെ |
| സൂപ്രണ്ട്, (താലൂക്ക് ആശുപത്രി) | ഡോ.മുഹമ്മദ് അബ്ദുൾ റഹ്മാൻ.യു.ടി | 01.4.2017 മുതൽ 31.3.2018 വരെ |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | ഡോ.അനിൽ.വി | 01-4-2017 മുതൽ 30.6.2017 വരെ |
| | ഡോ.ധന്യ.എം | 01.7.2017 മുതൽ 17.10.2017 വരെ |
| | ഡോ.ഇന്ദിര.കെ.ടി | 18.10.2017 മുതൽ |

| | | |
|---|---|---|
| | | 31.3.2018 വരെ |
| പ്രിൻസിപ്പാൾ, ഗവ. ഹയർ സെക്കണ്ടറി സ്കൂൾ | ശ്രീ.മഹാലിംഗം.എസ് | 01-4-2017 മുതൽ 31.3.2018 വരെ |
| ഹെൽത്ത് ഓഫീസർ (മുനിസിപ്പാലിറ്റി) | ശ്രീ.ഗോപകുമാർ.സി | 01.4.2017 മുതൽ 19.10.2017 വരെ |
| | ശ്രീ.വിസ്മൽ.ഇ.പി | 20-10-2017മുതൽ 31-03-2018 വരെ |
| പ്രോജക്ട് ഓഫീസർ,<br>നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ | സുനിൽ കുമാർ. പി | 01.4.2017 മുതൽ 31.3.2018 വരെ |
| ഹെൽത്ത് ഇൻസ്പെക്ടർ (പട്ടികജാതി വികസന ഓഫീസർ-ഇൻ ചാർജ്ജ്) | ബിജോയ് ചന്ദ്രൻ | 01.4.2017 മുതൽ 31.3.2018 വരെ |

**ഉള്ളടക്കം**


| ക്രമ നം. | ഖണ്ഡിക നമ്പർ | വിഷയം |
|---|---|---|
| | | ഭാഗം-1 |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം |
| 4 | 1-4 | സാമ്പത്തിക വിശകലനം |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം |
| 7 | 1-7 | തനത് വരുമാനം |
| 8 | 1-8 | ക്ഷേമപദ്ധതികൾ |
| 9 | 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 10 | 1-10 | ആഭ്യന്തരനിയന്ത്രണം |
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 12 | 1-12 | വാർഷിക കണക്കിലെ അപാകതകൾ (ഓഡിറ്റ് സർട്ടിഫിക്കറ്റിൽ ഉൾപ്പെടാത്തവ) |
| | | ഭാഗം 2 |
| | | **ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കീഴിൽ വരുന്ന വിഷയങ്ങൾ** |
| 1 | 2-1 | വസ്തുനികുതി നിർണ്ണയവും പരിഷ്കരണവും പൂർത്തീകരിക്കേണ്ടതാണ് |
| 2 | 2-2 | അനധികൃത മൊബൈൽ ടവറുകൾ ഉടമകൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിച്ച് വസ്തുനികുതി ഈടാക്കേണ്ടതാണ് |
| 3 | 2-3 | ഒക്യുപൻസി തെറ്റായി കണക്കിലെടുത്ത് വസ്തുനികുതി നിർണ്ണയിച്ചത് ക്രമീകരിക്കേണ്ടതാണ് |
| 4 | 2-4 | തൊഴിൽ നികുതി പിരിവിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ് |
| 5 | 2-5 | പുതിയ ഫിഷ് മാർക്കറ്റ് കെട്ടിടം- സ്റ്റാളുകളുടെ ലേല നടപടികളിലെ അപാകതകൾ മൂലം നഗരസഭയ്ക്ക് റവന്യൂ നഷ്ടം |
| 6 | 2-6 | ബസ് സ്റ്റാന്റ് ഫീസ് പിരിവ് - നഗരസഭയുടെ രശീതി മുഖേന പിരിക്കേണ്ടതും തുക കാലോചിതമായി പരിഷ്കരിക്കേണ്ടതു മാണ് |
| 7 | 2-7 | ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ് |
| 8 | 2-8 | മരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ ഫോറങ്ങളുടെ വില ജില്ലാ പഞ്ചായത്തിൽനിന്നും ലഭ്യമാക്കേണ്ടതാണ് |
| 9 | 2-9 | നികുതിയേതര വരുമാനം -കുടിശ്ശിക തുകകൾ പിരിച്ചെടുക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ് |
| | | **മരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കീഴിൽ വരുന്ന വിഷയങ്ങൾ** |
| **10** | 2-10 | പെർമിറ്റില്ലാത്ത നിർമ്മാണങ്ങളും അതിന്റെ വ്യതിയാനങ്ങളും ക്രമവൽക്കരിച്ചുനൽകുമ്പോൾ ചട്ടങ്ങൾ പാലിക്കേണ്ടതാണ് |
| | | ഭാഗം 3 |
| | | **ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കീഴിൽ വരുന്ന വിഷയങ്ങൾ** |
| 1 | 3-1 | അഡ്വാൻസ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല |

| | | |
|---|---|---|
| 2 | 3-2 | പദ്ധതി പ്രവർത്തനങ്ങൾക്കായി മുനിസിപ്പൽ ഫണ്ട് വകയിരുത്തിയപ്പോൾ നഗരസഭയുടെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്തില്ല |
| 3 | 3-3 | വക്കീൽ ഫീസ് ഇനത്തിൽ അധിക തുക അനുവദിച്ചത് തിരികെ ഈടാക്കേണ്ടതാണ് |
| 4 | 3-4 | മൊബൈൽ ചാർജ്ജ് അലവൻസ് - സർക്കാർ ഉത്തരവ് പ്രകാരം അനുവദനീയമായതിനേക്കാളും കൂടുതൽ അനുവദിച്ചു |
| 5 | 3-5 | സാധനസാമഗ്രികളുടെ വാങ്ങലിൽ പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പാലിക്കുന്നില്ല |
| 6 | 3-6 | സേവാഗ്രാം വാർഡ് കേന്ദ്രം നടത്തിപ്പിൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചില്ല |
| | | **മരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കീഴിൽ വരുന്ന വിഷയങ്ങൾ** |
| 7 | 3-7 | നഗരസഭയിലെ തെരുവു വിളക്കുകളുടെ പരിപാലനം കാര്യക്ഷമമാക്കേണ്ടതാണ് |
| 8 | 3-8 | തെരുവ് വിളക്ക് റിപ്പയർ - കരാറുകാരനിൽ നിന്ന് ആദായനികുതി ഈടാക്കിയില്ല |
| 9 | 3-9 | വിഭവ സ്രോതസ്സ് കണ്ടെത്താതെ പൊതു മരാമത്ത് പ്രവൃത്തികൾ ആസൂത്രണം ചെയ്യുന്നത് ഒഴിവാക്കേണ്ടതാണ് |
| 10 | 3-10 | പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ചുകൊണ്ട് ആസ്തി സംരക്ഷണ പദ്ധതി നടപ്പാക്കേണ്ടതാണ് |
| 11 | 3-11 | റോഡ് നിർമ്മാണത്തിന് ടാർ വാങ്ങിയതിലെ അപാകതകൾ |
| 12 | 3-12 | കുടിവെള്ള പദ്ധതികൾക്ക് മോട്ടോർ സ്ഥാപിക്കൽ -രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തടസ്സപ്പെടുത്തുന്നു |
| 13 | 3-13 | കുടിവെള്ള പദ്ധതിയുടെ മോട്ടോർ മാറ്റി സ്ഥാപിക്കൽ - രേഖകൾ ഹാജരാക്കാത്തതിനാൽ തുക തടസ്സത്തിൽ വയ്ക്കുന്നു |
| 14 | 3-14 | വീട് പുനരുദ്ധാരണം-ഒന്നാം ഗഡു കൈപ്പറ്റിയിട്ടും നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല |
| 15 | 3-15 | പി എം എ വൈ ഭവന പദ്ധതി -ഒന്നാം ഗഡു കൈപ്പറ്റിയതിന് ശേഷം പ്രവൃത്തി പൂർത്തീകരിക്കുകയോ, തുക തിരിച്ചടവാക്കുകയോ ചെയ്യിട്ടില്ല |
| 16 | 3-16 | റെയിൽവെ ഫൂട്ട് ഓവർ ബ്രിഡ്ജ് നിർമ്മാണം-നടപടിക്രമങ്ങൾ പാലിക്കാതെ തുക അനുവദിച്ചതിനാൽ മുനിസിപ്പൽ ഫണ്ടിന് 4,25,415 രൂപയുടെ നഷ്ടം |
| | | **വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കീഴിൽ വരുന്ന വിഷയങ്ങൾ** |
| 17 | 3-17 | നെൽകൃഷിക്ക് ഉഴവുകൂലി - മാർഗ്ഗരേഖ പ്രകാരം അനുവദനീയമായതിൽ കൂടുതൽ സബ്സിഡി അനുവദിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ് |
| 18 | 3-18 | മൃഗസംരക്ഷണ മേഖലയിൽ ആവിഷ്കരിച്ച പ്രൊജക്ടുകൾ നടപ്പിലാക്കിയിട്ടില്ല |
| | | **ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കീഴിൽ വരുന്ന വിഷയങ്ങൾ** |
| 19 | 3-19 | അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് പ്രൊജക്ടുകൾ രൂപീകരിച്ചിട്ടില്ല |
| 20 | 3-20 | സാമൂഹ്യ സുരക്ഷാ മിഷൻ വയോമിത്രം പദ്ധതി- വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല |
| 21 | 3-21 | ആശ്രയ പദ്ധതിക്ക് തുക കൈമാറിയത് നാളിതുവരെയും ചെലവഴിച്ചില്ല |
| 22 | 3-22 | വൃദ്ധർക്ക് കട്ടിൽ വാങ്ങി നൽകൽ-വാങ്ങിയ കട്ടിലുകൾ മുഴുവനും വിതരണം ചെയ്തില്ല |
| 23 | 3-23 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി - അവലോകനം |
| | | **വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കീഴിൽ വരുന്ന വിഷയങ്ങൾ** |
| 24 | 3-24 | സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാതെ പ്രൊജക്ട് നടപ്പിലാക്കി - 150000 രൂപ തടസ്സത്തിൽ വെക്കുന്നു |
| 25 | 3-25 | എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം-വാങ്ങിയതും വിതരണം ചെയ്തതുമായ ലാപ്ടോപ്പുകളുടെ കണക്കിൽ വ്യത്യാസം |
| | | **ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കീഴിൽ വരുന്ന വിഷയങ്ങൾ** |
| 26 | 3-26 | സമഗ്ര പാലിയേറ്റീവ് പരിചരണ പദ്ധതി പ്രവർത്തനങ്ങൾ - മാർഗരേഖ പ്രകാരമുള്ള നടപടിക്രമങ്ങൾ കൃത്യമായി പാലിക്കുന്നില്ല |
| 27 | 3-27 | പട്ടാമ്പി നഗരസഭയിലെ മാലിന്യ സംസ്കരണ സംവിധാനം കാര്യക്ഷമമാക്കേണ്ടതാണ് |

**ഭാഗം 4**

| | | |
|---|---|---|
| 1 | 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 2 | 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 3 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 4 | 4-4 | വായ്പ/ വായ്പ തിരിച്ചടവ് |
| 5 | 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 6 | 4-6 | ഓഡിറ്റ് റിക്കവറി |
| 7 | 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 8 | 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 9 | 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| | അനുബന്ധം-1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
| | അനുബന്ധം-2 | വിവിധ പത്രികകൾ |


# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 28.3.17 തീയതിയിലെ 1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2. വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2017-18 | 3-08-2018 | 01-09-2018 | - | - |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 30.08.2018 മുതൽ 31.08.2018 വരെ | നം.കെ.എസ്.എ-പികെഡി.21/1955/2018,തിയതി:12-09-2018 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 22786041 |
| വരവ് | 152002732 |
| ആകെ | 174788773 |
| ചെലവ് | 147292012 |
| നീക്കിയിരിപ്പ് | 27496761 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ (എ.സി.ആർ പ്രകാരം) | 0 | 21543601 | 21543601 | 16908191 | 4635410 |
| വികസനഫണ്ട് എസ്.സി.പി (എ.സി.ആർ പ്രകാരം) | 0 | 7976118 | 7976118 | 6302328 | 1673790 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് (എ.സി.ആർ പ്രകാരം) | 0 | 11468526 | 11468526 | 10627074 | 841452 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് (എ.സി.ആർ പ്രകാരം) | 0 | 3154388 | 3154388 | 2461067 | 693321 |
| സെൻട്രൽ ഫിനാനൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 5401606 | 5401606 | 5394669 | 6937 |
| കെ.എൽ.ജി.എസ്.ഡി.പി (എ.സി.ആർ പ്രകാരം) | 0 | 239763 | 239763 | 222646 | 17117 |
| അയ്യങ്കാളി പദ്ധതി- അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 0 | 766700 | 766700 | 638904 | 127796 |
| അയ്യങ്കാളി പദ്ധതി- തൊഴിലാളികളുടെ വേതനം | 0 | 4305533 | 4305533 | 4305533 | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ട്-PMAY | 500605 | 43634159 | 44134764 | 35910000 | 8224764 |
| കേന്ദ്രാവിഷ്കൃത ഫണ്ട്-NULM | 0 | 2053794 | 2053794 | 1887156 | 166638 |
| കേന്ദ്രാവിഷ്കൃത ഫണ്ട്-ശുചിത്വ മിഷൻ ഫണ്ട് | 817624 | 342065 | 1159689 | 190085 | 969604 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 675880 | 9052333 | 9728213 | 3083105 | 6645108 |
| തനത് ഫണ്ട്- ബാങ്ക് | 16907200 | 51311489 | 68218689 | 62048194 | 6170495 |

| | | | | | |
|---|---|---|---|---|---|
| ബി ഫണ്ട് | 0 | 34201700 | 34201700 | 34201700 | 0 |
| ബാങ്ക്-മറ്റുള്ളവ | 3577681 | 480029 | 4057710 | 527433 | 3530277 |

# 1-6 പദ്ധതി അവലോകനം (എല്ലാ സ്രോതസ്സുകളിൽ നിന്നുമുള്ള വകയിരുത്തൽ സഹിതം)

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 310 | 286992991 | 190 | 59089512 | - | 120 | 61 |

അംഗീകാരം ലഭ്യമായ പ്രൊജക്ടുകളിൽ 61% എണ്ണം തൻവർഷം മാത്രമാണ് നടപ്പിലാക്കിയിട്ടുണ്ട്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 21% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

ഐ.കെ.എം. സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്ക് താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 9 | 8 | 3182851 | 1432102 | 45 |
| പ്രൊജക്റ്റ് ഓഫീസർ-നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ | 8 | 7 | 8535850 | 4581891 | 54 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 6 | 5 | 5822450 | 3867324 | 66 |
| സെക്രട്ടറി | 33 | 18 | 17222713 | 11627798 | 68 |
| മുനിസിപ്പൽ എഞ്ചിനിയർ | 225 | 130 | 232620652 | 25107929 | 11 |
| മെഡിക്കൽ ഓഫീസർ-താലൂക്ക് ആശുപത്രി | 8 | 6 | 3351600 | 1913188 | 57 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 2 | 2 | 800000 | 800000 | 100 |
| സീനിയർ വെറ്ററിനറി സർജ്ജൻ | 4 | 1 | 2897082 | 120000 | 4 |
| പ്രിൻസിപ്പൽ | 8 | 7 | 2650000 | 2472570 | 93 |
| പട്ടികജാതി വികസന ഓഫീസർ | 3 | 3 | 3250000 | 1520000 | 47 |
| ഹെൽത്ത് ഓഫീസർ | 4 | 3 | 6659793 | 5646710 | 85 |
| **ആകെ** | **310** | **190** | **286992991** | **59089512** | **21** |

# 1-7 അയ്യങ്കാളി നഗര തൊഴിലുറപ്പു പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| അയ്യങ്കാളി പദ്ധതി-അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 0 | 766700 | 766700 | 638904 | 127796 |
| അയ്യങ്കാളി പദ്ധതി-തൊഴിലാളികളുടെ വേതനം | | 4305533 | 4305533 | 4305533 | 0 |
| ആകെ | 0 | 5072233 | 5072233 | 4944437 | 127796 |

# 1-8 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | തൊഴിൽ രഹിത വേതനം | 27000 | 35 |
| 2 | കർഷക തൊഴിലാളി പെൻഷൻ | 902500 | 76 |
| 3 | വിധവാ പെൻഷൻ | 11563300 | 1033 |
| 4 | വാർദ്ധക്യകാല പെൻഷൻ | 18309600 | 1636 |
| 5 | വികലാംഗ പെൻഷൻ | 2830900 | 297 |
| 6 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 568400 | 56 |

# 1-9 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12-11-2018 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 49297 രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തര നിയന്ത്രണം

<u>ബജറ്റ്</u>

2017-18 ലെ ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ് 114.51 കോടി രൂപയും ചെലവ് 114.36 കോടി രൂപയുമാണ്. 23-1-2017 ന് മാത്രമാണ് സാമ്പത്തിക വർഷത്തെ ബജറ്റ് നിർദ്ദേശങ്ങൾ ക്രോഡീകരിക്കുന്നത് സംബന്ധിച്ചും പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച ചെയ്ത് തീരുമാനം കൈക്കൊണ്ടിട്ടുള്ളത്. ബജറ്റ് പ്രകാരം പ്രതീക്ഷിച്ച വരവും യഥാർത്ഥ വരവും തമ്മിൽ വലിയ അന്തരം ഉള്ളതായി ബോധ്യപ്പെട്ടിട്ടുണ്ട്. യഥാർത്ഥ വരവ് 15.20 കോടി രൂപ മാത്രമാണ്. എല്ലാ ഘടകങ്ങളും കണക്കിലെടുത്ത് യഥാർത്ഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിച്ചിട്ടില്ല എന്ന് വിലയിരുത്തുന്നു.

<u>ഓഫീസ് മാനേജ്മെന്റ്</u>

2015 വർഷത്തിൽ നഗരസഭയായി മാറ്റപ്പെട്ട പട്ടാമ്പി ഗ്രാമപഞ്ചായത്തിൽ നഗരസഭയുടെ പൂർണ്ണമായ സ്വഭാവം കൈവരിച്ചിട്ടില്ല. ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് നടപ്പിൽവരുത്തി ഐ.എസ്.ഒ സർട്ടിഫിക്കേഷൻ നേടുന്നതിനാവശ്യമായ നടപടികൾ നഗരസഭയിൽ ആരംഭിച്ചിട്ടില്ല. രേഖകളും, രജിസ്റ്ററുകളും കാര്യക്ഷമമായി സൂക്ഷിക്കുന്നതിനുവേണ്ടി റിക്കോർഡ് റൂം സജ്ജീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാത്തതിനാൽ പല രേഖകളും കണ്ടെത്തുവാൻ സാധിക്കാത്ത സ്ഥിതിയാണുള്ളത്. വിവിധ സെക്ഷനുകളുടെ ഏകോപനം ഉറപ്പാക്കി ഓഫീസ് മാനേജ്മെന്റ് കാര്യക്ഷമമാക്കുന്നതിനായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഉണ്ടാകേണ്ടതാണ്.

<u>സാമ്പത്തിക സ്ഥിതി വിലയിരുത്തൽ</u>

നഗരസഭയുടെ സാമ്പത്തിക സ്ഥിതി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൃത്യമായ ഇടവേളകളിൽ വിലയിരുത്തിയതായി കാണുന്നില്ല. സാമ്പത്തിക സ്ഥിതി മോശമായിട്ടും വികസന പ്രവർത്തനങ്ങൾക്കായി വൻ തുക നീക്കി വെച്ചിട്ടുള്ളത് പദ്ധതി മാർഗ്ഗരേഖയുടെ ലംഘനമായി വിലയിരുത്തുന്നു. 2017-18 വർഷത്തിൽ വികസന പ്രവൃത്തികൾക്കായി തനത് ഫണ്ടിൽ നിന്നും 1.50 കോടി രൂപയോളം ചെലവഴിച്ചത് നഗരസഭയുടെ സാമ്പത്തിക സ്ഥിതിയെ സാരമായി ബാധിച്ചിട്ടുണ്ട്. അക്കൗണ്ടിംഗ് വിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമാണെന്ന് ആരും ഉറപ്പാക്കിയിട്ടില്ല.

<u>അക്കൗണ്ടിംഗ് സംവിധാനം, രജിസ്റ്ററുകളുടെ സൂക്ഷിപ്പ്</u>

സാംഖ്യാ സോഫ്റ്റ്‌വെയർ ഉപയോഗിച്ചുള്ള അക്കൗണ്ടിംഗ് സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും അനുബന്ധ രജിസ്റ്ററുകൾ പലതും എഴുതി സൂക്ഷിക്കുന്നില്ല. മുൻകൂർ രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, വസ്തു നികുതി, തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററുകൾ എന്നിവ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. വാർഷിക കണക്ക് പൂർത്തീകരിക്കുന്നതിനു മുമ്പ് അനുബന്ധ രജിസ്റ്ററുകളെല്ലാം പൂർത്തീകരിച്ചിട്ടുണ്ടെന്ന് ഉന്നത ഉദ്യോഗസ്ഥർ ഉറപ്പാക്കിയിട്ടില്ല.

<u>നികുതി നിർണ്ണയം</u>

വസ്തു നികുതി നിർണ്ണയം നാളിതുവരെ പൂർത്തീകരിക്കാത്തതിനാൽ നികുതി ചോർച്ച ഉണ്ടാകുന്നുണ്ട്. തൊഴിൽ നികുതി, വസ്തു വകകളിൽ നിന്നുള്ള ആദായം മുതലായ ഇനങ്ങളിലും വരുമാന നഷ്ടം ഉണ്ടാകുന്നുണ്ട്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കാര്യക്ഷമമായ ഇടപെടൽ ഉണ്ടാകേണ്ടതാണെന്ന് വിലയിരുത്തുന്നു. സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള കണക്ക് ലഭ്യമല്ലാത്തതിനാൽ ലൈസൻസിംഗ് സമ്പ്രദായം കാര്യക്ഷമമല്ലാത്ത സ്ഥിതിയിലാണ്.

<u>കുടിശ്ശിക പിരിവ്</u>

നഗരസഭയ്ക്ക് പിരിഞ്ഞു കിട്ടുവാനുള്ള നികുതി നികുതിയേതര ഇനങ്ങളിലെ കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചിട്ടില്ല. അതാത് സെക്ഷനുകൾ സമയബന്ധിതമായി തുകകൾ പിരിച്ചെടുക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ആരും ഉറപ്പാക്കിയിട്ടില്ല.

<u>തനത് ഫണ്ട് ചെലവ് രേഖകളുടെ സൂക്ഷിപ്പ്</u>

തനത് ഫണ്ടിൽ നിന്നുള്ള ചെലവിനെ സാധൂകരിക്കുന്ന പല രേഖകളും സൂക്ഷിച്ചിട്ടില്ലെന്ന് ഓഡിറ്റിൽ കണ്ടെത്തി. ആവശ്യമായ എല്ലാ രേഖകളും വൗച്ചറുകൾക്കൊപ്പം സൂക്ഷിക്കുവാൻ വിവിധ സെക്ഷനുകൾ ശ്രദ്ധിച്ചിട്ടില്ല. സർക്കാർ അനുവദിച്ചിട്ടുള്ള പരിധിയിൽ കവിഞ്ഞും ചെലവ് നടത്തുന്ന പ്രവണതയും നിലവിലുണ്ട്. സ്യൂട്ട് രജിസ്റ്റർ പോലുള്ള പ്രധാന രേഖകൾ കാലികമാക്കി സൂക്ഷിക്കാത്തത് അപാകതയാണ്. തെരുവു വിളക്കുകളുടെ കൃത്യമായ കണക്ക് സൂക്ഷിക്കാത്തതിനാൽ ഉണ്ടാകുന്ന അധികച്ചെലവ് പരിഹരിക്കുന്നതിനുള്ള നടപടികളും ഉണ്ടായിട്ടില്ല. കുടിവെള്ള വിതരണ സംവിധാനം കാര്യക്ഷമമല്ലാത്തതിനാൽ വൻ തുക കുടിശ്ശികയായി അവശേഷിക്കുന്നുണ്ട്. തനത് ഫണ്ടിനുണ്ടാകുന്ന അനാവശ്യച്ചെലവുകൾ നിയന്ത്രിക്കുന്നതിനുള്ള ചർച്ച ഉണ്ടാകേണ്ടതാണ്.

<u>പ്രൊക്യൂർമെന്റ് കമ്മിറ്റി</u>

നഗരസഭയിൽ 2017-18 വർഷത്തിൽ വിവിധ ആവശ്യങ്ങൾക്കുള്ള വാങ്ങലുകൾ നടത്തിയത് പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ ശുപാർശയില്ലാതെയാണ്. പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിലെ നടപടിക്രമങ്ങൾ പാലിക്കാതെയാണ് മുഴുവൻ വാങ്ങലുകളും നടത്തിയിരിക്കുന്നതെന്ന് കണ്ടെത്തിയിട്ടുണ്ട്.

<u>ആസ്തി സംരക്ഷണം</u>

ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുകയോ, രജിസ്റ്ററിൽ കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. സാംഖ്യ സോഫ്റ്റ്‌വെയർ പ്രകാരമുള്ള സ്ഥിര ആസ്തികളുടെ മൂല്യം കൃത്യമല്ല.

<u>പൗരാവകാശ രേഖ, സേവനാവകാശ രേഖ</u>

പൗരാവകാശ രേഖ, സേവനാവകാശ രേഖ എന്നിവ തയ്യാറാക്കി പുതുക്കി പോരുന്നില്ല.

<u>മാലിന്യ സംസ്കരണം</u>

നഗരസഭയിൽ മാലിന്യ പ്ലാന്റ് പ്രവർത്തിക്കുന്നുണ്ടെങ്കിലും ശാസ്ത്രീയമായ മാലിന്യ സംസ്കരണ സംവിധാനം നിലവിലില്ല. വിവിധ കേന്ദ്ര ചട്ടങ്ങളും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളും കണക്കിലെടുത്ത് മാലിന്യം നിയന്ത്രണം കാര്യക്ഷമമാക്കുവാൻ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഉണ്ടാകേണ്ടതാണ്.

<u>മറ്റ് വിഷയങ്ങൾ</u>

വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് കീഴിലുള്ള സെക്ഷനുകളിലെ ജീവനക്കാരുടെ ഏകോപനം ഉറപ്പാക്കുവാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഇടപെടേണ്ടതും ഫയലുകളിൽ എല്ലാ രേഖകളും ഉണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.

നഗരസഭയായി മാറ്റപ്പെട്ട പട്ടാമ്പി നഗരസഭയിൽ നിലവിലുള്ള ജീവനക്കാരുടെ കുറവും ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തതയും ഉചിതമായ രീതിയിൽ സർക്കാരിന്റെ ശ്രദ്ധയിൽക്കൊണ്ടുവന്ന് പരിഹാരം തേടാവുന്നതാണെന്ന് അഭിപ്രായപ്പെടുന്നു.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ക്രമ നം. | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | നഗരസഭ ആയതിനുശേഷം ഓഡിറ്റ് നടന്നിട്ടില്ല | | |
| **2** | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.01.2018മുതൽ 06.02.2018വരെ | 2013-14 മുതൽ 2016-17 വരെ | LBA(HQ)IV/8A-2777/410 dt 12.04.2018 |

# 1-12 വാർഷിക കണക്കുകകളിലെ അപാകതകൾ (ഓഡിറ്റ് സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത, അക്കൗണ്ട്സുമായി ബന്ധപ്പെട്ട മറ്റ് പരാമർശങ്ങൾ)

ഒന്നുമില്ല

# <u>ഭാഗം -2</u>

# <u>വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

# 2-1 വസ്തുനികുതി നിർണ്ണയവും പരിഷ്കരണവും പൂർത്തീകരിക്കേണ്ടതാണ്

പട്ടാമ്പി ഗ്രാമപഞ്ചായത്തിന്റെ 16 വാർഡുകൾ 28 ഡിവിഷനുകളായി ഉയർത്തിയാണ് 1-11-2015 -ൽ പട്ടാമ്പി നഗരസഭ രൂപീകൃതമായത്. നഗരസഭയായി മാറിയ ശേഷമുള്ള വസ്തുനികുതി നിർണ്ണയം, വസ്തുനികുതി പിരിവ് എന്നിവയിലെ കാര്യക്ഷമത, വസ്തുനികുതി പരിഷ്കരണത്തിന്റെ

പുരോഗതി, സഞ്ചയ സോഫ്റ്റ്‌വെയറിലെ ഡാറ്റയുടെ കൃത്യത എന്നിവ പരിശോധിക്കാനാണ് ഓഡിറ്റിൽ ലക്ഷ്യമിട്ടത്. രേഖകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട പ്രധാന നിരീക്ഷണങ്ങളും നിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു.

**1. നഗരസഭ ആയതിനു ശേഷവും പ്രധാന രജിസ്റ്ററുകൾ പുതുക്കി സൂക്ഷിച്ചിട്ടില്ല**

വാർഡുകളുടെ എണ്ണം 16 ൽ നിന്ന് 28 ആക്കിയിട്ടും പട്ടാമ്പി ഗ്രാമപഞ്ചായത്തിലെ 16 വാർഡുകളിലെ കെട്ടിടങ്ങളുടെ വിവരം നഗരസഭയുടെ കണക്കിൽ ഉൾപ്പെടുത്തിയാണ് നിലവിലും വസ്തുനികുതി നിർണ്ണയിച്ച് കെട്ടിട നമ്പർ അനുവദിക്കുന്നത്. ഗ്രാമപഞ്ചായത്തായിരുന്ന വേളയിലെ 16 വാർഡുകളുടെ നികുതി നിർണ്ണയ രജിസ്റ്ററാണ് തുടർന്നുവരുന്നത്. രജിസ്റ്ററുകൾ അപൂർണ്ണമാണ്. 2017-18 വർഷം പുതിയതായി വസ്തുനികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങളുടെ വിവരങ്ങളടങ്ങുന്ന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. സഞ്ചയയിലും പ്രസ്തുത വിവരം ഉൾപ്പെടുത്തിയിട്ടില്ല. നികുതി ഒഴിവാക്കൽ, വേക്കൻസി റെമിഷൻ എന്നിവയെ സംബന്ധിക്കുന്ന രജിസ്റ്ററുകളും സൂക്ഷിച്ചിട്ടില്ല. സഞ്ചയ സോഫ്റ്റ്‌വെയറിൽ എല്ലാ കെട്ടിടങ്ങളുടേയും വിവരങ്ങൾ ചേർക്കാത്തതിനാൽ മാന്വലായോ സോഫ്റ്റ്‌വെയർ മുഖേനയോ കൃത്യമായ വിവരങ്ങൾ ലഭ്യമല്ലാത്ത സ്ഥിതിയാണുള്ളത്.

**2. വാർഷിക ധനകാര്യ പത്രികയിലെ വസ്തുനികുതി ഡിമാന്റ് കൃത്യത ഉറപ്പാക്കാനായിട്ടില്ല**

2016-17 വർഷത്തെ വാർഷിക കണക്കുകൾ പ്രകാരം പിരിച്ചെടുക്കാനുള്ള വസ്തുനികുതി കുടിശ്ശിക 1985720/- രൂപയായിരുന്നു. 2017-18 വാർഷിക കണക്കുകൾ പ്രകാരം തൻവർഷ ഡിമാന്റ് 9427991/- രൂപയുമുൾപ്പെടെ ആകെ 11413711/- രൂപയാണ് ഡിമാന്റ് ആയി കാണിച്ചിട്ടുള്ളത്. വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ, അരിയർ ഡിമാന്റ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ലാത്തതിനാലും സഞ്ചയ സോഫ്റ്റ്‌വെയറിലെ വിവരങ്ങൾ പൂർണ്ണമല്ലാത്തതിനാലും വാർഷിക ധനകാര്യ പത്രികയിലെ വസ്തുനികുതി സംബന്ധിച്ച കണക്കുകളുടെ കൃത്യത ഉറപ്പാക്കാൻ കഴിഞ്ഞില്ല.

**3. നഗരസഭാ നിരക്കിൽ വസ്തുനികുതി പരിഷ്കരണം പൂർത്തീകരിച്ചിട്ടില്ല**

സ.ഉ(സാധാ)നം.3655/2015/എൽ.എസ്.ജി.ഡി തിയതി 5-12-2015 പ്രകാരം പുതിയതായി രൂപീകരിക്കപ്പെട്ട നഗരസഭകളുടെ കാര്യത്തിൽ പഞ്ചായത്ത്, മുനിസിപ്പൽ നികുതി നിരക്കുകൾ വ്യത്യസ്തമായതിനാൽ പഴയ കെട്ടിടങ്ങൾക്ക് 2015-16 വർഷം നിലവിലുണ്ടായിരുന്ന നികുതി നിരക്ക് 31-3-2016 വരെ ഈടാക്കാവുന്നതാണെന്നും 1-11-2015 മുതൽ പുതുതായി അസസ്സ്മെന്റ് നടത്തുമ്പോൾ വസ്തു നികുതി 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം നിശ്ചയിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, 4.06.2013 ലെ സ.ഉ (എം.എസ്) നം 210/2013/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് എന്നിവ അനുസരിച്ച് വസ്തു നികുതി പുനർ നിർണ്ണയം പഞ്ചായത്ത് തലത്തിൽ നടത്തിയിരുന്നു. 1.11.2015 മുതൽ നഗരസഭയായി മാറിയ ശേഷം 2017-18 വർഷം വരെയും നികുതി നിരക്കിൽ മാറ്റം വരുത്തിയിരുന്നില്ല. ഗ്രാമപഞ്ചായത്തായിരുന്ന വേളയിലെ വസ്തുനികുതിയുടെ നിരക്കുകൾ, 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ 233 (2), (5) എന്നീ വകുപ്പുകൾ പ്രകാരം 14.01.2011-ലെ സ.ഉ(അ)17/2011/തസ്വഭവ നമ്പരായി സർക്കാർ വിജ്ഞാപനം ചെയ്ത മുനിസിപ്പൽ കൗൺസിലുകളുടെ അടിസ്ഥാന വസ്തു നികുതി നിരക്കുകളുടെ പരിധിക്കകത്തായതിനാൽ പഴയ നികുതി നിരക്കുകൾ തുടരുന്നതിന് കൗൺസിലിന്റെ 29.10.2018 ലെ 24-ാം നം തീരുമാനം പ്രകാരം തീരുമാനിച്ചിട്ടുണ്ട്. ആയതിൽ അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ഓഡിറ്റോറിയം, സിനിമാ തീയേറ്റർ, കല്യാണമണ്ഡപം, ലോഡ്ജ് എന്നിവയ്ക്കുള്ള അടിസ്ഥാന വസ്തുനികുതി 40 ൽ നിന്നും 50 രൂപയായി ഉയർത്തിയിരുന്നുവെങ്കിലും സഞ്ചയ സോഫ്റ്റ്‌വെയറിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുകയോ കുടിശ്ശിക കണക്കാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

**4. സഞ്ചയ സോഫ്റ്റ്‌വെയർ ഡാറ്റയുടെ കൃത്യത ഉറപ്പാക്കിയിട്ടില്ല**

നഗരസഭയായി മാറിയതിനു ശേഷമുള്ള പുതിയ കെട്ടിടങ്ങളുടെ വിവരങ്ങൾ മുഴുവനായും സഞ്ചയ സോഫ്റ്റ്‌വെയറിൽ ഡാറ്റാ എൻട്രി വരുത്തിയിട്ടില്ല. ഓഡിറ്റിന് സമർപ്പിച്ച രേഖകൾ പ്രകാരം നഗരസഭയിലാകെ 28 വാർഡുകളിലായി 10833 കെട്ടിടങ്ങളാണുള്ളത്. അതിൽ 26 വാർഡുകളിലെ 8623 കെട്ടിടങ്ങളുടെ വിവരം സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും 2210 കെട്ടിടങ്ങളുടെ വിവരങ്ങളുടെ ഡാറ്റാ എൻട്രി നടത്തുവാനുണ്ട്. 2013ലെ വസ്തുനികുതി നിർണ്ണയം പ്രകാരം ഗ്രാമപഞ്ചായത്തിലെ 14923 കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിരുന്നുവെങ്കിലും നിലവിൽ കെട്ടിടങ്ങളുടെ എണ്ണത്തിൽ കുറവുണ്ടായത് വസ്തു നികുതി നിർണ്ണയസംവിധാനത്തിലെ അപാകതയ്ക്ക് ഉദാഹരണമാണ്. നഗരസഭാ പ്രദേശത്തെ മുഴുവൻ കെട്ടിടങ്ങളുടെയും വിവരങ്ങൾ ഫോറം 2 മുഖേന ശേഖരിക്കുകയോ ഫോറം 6 പ്രകാരം കൃത്യത ഉറപ്പാക്കുകയോ ചെയ്തിട്ടില്ലെന്ന് വ്യക്തമാണ്. ഡാറ്റാ എൻട്രി പൂർത്തീകരിക്കാത്തതിനാൽ നാളിതുവരെ **സഞ്ചയ**, ഓൺലൈൻ ആയി അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയറായ സാംഖ്യയുമായി ബന്ധിപ്പിക്കാനായിട്ടില്ല.

**5. പുതിയ കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിലെ അപാകതകൾ**

2017-18 വർഷം പുതിയതായി നമ്പർ അനുവദിച്ച കെട്ടിടങ്ങളുടെ നികുതി സഞ്ചയ സോഫ്റ്റ്‌വെയറിലെ ഫോറം 6 മുഖേനയല്ല കണക്കാക്കിയിരിക്കുന്നത്. നിലവിൽ പുതിയ കെട്ടിടങ്ങളുടെ നികുതി മാന്വൽ ആയി റവന്യൂ സെക്ഷനിൽ നിന്നും കണക്കാക്കി ഫ്രണ്ട് ഓഫീസ് മുഖേന ഈടാക്കുകയാണ് ചെയ്യുന്നത്. ഫോറം 6 ന്റെ അടിസ്ഥാനത്തിൽ സഞ്ചയ മുഖേന വസ്തു നികുതി കണക്കാക്കാത്തതിനാൽ വസ്തു നികുതി നിർണ്ണയത്തിൽ സഞ്ചയയുടെ പ്രസക്തി ഇല്ലാത്ത സ്ഥതിയാണുള്ളത്. ആദ്യം മാന്വലായി കണക്കാക്കി നികുതി ഈടാക്കി പിന്നീട് സഞ്ചയയിൽ ഡാറ്റാ എൻട്രി നടത്തുന്നതിനാൽ മാന്വലായി കണക്കാക്കിയതും സഞ്ചയ കണക്കാക്കുന്നതും തമ്മിൽ വ്യത്യാസം സംഭവിക്കുന്നുണ്ട്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | ഫയൽ പ്രകാരം | | | സഞ്ചയ പ്രകാരം | | |
|---|---|---|---|---|---|---|---|
| | | BT | LC | ST | BT | LC | ST |
| 1 | 10/187(1) | 1200 | 60 | 216 | 900 | 45 | 135 |
| 2 | 8/144(1) | 219 | 11 | 22 | 1877 | 94 | 188 |
| 3 | 4/9(4) | 6544 | 328 | 982 | 6888 | 345 | 1240 |
| 4 | 4/9(5) | 6804 | 341 | 1225 | 6464 | 324 | 970 |

**6. സേവന ഉപനികുതി തെറ്റായി കണക്കാക്കിയിരിക്കുന്നു**

പട്ടാമ്പി മുനിസിപ്പാലിറ്റി ഗ്രാമപഞ്ചായത്തായിരുന്ന വേളയിൽ വസ്തു നികുതിയുടെ 15% സേവന ഉപനികുതിയായി ഈടാക്കിയിരുന്നു. മുനിസിപ്പാലിറ്റിയായ ശേഷം ശുചിത്വം- 4%, തെരുവുവിളക്ക്- 2%, ജലവിതരണം- 3%, ഡ്രെയിനേജ്- 1% എന്നിങ്ങനെ ആകെ 10% നിരക്കിലാണ് ഈടാക്കിവരുന്നതെന്നാണ് ഓഡിറ്റിനെ അറിയിച്ചിട്ടുള്ളത്. 2017-18 വർഷം നികുതി നിർണ്ണയിച്ച ചില കെട്ടിടങ്ങൾക്ക് 18% നിരക്കിൽ സേവന ഉപനികുതി ചുമത്തിയിരിക്കുന്നു. അവയിൽ ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | നിർണ്ണയിച്ചിരിക്കുന്ന അടിസ്ഥാന വസ്തുനികുതി | സേവന ഉപനികുതി ഫയൽ പ്രകാരം | ഈടാക്കിയതിന്റെ ശതമാനം |
|---|---|---|---|---|
| 1 | 4/9(1) | 6552 | 1180 | 18% |
| 2 | 4/9(2) | 6552 | 1180 | 18% |
| 3 | 4/9(4) | 6888 | 1240 | 18% |
| 4 | 3/391(1) | 1666 | 299 | 18% |

ഓഡിറ്റ് അന്വേഷണം നം.3/17.12.2018-ന് കെട്ടിടങ്ങളുടെ നമ്പരിടൽ, ഡാറ്റാ എൻട്രി എന്നിവ ഉടനടി പൂർത്തികരിക്കുന്നതാണെന്നും പൂർത്തിയാക്കുന്ന മുറയ്ക്ക് ഡിമാന്റ് രജിസ്റ്ററുകൾ എന്നിവ തയ്യാറാക്കുന്നതാണെന്നും സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഐ.കെ.എം ന് കത്ത് നൽകയിട്ടുണ്ടെന്നും നികുതി നിർണ്ണയത്തിലെ പിഴവുകൾ തിരുത്തുന്നതാണെന്നും നികുതി ഒഴിവാക്കൽ, വേക്കൻസി റെമിഷൻ തുടങ്ങിയ രജിസ്റ്ററുകൾ 2018-19 വർഷം മുതൽ സൂക്ഷിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

**ഓഡിറ്റ് നിർദ്ദേശങ്ങൾ**

1. നഗരസഭയിലെ 28 ഡിവിഷനുകളിലെ മുഴുവൻ കെട്ടിടങ്ങളുടെയും വിവരശേഖരണം പൂർത്തിയാക്കി ഡാറ്റാ എൻട്രി നടത്തേണ്ടതാണ്.
2. വസ്തുനികുതി സംബന്ധിച്ച ഡിമാന്റ്, അരിയർ ഡിമാന്റ് രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതും ഡിമാന്റിന്റെ കൃത്യത ഉറപ്പാക്കേണ്ടതുമാണ്.
3.വേക്കൻസി റെമിഷൻ, നികുതി ഒഴിവാക്കൽ എന്നിവയെ സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.
4. സഞ്ചയ സോഫ്റ്റ്‌വെയറിൽ ഡാറ്റാ എൻട്രി പൂർത്തിയായ, നഗരസഭയായതു മുതൽ നികുതി നിർണ്ണയം നടത്തിയ മുഴുവൻ കെട്ടിടങ്ങളുടെയും വിവരങ്ങൾ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതും തെറ്റുകൾ തിരുത്തേണ്ടതുമാണ്.
5. സേവന ഉപനികുതി കണക്കാക്കിയത് 10% നിരക്കിലാണെന്ന് ഉറപ്പുവരുത്തേണ്ടതും തെറ്റായി കണക്കാക്കിയത് തിരുത്തേണ്ടതുമാണ്.
6. വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി വർദ്ധനവ് ഉണ്ടായ കെട്ടിടങ്ങളുടെ കുടിശ്ശിക ഡിമാന്റ് തയ്യാറാക്കി പിരിച്ചെടുക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.
7. സാങ്കേതിക പ്രശ്നങ്ങൾ ഐ.കെ.എം -ന്റെ സഹായത്തോടെ പരിഹരിക്കേണ്ടതാണ്.
8. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും പ്രത്യേക ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാവേണ്ടതാണ്.

അപാകതകൾ പരിഹരിക്കുന്നതിനായി സ്വീകരിച്ച തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 2-2 അനധികൃത മൊബൈൽ ടവറുകൾ ഉടമകൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിച്ച് വസ്തുനികുതി ഈടാക്കേണ്ടതാണ്

**1. മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്**

പട്ടാമ്പി നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുന്നതിലെ കാര്യക്ഷമത വിലയിരുത്തുന്നതിന്റെ ഭാഗമായി വസ്തുനികുതി നിർണ്ണയ രജിസ്റ്റർ സഞ്ചയ) പരിശോധിച്ചതിൽ 3 ടവറുകൾക്ക് മാത്രമാണ് നികുതി നിർണ്ണയിച്ചിരിക്കുന്നതെന്ന് കണ്ടെത്തി. സ.ഉ(അച്ചടി)നം. 17/2011/ത.സ്വ.ഭ.വ തിയതി 14.01.2011 പ്രകാരം മൊബൈൽ ടെലിഫോൺ ടവറിന് നിർണ്ണയിക്കപ്പെട്ടിരിക്കുന്ന അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്ര മീറ്ററിന് 500 രൂപയാണ്. വസ്തു നികുതി നിർണ്ണയ രേഖകൾ പ്രകാരം നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ വിശദാംശങ്ങളും നിലവിലുള്ള നികുതി കുടിശ്ശിക വിവരങ്ങളും ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് / കെട്ടിട നം. | ടവർ നടത്തുന്ന ഏജൻസിയുടെ പേര്, വിലാസം | വസ്തുനികുതി കുടിശ്ശിക | കുടിശ്ശിക പ്രബല്യം |
|---|---|---|---|---|
| 1 | 7/177 | എം.എൻ.മധു, റിലയൻസ് ഇൻഫോകോം | 40721 | 2013-14 മുതൽ 2017-18 വരെ |
| 2 | 7/178 | ടാറ്റാ ടെലി സർവ്വീസ്, മേലെ പട്ടാമ്പി | 91771 | 2013-14 മുതൽ 2017-18 വരെ |
| | | ആകെ | 132492 | |

**2. അനധികൃതമായി നിർമ്മിച്ച് പ്രവർത്തിക്കുന്ന മൊബൈൽ ടവറുകൾ ഉടമകൾക്കെതിരെ നടപടി സ്വീകരിക്കേണ്ടതാണ്**

1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 130 പ്രകാരം വാർത്താവിനിമയ ഗോപുരങ്ങൾ നിർമ്മിക്കുന്നതിനോ പുനർനിർമ്മിക്കുന്നതിനോ മാറ്റങ്ങൾ വരുത്തുന്നതിനോ മുൻപ് സെക്രട്ടറിയിൽ നിന്ന് ഓരോന്നിനും പ്രത്യേകം പെർമിറ്റ് ലഭ്യമാക്കേണ്ടതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ അനധികൃതമായി സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്ന മൊബൈൽ ടവറുകളുടെ വിവരം ശേഖരിക്കുന്നതിന് ഒരു സ്പെഷ്യൽ ഡ്രൈവ് നടത്തണമെന്നും, അനധികൃതമായി പ്രവർത്തിക്കുന്നതായി കണ്ടെത്തുന്ന ടവറുകളുടെ പെർമിറ്റ്

ഫീസും, കുടിശ്ശിക ഉൾപ്പെടെയുള്ള വസ്തുനികുതിയും ഈടാക്കണമെന്നും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 19.10.2014-ലെ 40395/ ആർ.സി.2/2014/ത.സ്വ.ഭ.വ നമ്പർ സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്. കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 1999, ചട്ടം 143 പ്രകാരം സെക്രട്ടറിക്ക് ക്രമവൽക്കരിക്കുവാൻ കഴിയാത്ത നിർമ്മാണങ്ങളുടെ കാര്യത്തിൽ 15.02.2018 തിയ്യതിയിലെ സ.ഉ(അ)നം. 11/2018/ തസ്വഭവ (എസ്.ആർ.ഒ നം 95/2018) പ്രകാരം നിലവിൽ വന്ന കേരള മുനിസിപ്പാലിറ്റി കെട്ടിടങ്ങൾ(അനധികൃത നിർമ്മാണങ്ങളുടെ ക്രമവൽകരണം)ചട്ടങ്ങൾ, 2018 പ്രകാരം ടെലികമ്മ്യൂണിക്കേഷൻ ടവറുകൾ ക്രമവൽക്കരിക്കുന്നതിനുള്ള അപേക്ഷാ ഫീസ് 7000/- രൂപയും കോമ്പൗണ്ടിങ്ങ് ഫീസ് 150000/- രൂപയുമാണ്.

കെട്ടിട നിർമ്മാണ പെർമിറ്റ്, വസ്തുനികുതി നിർണ്ണയ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ മേൽ 2.2(1) പട്ടികയിൽ പ്രസ്താവിച്ച 3 ടവറുകൾക്ക് മാത്രമാണ് വസ്തുനികുതി നിർണ്ണയം നടത്തിയതായി കാണുന്നത്. നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ ഉൾപ്പെടെയുള്ള ഏജൻസികളുടെ ടവറുകൾക്ക് പെർമിറ്റ് എടുത്തതായോ വസ്തുനികുതി നിർണ്ണയം നടത്തിയതായോ കാണാനായില്ല. മൊബൈൽ ടവറുകളെ സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന മൊബൈൽ ടവറുകൾ അനധികൃതമായി പ്രവർത്തിച്ചുവരുന്നവയാണെന്ന് കണ്ടെത്തി.

| ക്രമ നം. | കമ്പനിയുടെ പേര് | ഉടമയുടെ പേരും വിലാസവും |
|---|---|---|
| 1 | ടാറ്റ ടെലി സർവീസസ് | റെറ്റി ജോസ് & ഡോ. ജോസ്, സർവേ നം. 5/21, നേതിരിമംഗലം, മേലേ പട്ടാമ്പി |
| 2 | റിലയൻസ് | റെറ്റി ജോസ് & ഡോ. ജോസ്, സർവേ നം. 5/21, നേതിരിമംഗലം, മേലേ പട്ടാമ്പി |
| 3 | വോഡഫോൺ (ഇൻഡസ്) | ഇന്ദിരാ ദേവി, സുദർശന, മേലേ പട്ടാമ്പി |
| 4 | ഭാരതി എയർടെൽ | മൂസ, പാലത്തിങ്കൽ, മേലേ പട്ടാമ്പി |

ഓഡിറ്റ് അന്വേഷണം നം.13/18.12.2018-ന് മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കുന്നതിന് ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ടെന്നും അനധികൃത മൊബൈൽ ടവറുകളുടെ നികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണെന്ന് മറുപടി നൽകിയിട്ടുണ്ട്.
അനധികൃത മൊബൈൽ ടവറുകളുടെ നിർമ്മാണം അടിയന്തിരമായി ക്രമവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർമ്മാണ ചട്ടങ്ങൾ പ്രകാരമുള്ള നിയമ നടപടികൾ സ്വീകരിക്കേണ്ടതാണ്.
തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 2-3 ഒക്യുപൻസി തെറ്റായി കണക്കിലെടുത്ത് വസ്തുനികുതി നിർണ്ണയിച്ചത് ക്രമീകരിക്കേണ്ടതാണ്

എ1-ബിഎ (25428)/2017 തിയ്യതി 01.06.2017 പ്രകാരം ശ്രീമതി.സിന്ധു ദിനേഷ് കുമാർ, D/o വിജയാനന്ദൻ, മേലേടത്ത് വീട്, പട്ടാമ്പി എന്നവർക്ക് നിലവിലുള്ള 644.11 ച.മീ കെട്ടിടത്തിന് അനുബന്ധമായി 136.52 ച.മീ പാർപ്പിടാവശ്യത്തിനുള്ള കെട്ടിടം നിർമ്മിക്കുന്നതിന് പെർമിറ്റ് അനുവദിച്ചിരുന്നു. നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടത്തിന് 02.2.2018-ൽ പാർപ്പിടാവശ്യത്തിന് ഒക്യുപൻസി അനുവദിച്ചിട്ടുണ്ട്. പാർപ്പിടാവശ്യത്തിനുള്ള റസിഡൻഷ്യൽ കെട്ടിടത്തിന്റെ പൂർത്തീകരണ പ്ലാൻ ആണ് സമർപ്പിച്ചിരിക്കുന്നത്. നികുതി നിർണ്ണയം നടത്തിയപ്പോൾ 100 ച.മീറ്ററിനു മുകളിൽ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൗൺ എന്ന ഗണത്തിൽപ്പെടുത്തി ചതുരശ്ര മീറ്ററിന് 70 രൂപ നിരക്കിൽ നികുതി ചുമത്തിയാണ് 16/281(1) എന്ന കെട്ടിട നമ്പർ അനുവദിച്ചിരിക്കുന്നത് (BT-8600, LC-860, ST-430). പാർപ്പിടാവശ്യത്തിനു അനുവദിച്ച പെർമിറ്റ് പ്രകാരം നിർമ്മാണം പൂർത്തിയാക്കുകയും ഒക്യുപൻസി അനുവദിക്കുകയും ചെയ്ത കെട്ടിടത്തിന് വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചത് ക്രമപ്രകാരമല്ലെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു.
ഇതിന്മേൽ അന്വേഷണം നടത്തി ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതാണ്.
തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണം നം. 19/20.12.2018)

# 2-4 തൊഴിൽ നികുതി പിരിവിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്

1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം, വകുപ്പ് 245 പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുകയോ തൊഴിലെടുക്കുകയോ ചെയ്യുന്ന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന സ്ഥാപനത്തിന്റെയോ വ്യക്തിയുടെയോ മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാകുന്നു. പട്ടാമ്പി നഗരസഭയിലെ തൊഴിൽ നികുതി പിരിവിന്റെ കാര്യക്ഷമത വിലയിരുത്തുന്നതിന്റെ ഭാഗമായി തൊഴിൽ നികുതി റിട്ടേണുകൾ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

<u>1. തൊഴിൽനികുതി ഒടുക്കാൻ ബാധ്യസ്ഥമായ ഓഫീസുകളുടെയും സ്ഥാപനങ്ങളുടെയും വിവരങ്ങൾ ആവശ്യപ്പെട്ട് നോട്ടീസ് നൽകിയിട്ടില്ല</u>

2005-ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽനികുതി) ചട്ടങ്ങൾ, ചട്ടം 8 പ്രകാരം സെക്രട്ടറി, ഓരോ വർഷവും ഏപ്രിൽ മാസത്തിൽ ഓരോ ഓഫീസ് മേധാവിക്കും അല്ലെങ്കിൽ തൊഴിൽനികുതി ഈടാക്കാൻ ബാധ്യസ്ഥനായ ഏതൊരാൾക്കും അവരുടെ നിയന്ത്രണത്തിൻ കീഴിലുള്ള ഓഫീസുകളുടെയോ സ്ഥാപനങ്ങളുടെയോ പേരുകളും മേൽവിലാസവും ആവശ്യപ്പെട്ടുകൊണ്ട് V-ാം നമ്പർ ഫോറത്തിൽ നോട്ടീസ് നൽകേണ്ടതാണ്.

ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പ്രകാരം ചട്ടം 8 ന് അനുസൃതമായി നോട്ടീസ് നൽകിയിട്ടില്ല.

**2. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല**

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 257, 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽനികുതി) ചട്ടങ്ങൾ, ചട്ടം 10 എന്നിവ പ്രകാരം സെക്രട്ടറി, ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഒരു ഡിമാന്റ് രജിസ്റ്റർ, ഒന്നോ അതിലധികമോ വർഷത്തേക്കായി സൂക്ഷിക്കേണ്ടതാണ്. എന്നാൽ നഗരസഭാ പരിധിയിലെ സ്ഥാപനങ്ങളുടെ പേര്, ജീവനക്കാരുടെ എണ്ണം എന്നിവ രേഖപ്പെടുത്തിയ ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

**3. ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല**

കേരള മുനിസിപ്പാലിറ്റി (തൊഴിൽനികുതി) ചട്ടങ്ങൾ 2005, ചട്ടം 9 പ്രകാരം സെക്രട്ടറി, ഓരോ അർദ്ധവർഷവും മെയ് മാസത്തിലും നവംബർ മാസത്തിലും പഞ്ചായത്ത് പരിധിയിലെ ഏതൊരു ഓഫീസ് മേധാവിയോടും തൊഴിലുടമയോടും തന്റെ സ്ഥാപനത്തിലെ തൊഴിൽനികുതി നൽകാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരുടെയും തൊഴിൽനികുതി തിട്ടപ്പെടുത്തുവാനും സത്യപ്രസ്താവനയോടുകൂടി അടക്കുവാനും ആവശ്യപ്പെട്ട് VI-ാം നമ്പർ ഫാറത്തിലുള്ള നോട്ടീസ് നൽകേണ്ടതാണ്.
ഫയൽ പരിശോധിച്ചതിൽ ഒന്നാം അർദ്ധവർഷം 205 സ്ഥാപനങ്ങളുടെയും രണ്ടാം അർദ്ധവർഷം 228 സ്ഥാപനങ്ങളുടെയും ലിസ്റ്റ് തയ്യാറാക്കി ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ട്. സാംഖ്യ സോഫ്റ്റ്‌വെയറിലെ രശീതി വിവരങ്ങൾ പരിശോധിച്ചതിൽ ഒന്നാം അർദ്ധവർഷം 164 സ്ഥാപനങ്ങളിൽ നിന്നായി 1743280/- രൂപയും രണ്ടാം അർദ്ധവർഷം 239 സ്ഥാപനങ്ങളിൽ നിന്നായി 1915362/- രൂപയുമുൾപ്പെടെ ആകെ 3658642/- രൂപയാണ് ഈടാക്കിയിട്ടുള്ളത്.
ഡിമാന്റ് നോട്ടീസ് നൽകിയ മുഴുവൻ സ്ഥാപനങ്ങളും ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കിയിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. ഇത് സംബന്ധിച്ച രജിസ്റ്റർ പൂർണ്ണമല്ലാത്തതിനാൽ വിവരങ്ങളുടെ കൃത്യത ഉറപ്പാക്കാനായിട്ടില്ല. ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ ഏതാനും സ്ഥാപനങ്ങളുടെ പേരുകൾ ചുവടെ ചേർക്കുന്നു

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ക്രമ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|---|---|
| 1 | സ്റ്റൈ വെഡ്ഡിംഗ് സെന്റർ | 11 | ലെമെന്റ് കോളേജ് |
| 2 | ലാമിയ സിൽക്സ് | 12 | റോയൽ എൻഫീൽഡ് ഷോറൂം |
| 3 | സന സിൽക്സ് | 13 | റൂബിക്സ് ഫർണീച്ചർ |
| 4 | സന ഹോം അപ്ലയൻസസ് | 14 | ട്രീറ്റ് ലാന്റ് ഹോട്ടൽ |
| 5 | യൂണിവൈസ് ഹൈപ്പർ മാർക്കറ്റ് | 15 | ലെമെന്റ് കോളേജ് |
| 6 | ബ്യൂട്ടി സിൽക്സ് | 16 | പ്രഭാത് കോളേജ് |
| 7 | പി എ കെ ടെക്സ്റ്റൈൽസ് | 17 | ചിത്തിര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ ടെക്നോളജി |
| 8 | എ എം മോട്ടോർസ് | 18 | കാഡ് സെന്റർ, പട്ടാമ്പി |
| 9 | കെ.എച്ച് ഹോം അപ്ലയൻസസ് | 19 | ബ്ലൂ-ചിപ്പ് ഇന്റർനാഷണൽ എഡ്യുക്കേഷൻ സെന്റർ |
| 10 | കെ.എച്ച് ലൈറ്റിംഗ്സ് & ഇലക്ട്രിക്കൽസ് | 20 | പെട്രോൾ പമ്പുകൾ |

**3. വ്യാപാരികളുടെ/സ്ഥാപനങ്ങളുടെ തൊഴിൽ നികുതി - ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല**

കേരള മുനിസിപ്പാലിറ്റി (തൊഴിൽനികുതി) ചട്ടങ്ങൾ 2005, ചട്ടം 4(3) പ്രകാരം തൊഴിൽ നികുതി നിർണ്ണയിക്കുന്നതിലേക്കായി നിക്ഷേപങ്ങളിൽ നിന്ന് വരുമാനം ലഭിക്കുന്നവർ, സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, കമ്പനികൾ, ബിസിനസ്സ് നടത്തുന്നവർ എന്നിവരോട്, അതത് സംഗതി പോലെ, തങ്ങളുടെ അർദ്ധവർഷിക വരുമാനം തൊഴിൽ അല്ലെങ്കിൽ ബിസിനസ് സംബന്ധിച്ച് വിവരങ്ങളടങ്ങിയ റിട്ടേണുകൾ VI-ാം നമ്പർ ഫോറത്തിൽ സത്യപ്രസ്താവന സഹിതം ഓരോ വർഷവും സെപ്തംബർ 30 നും മാർച്ച് 31 നും മുമ്പായി സമർപ്പിക്കാൻ സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. നഗരസഭാ പ്രദേശത്ത് എത്ര ഡിമാന്റ് നോട്ടീസുകളാണ് വിതരണം ചെയ്തതെന്നോ എത്ര ഈടാക്കിയെന്നോ ഉള്ള വിവരങ്ങൾ രജിസ്റ്ററിൽ നിന്ന് ലഭ്യമല്ല. രജിസ്റ്ററിൽ സംക്ഷിപ്തം എഴുതി സൂക്ഷിച്ചിട്ടില്ല.

ഇവ സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 16/19.12.18 ന് ഡിമാന്റ് രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിക്കുന്നതാണെന്നും സ്ഥാപനങ്ങളുടെയും ജീവനക്കാരുടെയും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

**ഓഡിറ്റ് നിർദ്ദേശങ്ങൾ**

1. തൊഴിൽനികുതി ഒടുക്കാൻ ബാധ്യസ്ഥനായ ഏതൊരാൾക്കും അവരുടെ നിയന്ത്രണത്തിൻ കീഴിലുള്ള ഓഫീസുകളുടെയോ സ്ഥാപനങ്ങളുടെയോ പേരുകളും മേൽവിലാസവും ആവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകേണ്ടതാണ്.

2. ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

3. നഗരസഭാ പ്രദേശത്തെ എല്ലാ സ്ഥാപനങ്ങൾക്കും തൊഴിൽനികുതി റിട്ടേണുകൾ സമർപ്പിക്കാനാവശ്യപ്പെട്ട് യഥാസമയം നോട്ടീസ് നൽകേണ്ടതും നികുതി പിരിവിന്റെ കൃത്യത ഉറപ്പാക്കേണ്ടതുമാണ്.

4. സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, കമ്പനികൾ, ബിസിനസ്സ് നടത്തുന്നവർ എന്നിവരോടും നഗരസഭാ പ്രദേശത്ത് 60 ദിവസത്തിലധികം തൊഴിലെടുക്കുന്ന കരാറുകാർ, അഡ്വക്കേറ്റ്സ്, ഡോക്ടർമാർ തുടങ്ങിയവരിൽ നിന്നും യഥാസമയം തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതും അടവാക്കാത്ത പക്ഷം ചട്ടപ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

5. തൊഴിൽ നികുതി പിരിവിന്റെ കാര്യക്ഷമത ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യഥാസമയം വിലയിരുത്തേണ്ടതും ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്.
അപാകതകൾ പരിഹരിക്കേണ്ടതും നഗരസഭയ്ക്ക് ഈ ഇനത്തിൽ ഉണ്ടാകുന്ന റവന്യൂ നഷ്ടം തടയുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# 2-5 പുതിയ ഫിഷ് മാർക്കറ്റ് കെട്ടിടം - സ്റ്റാളുകളുടെ ലേല നടപടികളിൽ അപാകത

ഫിഷറീസ് വകുപ്പിന്റെ ധനസഹായത്തോടെ കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ നിർമ്മിച്ച് നഗരസഭയ്ക്ക് കൈമാറിയ, താഴത്തെ നിലയിൽ 25 സ്റ്റാളുകളും മുകളിലത്തെ നിലയിൽ 8 സ്റ്റാളുകളും ഫ്രീസർ മുറിയും ഉൾപ്പെടെയുള്ള മോഡേൺ ഫിഷ് മാർക്കറ്റ് കെട്ടിടം 2017 നവംബർ 15 ൽ പ്രവർത്തനമാരംഭിച്ചു. പെട്ടികൾ കയറ്റുന്നതിനും ഇറക്കുന്നതിനുമുള്ള യാർഡ്, മുകളിലത്തെ നിലയിലേക്ക് പെട്ടികൾ ഉയർത്തുന്നതിനുള്ള ലിഫ്റ്റ് എന്നീ ഭൗതിക സൗകര്യങ്ങൾ ഒരുക്കാതെയാണ് നഗരസഭയ്ക്ക് കെട്ടിടം കൈമാറിക്കിട്ടിയത്.

പച്ച മത്സ്യം, ഉണക്ക മത്സ്യം, ആട് മാംസം, മാട് മാംസം എന്നിവ വിൽക്കുന്നതിനായി സ്റ്റാളുകൾ വിഭജിച്ച് ഓരോന്നും പ്രത്യേകം ലേലം ചെയ്യുന്നതിനാണ് തീരുമാനിച്ചത്. ഈ സ്റ്റാളുകളുടെ ഏറ്റവും കുറഞ്ഞ ലേല തുകയിൽ വാടക നിശ്ചയിച്ച് നൽകാമെന്ന വ്യവസ്ഥയിൽ പഴയ മാർക്കറ്റിൽ കച്ചവടം നടത്തിയിരുന്നവരുടെ പുനരധിവാസത്തിനായി കെട്ടിടത്തിന്റെ താഴത്തെ നിലയിലെ 12 സ്റ്റാളുകൾ മാറ്റി വെച്ചതിനുശേഷമാണ് ലേല നടപടികൾ സ്വീകരിച്ചത്.

ജനറൽ വിഭാഗത്തിന് 2 ലക്ഷം രൂപയും പഴയ കച്ചവടക്കാർക്കും സംവരണ സ്റ്റാളുകൾക്കും 1 ലക്ഷം രൂപയുമാണ് ഡെപ്പോസിറ്റ് നിരക്കായി തീരുമാനിച്ചത്. കൂടാതെ താഴത്തെ നിലയിലെ ഫ്രീസർ റൂമിന് 25000/-രൂപ ഡെപ്പോസിറ്റും നിശ്ചയിച്ചു. ഇതിൻ പ്രകാരം 25.09.2017 ന് നടത്തിയ ലേലത്തിൽ രേഖപ്പെടുത്തിയ കുറഞ്ഞ നിരക്കിന് അനുസൃതമായി പച്ചമത്സ്യ സ്റ്റാളുകൾക്ക് 51600/-രൂപയും ഉണക്കമത്സ്യ സ്റ്റാളിന് 20000/- രൂപയും ആട് മാംസം വിൽക്കുന്ന സ്റ്റാളിന് 9600/- രൂപയും മാട് മാംസം വിൽക്കുന്ന സ്റ്റാളുകൾക്ക് 13000/- രൂപയും ലേലം കൊള്ളുകയും 28.09.17 ലെ 3-ാം നമ്പർ കൗൺസിൽ തീരുമാനം പ്രകാരം ലേലം അംഗീകരിക്കുകയും ചെയ്തു.

ലേലത്തിൽ പോയ ഓരോ സ്റ്റാളിന്റെയും ഡെപ്പോസിറ്റ് അഡ്വാൻസ് 26.09.17 ന് നഗരസഭയിൽ അടവാക്കിയിട്ടുണ്ട്. പഴയ മാർക്കറ്റിൽ കച്ചവടം നടത്തി വന്നവർ 15000/- രൂപ വീതവും മറ്റുള്ളവർ 25000/- രൂപ വീതവുമാണ് ഡെപ്പോസിറ്റ് അഡ്വാൻസ് അടവാക്കിയത്. പഴയ മാർക്കറ്റിൽ കച്ചവടം നടത്തിയവർ പച്ചമത്സ്യ കച്ചവടത്തിനായുള്ള സ്റ്റാളുകൾ കുറഞ്ഞ നിരക്കായ 9600/- രൂപയ്ക്ക് നൽകണമെന്ന് (ആട് മാംസം വിൽപ്പന നടത്തുന്ന സ്റ്റാളുകൾക്കുള്ള നിരക്ക്) ആവശ്യപ്പെട്ട് നഗരസഭയെ സമീപിക്കുകയും കൗൺസിൽ ഈ ആവശ്യം നിരസിക്കുകയും ചെയ്തു. ഈ ആവശ്യമുന്നയിച്ച് കോടതിയെ സമീപിച്ചതിനാൽ തുടർ നടപടികൾ നിർത്തിവയ്ക്കേണ്ടി വരികയും സ്റ്റാളുകൾ ഒഴിഞ്ഞുകിടക്കുകയും ചെയ്തു.

താഴത്തെ നിലയിലെ 3 സ്റ്റാളുകളും മുകളിലത്തെ നിലയിലെ 2 സ്റ്റാളുകളും ലേലം കൊണ്ടവർ മാത്രമാണ് എഗ്രിമെന്റ് വച്ച് പൂർണ്ണമായും ഡെപ്പോസിറ്റ് ഒടുക്കിയത്. നിരതദ്രവ്യം ഒടുക്കി ലേലം കൊള്ളുകയും എന്നാൽ സമയപരിധി കഴിഞ്ഞും കരാർ ചമക്കാതെയുമിരുന്ന സ്റ്റാളുകൾ ഒഴിയാനായി ആവശ്യപ്പെടുകയും തുടർന്ന് 14.11.2017 ന് ലേലം റദ്ദ് ചെയ്ത് നഗരസഭ അറിയിപ്പ് നൽകയും ചെയ്തിട്ടുണ്ട്. ലേലത്തിൽ എടുക്കുകയും എഗ്രിമെന്റിലേർപ്പെടാതിരിക്കുകയും ചെയ്തവരുടെ മുൻകൂർ തിരികെ നൽകുകയോ ആയത് മുനിസിപ്പൽ ഫണ്ടിലേക്ക് മുതൽക്കൂട്ടുകയോ ചെയ്തിട്ടില്ല.

താഴത്തെ നിലയിലെ 2 സ്റ്റാളുകൾ നിലവിലെ വാടകയ്ക്ക് തുടരാനാവില്ലെന്ന് കാണിച്ചും ഒന്നാം നിലയില 2 സ്റ്റാളുകൾ ലിഫ്റ്റ്, യാർഡ് എന്നീ സൗകര്യങ്ങൾ ഒരുക്കിയിട്ടില്ലെന്ന് കാണിച്ചും ഫ്രീസർ റൂമിന് സൗകര്യങ്ങൾ ഇല്ലെന്ന കാണിച്ചും വാടകക്കാർ ഒഴിയുകയുണ്ടായി. താഴെ നിലയിലെ സ്റ്റാളുകൾക്ക് 5250/- രൂപയും മുകൾ നിലയിൽ 4070/- രൂപയും അടിസ്ഥാന വാടകനിരക്കായി നിശ്ചയിച്ചാണ് പുനർലേലം ചെയ്തത്. ലേലം കൊണ്ട കൂടിയ തുക 12700/- രൂപ മാത്രമാണ്.

ആവശ്യമായ ഭൗതിക സൗകര്യങ്ങൾ ഒരുക്കാതെയും പ്രായോഗികത വിലയിരുത്താതെയും കെട്ടിടം ലേലം ചെയ്തതു മൂലം സ്റ്റാളുകൾ ഒഴിഞ്ഞു കിടക്കുകയും നഗരസഭയ്ക്ക് ലഭിക്കേണ്ടിയിരുന്ന വാടകയിനത്തിൽ നഷ്ടം സംഭവിക്കുകയും ചെയ്തതായും ഓഡിറ്റ് വിലയിരുത്തുന്നു.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 29/21.12.2018 ന് മറുപടിയായി ലേലം സംബന്ധിച്ച വിഷയം കോടതിയുടെ പരിഗണനയിലായതും ലേലസമയത്ത് പ്രദേശവാസികളായ കച്ചവടക്കാരും പുതിയതായി പങ്കെടുത്തവരും തമ്മിൽ തർക്കമുണ്ടായതിനെ തുടർന്ന് വാശിയേറിയ മത്സര ലേലം നടന്നതിനാൽ ഉയർന്ന തുകയ്ക്ക് ലേലം കൊള്ളുന്ന സാഹചര്യം ഉണ്ടായതുമാണ് സ്റ്റാളുകൾ ഒഴിഞ്ഞുകിടക്കാൻ കാരണമായതെന്നും ഭൗതിക സൗകര്യങ്ങൾ ഒരുക്കി നിലവിൽ പുനർലേലംനടത്തിയിട്ടുണ്ടെന്നും നിരതദ്രവ്യം ഒടുക്കി ലേലം കൊള്ളുകയും എന്നാൽ സമയപരിധി കഴിഞ്ഞും കരാർ ചമക്കാതെയുമിരുന്നവരുടെ അഡ്വാൻസ് തുകകൾ മുനിസിപ്പൽ ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമെന്നും മറുപടി നൽകിയിട്ടുണ്ട്.

ഒഴിഞ്ഞു കിടക്കുന്ന മുറികൾ പുനർലേലം ചെയ്ത് നഗരസഭയ്ക്ക് ലഭിക്കേണ്ട വരുമാനം നഷ്ടമാകുന്നില്ല എന്ന ഉറപ്പാക്കേണ്ടതാണ്.
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.



**മോഡേൺ ഫിഷ് മാർക്കറ്റ് കെട്ടിടം**

# 2-6 ബസ് സ്റ്റാന്റ് ഫീസ് പിരിവ് - നഗരസഭയുടെ രശീതി മുഖേന പിരിക്കേണ്ടതും തുക കാലോചിതമായി പരിഷ്കരിക്കേണ്ടതുമാണ്

പട്ടാമ്പി നഗരസഭയുടെ കീഴിലുള്ള ബസ് സ്റ്റാന്റിൽ എത്തുന്ന ബസുകളിൽ നിന്നും 2017-18 സാമ്പത്തിക വർഷത്തിൽ ഒരു ബസിന് 10 രൂപ എന്ന നിരക്കിൽ ഫീസ് പിരിക്കുന്നതിന് 25.3.17 നടത്തിയ ലേലത്തിലും 29.03.2017-ന് നടത്തിയ പുനർ ലേലത്തിലും ആരും പങ്കെടുക്കാത്തതിനാൽ മുൻവർഷത്തെ പോലെ നേരിട്ട് പിരിച്ച് പ്രതിദിനം 2500/- രൂപ നഗരസഭാ ഓഫീസിൽ അടവാക്കുന്നതിന് ദിവസം 250/- രൂപ ദിവസവേതനാടിസ്ഥാനത്തിൽ ശ്രീ. മുഹമ്മദ് ഇസാഫ് കിഴക്കേതിൽ എന്നയാളെ നിയമിക്കുന്നതിന് 31.03.17 ലെ 1(7) നമ്പർ പ്രകാരം കൗൺസിൽ തീരുമാനിച്ചിരുന്നു. 2017-18 സാമ്പത്തിക വർഷത്തിൽ ബസ് സ്റ്റാന്റ് ഫീസിനത്തിൽ പിരിച്ചെടുത്ത ആകെ 857500/- രൂപ (പ്രതിദിനം 2500 രൂപ എന്ന നിരക്കിൽ ഹർത്താൽ ദിനങ്ങളൊഴികെ) മുനിസിപ്പാലിറ്റിയിൽ അടവാക്കിയിട്ടുണ്ട്.
മുനിസിപ്പാലിറ്റിയുടെ രശീതി ഉപയോഗിക്കാതെ ഫീസ് പിരിക്കുന്നതിനാൽ ഓരോ ദിവസവും പിരിക്കുന്ന തുക എത്രയാണെന്നോ ബസ് സ്റ്റാന്റിൽ പ്രതിദിനം വന്നുപോകുന്ന ബസുകളുടെ കൃത്യമായ എണ്ണം എത്രയാണെന്നോ തുക മുഴുവൻ അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ടോ എന്നുമൊക്കെ കൃത്യമായി നിരീക്ഷിക്കുന്നതിന് സംവിധാനം നിലവിലില്ല. ഒന്നിലധികം ദിവസങ്ങളിലെ തുക ഒരുമിച്ചാണ് അടവാക്കിയിരിക്കുന്നത്. 2012 മുതലാണ് ബസ്സ് ഒന്നിന് 10 രൂപ നിരക്കിൽ പിരിച്ചുതുടങ്ങിയത്. ഫീസ് തുക കാലോചിതമായി പരിഷ്കരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 29/21.12.2018 ന് മറുപടിയായി ബസ്സ്റ്റാന്റിൽ നിന്നും ദിനംപ്രതി വന്നുപോകുന്ന ബസ്സുകളുടെ എണ്ണം കൃത്യമായി കണക്കാക്കുന്നതിനും നഗരസഭയുടെ മുദ്രപതിച്ച റസീപ്റ്റ് ഉപയോഗിച്ച് ഫീസ് പിരിക്കുന്നതിനും നിരക്ക് വർദ്ധിപ്പിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുമെന്നും മറുപടി നൽകിയിട്ടുണ്ട്.
തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 2-7 നികുതിയേതര വരുമാനം -കുടിശ്ശിക തുകകൾ പിരിച്ചെടുക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്

നഗരസഭയ്ക്ക് ലഭ്യമാകുവാനുള്ള തുകകൾ പിരിച്ചെടുക്കുന്നതിലെ കാര്യക്ഷമത പരിശോധിച്ചതിൽ, നികുതിയേതര ഇനങ്ങളിൽ ധാരാളം തുക പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നതായി കണ്ടെത്തി. 2017-18 വാർഷിക ധനകാര്യ പത്രിക പ്രകാരം വാടക, വെള്ളക്കരം എന്നിവയിൽ ഭീമമായ കുടിശ്ശിക നിലനിൽക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വിശദാംശങ്ങൾ | കുടിശ്ശിക | |
|---|---|---|
| | വാടക | വെള്ളക്കരം |
| 01.04.17-വരെ ലഭിക്കാനുണ്ടായിരുന്നത് | 2145719 | 255555 |
| തൻവർഷം | 2715738 | 3182197 |
| ആകെ | 4861457 | 3437752 |

വാടക, വെള്ളക്കരം എന്നീ വരവിനങ്ങളിലെ കുടിശ്ശിക ഇനത്തിൽ ആകെ 82,99,209/- രൂപയാണ് പിരിച്ചെടുക്കുവാനുള്ളത്. കുടിശ്ശിക പിരിച്ചെടുക്കുവാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. നഗരസഭയുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തേണ്ടതും കുടിശ്ശികകൾ കാലതാമസം കൂടാതെ പിരിച്ചെടുക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.
22-12-2018 ലെ എക്സിറ്റ് മീറ്റിംഗിൽ വിഷയം അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 2-8 മരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ ഫോറങ്ങളുടെ വില ജില്ലാ പഞ്ചായത്തിൽനിന്നും ലഭ്യമാക്കേണ്ടതാണ്

2017-18 വർഷത്തിൽ അഞ്ച് ലക്ഷത്തിന മുകളിൽ അടങ്കലുള്ള പ്രവൃത്തികൾക്ക് ഇ-ടെണ്ടർ ക്ഷണിച്ചപ്പോൾ ലഭ്യമായ ടെണ്ടർ ഫോറങ്ങളുടെ വില ജില്ലാപഞ്ചായത്തിലെ എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ പേരിലുള്ള അക്കൗണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത്. മുൻ വർഷങ്ങളിലും ഇപ്രകാരം തുക നിക്ഷേപിച്ചിട്ടുണ്ട്. ടെണ്ടർ ഫോറങ്ങളുടെ വില നാളിതുവരെ നഗരസഭാ ഫണ്ടിലേക്ക് തിരികെ ലഭ്യമായിട്ടില്ല. 2017-18 വർഷത്തെ ഇ-ടെണ്ടറുകളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | അടങ്കൽ | ടെണ്ടർ ഫോറങ്ങളുടെ എണ്ണം | ഈടാക്കിയ വില |
|---|---|---|---|---|
| 1 | കെ.പി തങ്ങൾ ബസ് സ്റ്റാന്റ് എ.സി.പി പ്രവൃത്തി | 630000 | 7 | 8820 |
| 2 | GHSS, HS, UPS-പെൺകുട്ടികൾക്ക് ശുചിമുറി നിർമ്മാണം | 630000 | 2 | 2520 |
| 3 | മുനിസിപ്പൽ ഓഫീസിന് കെട്ടിടം | 500000 | 2 | 2000 |
| 4 | ബസ് സ്റ്റാന്റ് - കട്ട വിരിക്കൽ | 2269750 | 4 | 18160 |
| 5 | ഗവ.ഹോസ്പിറ്റൽ അറ്റകുറ്റപ്പണികൾ | 751000 | 2 | 3020 |
| 6 | മെറ്റീരിയൽ റിക്കവറി ഫെസിലിറ്റേഷൻ സെന്റർ | 700000 | 3 | 4200 |
| 7 | മുനിസിപ്പൽ ഓഫീസ് രണ്ടാം നില | 1000000 | 4 | 8000 |
| 8 | ഹാർമ്മണി മൂർക്കാട്ടുപറമ്പ് റോഡ് | 500000 | 3 | 3000 |
| | | | ആകെ | 49720 |

സ.ഉ(സാധാ)നം.3186/2017/ത.സ്വ.ഭ.വ തിയതി 2-10-2017 പ്രകാരം ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി എസ്.ബി.ഐ.യിൽ അക്കൗണ്ട് തുടങ്ങുവാൻ അനുമതി ലഭ്യമായിട്ടുണ്ടെങ്കിലും 2017-18 വർഷത്തിൽ അത്തരത്തിൽ അക്കൗണ്ട് ആരംഭിക്കാത്തതിനാലാണ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ട് മുഖേന ഇ-ടെണ്ടർ ഫോറങ്ങളുടെ വില നിക്ഷേപിക്കുവാനിടയായിട്ടുള്ളത്.

മേൽ സൂചിപ്പിച്ച തുകയും മുൻ വർഷങ്ങളിൽ ഇപ്രകാരം നിക്ഷേപിച്ചിട്ടുള്ള തുകയും ജില്ലാ പഞ്ചായത്തിലെ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ നിന്നും തിരികെ ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ലഭ്യാകുന്ന തുക മുനിസിപ്പൽ ഫണ്ടിലേക്ക് വരവു വെക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 2-9 ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്

പട്ടാമ്പി നഗരസഭയുടെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക പ്രകാരം 16248246 രൂപയുടെ ഡെപ്പോസിറ്റ് ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. തുകയുടെ കൃത്യത പരിശോധിക്കുന്നതിനുള്ള ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. വാർഷിക കണക്ക് പ്രകാരമുള്ള ഡെപ്പോസിറ്റിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 8489700 |
| വരവ് | 8677639 |
| ആകെ | 17167339 |
| തിരികെ നൽകിയത് | 919093 |
| നീക്കിയിരിപ്പ് | 16248246 |

ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനാൽ വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടുള്ള തുകയുടെ കൃത്യത ഉറപ്പുവരുത്താനായിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

- വിവിധ ഹെഡുകൾക്ക് പ്രത്യേകം പേജ് അനുവദിച്ച് ഓരോ ഹെഡിലെയും മുന്നിരിപ്പ്, വരവ്, തിരികെ നൽകിയത്, നീക്കിയിരിപ്പ് എന്നിവ രേഖപ്പെടുത്തി ഡെപ്പോസിറ്റ് രജിസ്റ്റർ തയ്യാറാക്കേണ്ടതാണ്. രജിസ്റ്ററിലെ ഓരോ ഹെഡിലേയും തുകകൾ വാർഷിക ധനകാര്യ പത്രികയിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതാണ്.

- കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ മുനിസിപ്പൽ ഫണ്ടിലേക്ക് മുതൽക്കൂട്ടാനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
  22-12-2018 ലെ എക്സിറ്റ് മീറ്റിംഗിൽ വിഷയം അധികാരികളുടെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്.
  തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 2-10 പെർമിറ്റില്ലാത്ത നിർമ്മാണങ്ങളും അതിന്റെ വ്യതിയാനങ്ങളും ക്രമവൽക്കരിച്ചുനൽകുമ്പോൾ ചട്ടങ്ങൾ പാലിക്കേണ്ടതാണ്

1. ബിൽഡിംഗ് റഗുലറൈസേഷൻ രജിസ്റ്റർ പൂർണ്ണമല്ല

കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 1999, ചട്ടം 146(3) പ്രകാരം കെട്ടിടങ്ങളുടെ ക്രമവൽകരണം സംബന്ധിച്ച നിബന്ധനകൾ, രാജിയാക്കൽ ഫീസ് എന്നിവ ഉൾപ്പെടെ പൂർണ്ണമായ വിവരങ്ങൾ അടങ്ങുന്ന ഒരു രജിസ്റ്റർ 'അനുബന്ധം-ജെ' മാതൃകയിൽ സൂക്ഷിക്കേണ്ടതാകുന്നു. എന്നാൽ 2017-18 വർഷത്തെ മുഴുവൻ വിവരങ്ങളും ഉൾപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

2. ചട്ടങ്ങൾ പ്രകാരമല്ലാത്ത രാജിയാക്കൽ ഫീസ് ഈടാക്കിയിരിക്കുന്നു

കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 1999, ചട്ടം 146(4) പ്രകാരം പെർമിറ്റില്ലാത്ത നിർമ്മാണങ്ങളും അതിന്റെ വ്യതിയാനങ്ങളും ക്രമവൽക്കരിക്കുന്നതിനുള്ള രാജിയാക്കൽ ഫീസ് പ്രാബല്യത്തിലുള്ള പെർമിറ്റ് ഫീസിന്റെ ഇരട്ടിയായിരിക്കുന്നതാണ്. എന്നാൽ 2017-18 വർഷം പട്ടാമ്പി നഗരസഭ ക്രമവൽകരണത്തിനുള്ള രാജിയാക്കൽ ഫീസായി ഈടാക്കിയിരിക്കുന്നത് പ്രാബല്യത്തിലുള്ള പെർമിറ്റ് ഫീസിന്റെ മൂന്നിരട്ടിയാണ്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഫയൽ നം. | കെട്ടിട നം. | പേരും വിലാസവും | ക്രമവൽകരിച്ച വിസ്തീർണ്ണം | ഈടാക്കിയ ഫീസ് |
|---|---|---|---|---|---|
| 1 | ഇ1/7161/17 തി 22/6/17 | 3/391(1) | കൃഷ്ണരാജ് S/o. രാജഗോപാലൻ, ചെമ്പടത്ത് ഹൗസ്, പട്ടാമ്പി | 22.33 ച മീ | 22.33*7*3= 469 രൂപ |
| 2 | ഇ1/7706/17 തി 6/7/17 | 2/407(1) | മുഹമ്മദ്കുട്ടി മുതൽപ്പേർ, ചേരുംകുഴി, ചെറുകോട് | 234.22 ച മീ | 234.22*10*3= 7027 രൂപ |
| 3 | ഇ1/7145/17 തി 22/6/17 | 11/1200(1) | ലക്ഷ്മി മുതൽപ്പേർ, പാറത്തൊടി ഹൗസ്, പട്ടാമ്പി | 63 ച മീ | 63*7*3= 1323 രൂപ |
| എ-1 പാർപ്പിടത്തിന് ചതുരശ്ര മീറ്ററിന് 7 രൂപയും മറ്റുള്ളവക്ക് 10 രൂപയുമാണ് നിർണ്ണയിക്കപ്പെട്ടിട്ടുള്ള പെർമിറ്റ് ഫീസ്. | | | | | |

ഇവ സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം.15/19.12.2018 ന് 1.11.2017 മുതൽ ക്രമവൽകരണം സംബന്ധിച്ച രജിസ്റ്റർ സൂക്ഷിച്ചുവരുന്നുണ്ടെന്നും ചട്ടപ്രകാരമുള്ള രാജിയാക്കൽ ഫീസ് മേലിൽ ഈടാക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

ക്രമവൽകരണം സംബന്ധിച്ച രജിസ്റ്റർ നിശ്ചിത മാതൃകയിൽ പൂർണ്ണമാക്കി സൂക്ഷിക്കേണ്ടതും ചട്ടപ്രകാരമുള്ള രാജിയാക്കൽ ഫീസ് മാത്രം ഈടാക്കേണ്ടതുമാണ്.

# ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 3-1 അഡ്വാൻസ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല

വാർഷിക കണക്കിലെ ബാലൻസ് ഷീറ്റിൽ B-7 പ്രകാരം രേഖപ്പെടുത്തിയ 273000/- രൂപയുടെ അഡ്വാൻസ് തുകകൾ ക്രമീകരിച്ചിട്ടില്ല. 2017-18 വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള അഡ്വാൻസ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| 01.04.2017-ൽ ക്രമീകരിക്കാൻ ബാക്കിയുള്ളത് | 338506 |
| തൻവർഷം നൽകിയ അഡ്വാൻസ് | 654000 |
| ആകെ | 992506 |
| തൻവർഷം ക്രമീകരിച്ചത് | 719506 |
| 31.03.2018-ൽ ക്രമീകരിക്കാൻ ബാക്കിയുള്ളത് | 273000 |

അഡ്വാൻസ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ മുൻകൂർ തുക നൽകിയതിന്റെയോ ക്രമീകരിച്ചതിന്റെയോ കൃത്യത പരിശോധിച്ച് ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല. ആകയാൽ ക്രമീകരിക്കാൻ ബാക്കിയുള്ള തുക 273000/- രൂപ ക്രമീകരിച്ച് വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കുന്നതുവരെ പ്രസ്തുത ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

# 3-2 പദ്ധതി പ്രവർത്തനങ്ങൾക്കായി മുനിസിപ്പൽ ഫണ്ട് വകയിരുത്തിയപ്പോൾ നഗരസഭയുടെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്തില്ല

സ.ഉ(എം.എസ്)നം.79/17/തസ്വഭവ തിയതി 3-4-2017 പ്രകാരം പുറപ്പെടുവിച്ച പതിമൂന്നാം പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക 11.1(3), 11.1(4), 11.1(5) എന്നിവയിലെ നിർദ്ദേശം കണക്കിലെടുത്താണോ പദ്ധതി പ്രവർത്തനങ്ങൾക്കായി തനത് ഫണ്ട് വകയിരുത്തിയിട്ടുള്ളതെന്ന് പരിശോധിക്കുവാൻ ലക്ഷ്യമിടുകയും ആയതനുസരിച്ച് പരിശോധന നടത്തുകയും ചെയ്തതിൽ, വികസന പദ്ധതികൾക്കായി തനത് ഫണ്ട് വകയിരുത്തിയത് മാനദണ്ഡങ്ങൾ പാലിക്കാതെയാണെന്ന് കണ്ടെത്തി.

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിന്റേയും ബന്ധപ്പെട്ട ചട്ടങ്ങളിലേയും വ്യവസ്ഥകൾ പ്രകാരം തനത് ഫണ്ടിൽ നിന്ന് നിർവ്വഹിക്കേണ്ട അനിവാര്യ ചുമതലകൾക്കും അനുവദനീയമായ മറ്റ് ചെലവുകൾക്കും ആവശ്യമായ തുക ബജറ്റിൽ മാറ്റി വെച്ച ശേഷം മിച്ചമുള്ള തുകയാണ് തനത് ഫണ്ട് എന്ന സ്രോതസ്സായി പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്ന് മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. ബാക്കിയുള്ള തുകയുടെ 25 ശതമാനം പദ്ധതിയിൽ ഉൾപ്പെടുത്താതെ, നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് അടിയന്തിര സ്വഭാവമുള്ള പ്രവൃത്തികൾക്ക് ഉപയോഗിക്കാവുന്നതാണ്. ഇതൊഴികെയുള്ള തുകയാണ് തനത് ഫണ്ട് വിഭവ സ്രോതസ്സായി വകയിരുത്തേണ്ടത്. പദ്ധതിയിൽ വകയിരുത്തേണ്ട തനത് ഫണ്ട് ഉപയോഗിച്ച് പദ്ധതിയിൽ ഉൾപ്പെടുത്താതെ നിർമ്മാണ പ്രവൃത്തികൾ ചെയ്യുവാൻ പാടുള്ളതല്ല.

2016-17 വാർഷിക പദ്ധതിയിൽ ചെലവഴിച്ച തനത് ഫണ്ട് തുകയുടെ 15 ശതമാനത്തിൽ അധികരിക്കുന്ന തുക 17-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നുണ്ടെങ്കിൽ അത്രയും തുക ലഭ്യമാക്കുവാൻ കഴിയും എന്ന് പെർഫോമൻസ് ഓഡിറ്റിൽ നിന്നും മുൻകൂർ സാക്ഷ്യപത്രം വാങ്ങേണ്ടതാണ്. അത്തരത്തിൽ സാക്ഷ്യപത്രം ലഭ്യമാക്കിയതായി കാണുന്നില്ല.

<u>വികസന പ്രവർത്തനങ്ങൾക്കായി വകയിരുത്തിയ തുകയുടേയും ചെലവഴിച്ച തുകയുടേയും വിവരം</u>

<u>2017-18 വർഷത്തെ തനത് ഫണ്ടിൽ നിന്നുള്ള വകയിരുത്തൽ</u>

തൻവർഷം തനത് ഫണ്ടിൽ നിന്നും 1.87 കോടി രൂപ വകയിരുത്തുകയും 1.50 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുള്ളതായി പദ്ധതിച്ചെലവുകളുടെ രേഖകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമായിട്ടുണ്ട്. 116 പ്രൊജക്ടുകൾ തനത് ഫണ്ടിൽ നിന്നും തുക വകയിരുത്തി തൻവർഷം ആവിഷ്കരിച്ചിട്ടുണ്ട്.

വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

<u>31-3-2017 ലെ തനത് ഫണ്ട് നീക്കിയിരിപ്പ് -ആർ.പി 40(a) :</u>

ബാങ്ക് : 20401398

ട്രഷറി : 675880

ആകെ : 21077278

<u>ബാധ്യതകൾ (വാർഷിക കണക്ക് അനുസരിച്ച്)</u>

ഡെപ്പോസിറ്റുകൾ (ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി7): 8389700

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി4 അനുസരിച്ചുള്ള ബാധ്യത: 4203518

ആകെ ബാധ്യത : 12593218

യഥാർത്ഥ നീക്കിയിരിപ്പ് : 8484060

മേൽ തുകയിൽ നിന്നും 2017-18 ലെ ബജറ്റ് പ്രകാരമുള്ള അനിവാര്യ ചുമതലകൾക്കും മറ്റ് അത്യാവശ്യങ്ങൾക്കും തുക നീക്കി വെച്ചതിന് ശേഷമുള്ള തുകയിൽ നിന്ന് 25% തുക മാറ്റി വെച്ചതിനു ശേഷമാണ് തനത് ഫണ്ട് വികസന പദ്ധതികൾ വകയിരുത്തേണ്ടത്. ആയതിനാൽ തനത് ഫണ്ടിൽ നിന്നും 1.87 കോടി രൂപ പദ്ധതിക്കായി വകയിരുത്തിയത് മാർഗ്ഗനിർദ്ദേശങ്ങളുടെ ലംഘനമാണെന്ന് വിലയിരുത്തുന്നു.

യഥാർത്ഥ സാമ്പത്തിക സ്ഥിതി വിലയിരുത്താതെ തനത് ഫണ്ടിൽ നിന്നും 1.87 കോടി രൂപ പദ്ധതികൾക്കായി വകയിരുത്തി 1.50 കോടി രൂപ ചെലവഴിച്ചത് നഗരസഭയുടെ സാമ്പത്തിക സ്ഥിതിയെ സാരമായി ബാധിച്ചിട്ടുണ്ട്.

തൻവർഷത്തെ ആകെ പദ്ധതിച്ചെലവ് 21% മാത്രമാണുള്ളത്. വികസന പ്രവർത്തനങ്ങൾക്ക് മറ്റ് ഫണ്ടുകൾ ആവശ്യാനുസരണം ലഭ്യമായിരുന്നിട്ടും തനത് ഫണ്ടിൽ നിന്നും മാനദണ്ഡങ്ങൾ പാലിക്കാതെ വികസന പദ്ധതികൾക്കായി തുക വകയിരുത്തിയത് ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ പാളിച്ചയാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ യഥാർത്ഥ സാമ്പത്തിക സ്ഥിതി അവതരിപ്പിച്ച് വിലയിരുത്തൽ നടത്തുവാനും ഉദ്യോഗസ്ഥർ ശ്രദ്ധിച്ചിട്ടില്ല.

പദ്ധതി ആസൂത്രണത്തിൽ ഉണ്ടായ പാളിച്ചകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.18/19-12-18-ന് കൃത്യമായ മറുപടി ലഭ്യമായില്ല. 22-12-18 ലെ എക്സിറ്റ് മീറ്റിംഗിൽ ഇക്കാര്യം അവതരിപ്പിച്ച് കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

തുടർ വർഷത്തിൽ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചു മാത്രം ഫണ്ട് വകയിരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്. നഗരസഭയുടെ നിലവിലെ സാമ്പത്തിക സ്ഥിതി വിലയിരുത്തി ഈ വിഷയത്തിന്മേൽ വിശദമായ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

# 3-3 വക്കീൽ ഫീസ് ഇനത്തിൽ അധിക തുക അനുവദിച്ചത് തിരികെ ഈടാക്കേണ്ടതാണ്

നഗരസഭ കക്ഷിയായ കേസുകളുടെ നടത്തിപ്പിനായി വക്കീൽ ഫീസിനത്തിൽ ചെലവുകൾ നടത്തുന്നുണ്ട്. കേസുകളുടെ നടത്തിപ്പും തുക അനുവദിക്കുന്നതിലെ കൃത്യതയും നിരീക്ഷിക്കുന്നതിനുള്ള രജിസ്റ്ററിന്റെ സൂക്ഷിപ്പ് കൃത്യമാണോ എന്ന് പരിശോധിച്ചതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

2008 ലെ കേരള മുനിസിപ്പാലിറ്റി(കേസുകളുടെ നടത്തിപ്പും കൗൺസിലുകൾ ഏർപ്പെടുത്തുന്ന നിയമോപദേഷ്ടാക്കൾക്ക് ഫീസ് നൽകലും) ചട്ടങ്ങൾ പ്രകാരം നിയമോപദേഷ്ടാക്കൾക്ക് നൽകാവുന്ന ഫീസ് 18-2-2016 തീയതിയിലെ സ.ഉ.(എം.എസ്)നം.36/16/ത.സ്വ.ഭ.വ പ്രകാരം പുതുക്കി നിശ്ചയിച്ചിട്ടുള്ളതാണ്. ആയതനുസരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കേസ് ഒന്നിന് 15000 രൂപ വരെ വക്കീൽ ഫീസ് അനുവദിക്കാവുന്നതാണ്. 50000 രൂപ വരെ വകുപ്പദ്ധ്യക്ഷൻമാരുടെ അനുമതിക്കു വിധേയമായും, 50000 രൂപയ്ക്ക് മുകളിൽ സർക്കാരിന്റെ അനുമതിയോടും വക്കീൽ ഫീസിനത്തിൽ ചെലവഴിക്കാവുന്നതാണ്.

ഒരോ കേസിനും നൽകിയ തുകകളുടെ വിവരം, കേസ് നടത്തുന്ന വക്കീലിന്റെ പേര്, കേസുകളുമായി ബന്ധപ്പെട്ട വിവരങ്ങൾ എന്നിവ സ്യൂട്ട് രജിസ്റ്ററിൽ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. 17-18 ൽ താഴെ കാണിച്ചിട്ടുള്ള ചെലവുകൾ ഈ ഇനത്തിൽ നടത്തിയിട്ടുണ്ട്.

| ബിൽ നമ്പർ & തീയതി | നൽകിയ തുക | വിശദാംശം |
|---|---|---|
| 323/20-6-2017 | 50000 | വിവിധ കേസുകൾക്ക് അഡ്വ.ശിവകുമാറിന് നൽകിയത്. |
| 853/21-10-2017 | 30000 | അഡ്വ.ഹാരുൺ റഷീദിന് WP(C)91/13/14, WP(C)2668/2016 നം. കേസുകൾക്ക് നൽകിയത്. |
| 1012/30-11-2017 | 15000 | അഡ്വ.ഹാരുൺ റഷീദിന് WP(C)1564/17 നം. കേസിന് നൽകിയത്. |
| 1172/1-1-2018 | 15000 | അഡ്വ.ഹാരുൺ റഷീദിന് WP(C)1564/17 നം. കേസിന് നൽകിയത്. |

സ്യൂട്ട് രജിസ്റ്റർ കൃത്യമായി എഴുതാത്തതിനാൽ പഞ്ചായത്തിൽ നിലവിലുള്ള കേസുകളുടെ പുരോഗതി വിലയിരുത്താൻ സാധിക്കാത്ത സ്ഥിതിയാണുള്ളത്. വക്കീൽ ഫീസിനത്തിലെ പരിധി അനുസരിച്ചുള്ള അനുമതി ലഭ്യമാക്കാതിരിക്കുന്നതിനുമുള്ള സാധ്യത ഏറെയാണ്.

സർക്കാർ ഉത്തരവ് പ്രകാരം 15000/- രൂപയാണ് കേസ് ഒന്നിന് നൽകാൻ നഗരസഭയ്ക്ക് അനുവദനീയമായിട്ടുള്ളത്. അതിൽ കൂടുതലും 50000/- രൂപ വരെയുമുള്ള തുക ചെലവഴിക്കുന്നതിന് വകുപ്പ് അധ്യക്ഷന്റെ അനുമതി ആവശ്യമാണ്. എന്നാൽ ഒരു കേസിന് 15000 രൂപയിൽ അധികരിച്ച് തുക അനുവദിക്കുന്നതിനു മുമ്പായി നഗരകാര്യ ഡയറക്ടറുടെ അംഗീകാരം ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 24(3)/20.12.18 ന് മറുപടിയായി WP(C)1564/17 നം. കേസിന് 30000/- രൂപ ചെലവഴിച്ചിട്ടുണ്ടെന്നും R2/10697/17 തിയതി 03/10/17 നമ്പർ കോടതി വിധി സഹിതം അഡ്വ. ഹാറൂൺ റഷീദ്, ഫീസിനത്തിൽ ആവശ്യപ്പെട്ട തുക അനുവദിച്ചപ്പോൾ ആവർത്തനം വന്നിട്ടുള്ളതായും അധികമായി അനുവദിച്ച തുക 15000/- രൂപ തിരിച്ചടപ്പിക്കുന്നതിന് അടിയന്തിരമായി നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

**<u>ഓഡിറ്റ് നിർദ്ദേശം</u>**

1. അഡ്വ. ഹാറൂൺ റഷീദിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ തുക ഈടാക്കി നഗരസഭാ ഫണ്ടിൽ ഒടുക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. WP(C)1564/17 നം. കേസിന് അധികം അനുവദിച്ച 15000/- രൂപ നിരാകരിക്കുന്നു.

2. വൗച്ചർ നം. 323/20-6-2017 പ്രകാരം അനുവദിച്ച വിവിധ കേസുകൾക്ക് ഫീസായി അഡ്വ.ശിവകുമാറിന് നൽകിയ 50000/- രൂപയുടെ ചെലവ് സംബന്ധിച്ച് വകുപ്പ് അധ്യക്ഷന്റെ അനുമതിയോ മറ്റ് രേഖകളോ ഹാജരാക്കാത്തതിനാൽ ആയത് ലഭ്യമാക്കുന്നതുവരെ തുക തടസ്സത്തിൽ വയ്ക്കുന്നു.
3. സ്യൂട്ട് രജിസ്റ്റർ കൃത്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# 3-4 മൊബൈൽ ചാർജ്ജ് അലവൻസ് - സർക്കാർ ഉത്തരവ് പ്രകാരം അനുവദനീയമായതിനേക്കാളും കൂടുതൽ അനുവദിച്ചു

തനത് ഫണ്ടിൽ നിന്നും വിവിധ സർക്കാർ ഉത്തരവുകൾ പ്രകാരം അനുവദിക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കുന്നതിന്റെ ഭാഗമായി മൊബൈൽ ചാർജ്ജ് ഇനത്തിൽ അനുവദിക്കാവുന്ന തുകയേക്കാളും കൂടുതൽ തുക അനുവദിച്ചതായി കണ്ടെത്തി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

സ.ഉ(എം.എസ്)നം.168/2004/തസ്വഭവ തിയതി 22-5-2004 പ്രകാരം നഗരസഭാ ചെയർമാന് അനുവദനീയമായ പ്രതിമാസ മൊബൈൽ ചാർജ്ജ് അലവൻസ് 1000 രൂപയാണ്. എന്നാൽ താഴെ പറയുന്ന വൗച്ചറുകൾ പ്രകാരം കൂടുതൽ തുക അനുവദിച്ചിട്ടുള്ളതായി കണ്ടെത്തി.

| ക്രമ നം. | വൗ.നം./തിയതി | തുക | അധികം |
|---|---|---|---|
| 1 | 97/27-4-17 | 1500 | 500 |
| 2 | 98/27-4-17 | 1500 | 500 |
| 3 | 180/18-5-2017 | 1773 | 773 |
| 4 | 499/28-7-2017 | 3000 (രണ്ട് മാസം) | 1000 |
| 5 | 806/9-10-17 | 3000 (രണ്ട് മാസം) | 1000 |
| 6 | 997/24-11-17 | 1532 | 532 |
| 7 | 1114/23-12-2017 | 1500 | 500 |
| 8 | 31700249/9-2-18 | 1500 | 500 |
| 9 | 1306/9-2-18 | 1500 | 500 |
| ആകെ | | | 5805 |

അധികമായി തുക അനുവദിച്ചതിനുള്ള കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.24/20.12.2018 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികമായി അനുവദിച്ച തുകയായ 5805/- രൂപ നഗരസഭാ ഫണ്ടിലേക്ക് തിരിച്ചടച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

സർക്കാർ പ്രത്യേകമായി അനുവദിക്കുന്ന ഇത്തരം തുകകളുടെ പരിധി പാലിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

# 3-5 സാധനസാമഗ്രികളുടെ വാങ്ങലിൽ പ്രൊക്യുർമെന്റ് മാർഗ്ഗരേഖ പാലിക്കുന്നില്ല

സ.ഉ(പി)നം. 259/2010/തസ്വഭവ തിയതി 8-11-2010 പ്രകാരം പുറപ്പെടുവിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ അനുസരിച്ചാണോ വാങ്ങലുകൾ നടത്തിയിട്ടുള്ളതെന്ന് പരിശോധിച്ചതിൽ, മുനിസിപ്പൽ എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായുള്ള വാങ്ങൽ പദ്ധതികൾ നടപ്പാക്കിയത് പ്രൊക്യുർമെന്റ് മാർഗ്ഗരേഖ പാലിക്കാതെയാണെന്ന് കണ്ടെത്തി.

വാങ്ങലുകളുമായി ബന്ധപ്പെട്ട എല്ലാ നടപടിക്രമങ്ങളും പ്രൊക്യുർമെന്റ് കമ്മിറ്റിയുടെ നേതൃത്വത്തിലാണ് നടത്തേണ്ടത്. ടെണ്ടറുകൾ താരതമ്യം ചെയ്ത് അംഗീകരിക്കാവുന്ന ടെണ്ടർ പ്രൊക്യുർമെന്റ് കമ്മിറ്റി ശുപാർശ ചെയ്യേണ്ടതും ആയത് ഭരണ സമിതി അംഗീകരിക്കേണ്ടതുമാണ്. എന്നാൽ ടെണ്ടറുകളെല്ലാം ഭരണ സമിതി മാത്രമാണ് അംഗീകരിക്കുന്നത്. ആയത് സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളുടെ ലംഘനമാണ്.

മുനിസിപ്പൽ എഞ്ചിനിയറുടെ രണ്ട് വാങ്ങൽ പ്രൊജക്ടുകളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്ട് | ഫണ്ട് | ചെലവ് |
|---|---|---|---|
| 1 | 306/18-ഫ്രണ്ട് ഓഫീസ്, ചെയർമാൻ കേബിനിലേക്ക് എയർ കണ്ടീഷണർ | തനത് ഫണ്ട് | 199000 |
| 2 | 314/18-ടൗൺ പ്രദേശങ്ങളിൽ തെരുവു വിളക്കുകൾ സ്ഥാപിക്കൽ | | 475000 |

ഭരണ സമിതിയുടെ 28-9-2017 ലെ തീരുമാനം 1(1) പ്രകാരമാണ് വാങ്ങൽ നടത്തിയിട്ടുള്ളത്.

മാർഗ്ഗരേഖ പ്രകാരം ഓപ്പൺ ടെണ്ടറിന് ഇംഗ്ലീഷ്, മലയാളം ദിനപത്രങ്ങളിൽ പരസ്യം നൽകേണ്ടതും 21 ദിവസത്തെ സമയം അനുവദിക്കേണ്ടതുമാണ്. ഫയലിൽ ടെണ്ടർ വിളിച്ചതിന്റെ പത്രപരസ്യം, സ്പെസിഫിക്കേഷൻ എന്നിവ സൂക്ഷിക്കുന്നില്ല.

<u>ഓഡിറ്റ് നിർദ്ദേശം</u>

1. സ.ഉ(പി)നം. 259/2010/തസ്വഭവ തിയതി 8-11-2010 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പാലിക്കേണ്ടതാണ്. പ്രൊക്യൂർമെന്റ് കമ്മിറ്റിയിൽ തീരുമാനം എടുക്കാതെ ഭരണസമിതി നേരിട്ട് തീരുമാനമെടുക്കുന്നത് ഒഴിവാക്കേണ്ടതാണ്.

2. ആവശ്യമായ എല്ലാ രേഖകളും ടെണ്ടർ ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

സ്റ്റോക്ക് വിവരം കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

<u>ബി. എ.സി വാങ്ങുന്നതിനു മുമ്പായി പരിശോധന നടത്തുകയോ ആവശ്യമായ ഭൗതിക സാഹചര്യം ഒരുക്കുകയോ ചെയ്തില്ല</u>

306/18-ഫ്രണ്ട് ഓഫീസ്, ചെയർമാൻ കേബിനിലേക്ക് എയർ കണ്ടീഷണർ എന്ന പ്രൊജക്ട് പ്രകാരം ഫ്രണ്ട് ഓഫീസിലേക്ക് 2.5 ടൺ ശേഷിയുള്ള രണ്ട് എയർകണ്ടീഷണറുകൾ വാങ്ങി സ്ഥാപിച്ചിട്ടുണ്ട്. പി.ഡബ്ല്യു.ഡി യുടെ പരിശോധനാ സാക്ഷ്യപത്രം ലഭ്യമാക്കി ആവശ്യമായ എയർ കണ്ടീഷണറുകളുടെ ശേഷി തിട്ടപ്പെടുത്തിയിട്ടില്ല. ഫ്രണ്ട് ഓഫീസിൽ ഏ.സി സ്ഥാപിച്ചിട്ടുണ്ടെങ്കിലും പ്രവർത്തനക്ഷമമല്ല. ആവശ്യമായ ഇലക്ട്രിഫിക്കേഷൻ നടത്താത്തതിനാൽ എ.സി സംവിധാനം നാളിതുവരെ പ്രയോജനപ്പെട്ടിട്ടില്ല എന്ന് നേരിൽ പരിശോധിച്ചതിൽ ബോധ്യപ്പെട്ടു.

ആവശ്യകത വിലയിരുത്താതിരുന്നതും ആവശ്യമായ ഭൗതിക സാഹചര്യം ഒരുക്കാതെ വാങ്ങൽ നടത്തിയത് ക്രമപ്രകാരമല്ല.
മേൽ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണം നം. 28/21-12-2018 നുള്ള മറുപടിയിൽ പ്രൊക്യൂർമെന്റ് കമ്മിറ്റി രൂപീകരിച്ചിരുന്നില്ല എന്ന് അറിയിച്ചിട്ടുണ്ട്. എ.സി പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.
എല്ലാ വാങ്ങലുകളും പ്രൊക്യൂർമെന്റ് കമ്മിറ്റി മുഖേനയാകുവാൻ ശ്രദ്ധിക്കേണ്ടതാണ്.
എ.സി പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
പൊതുഭരണത്തിന്റെ ചുമതലയുള്ള ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഇക്കാര്യത്തിൽ ഇടപെടൽ നടത്തേണ്ടതാണ്.

# 3-6 സേവാഗ്രാം വാർഡ് കേന്ദ്രം നടത്തിപ്പിൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചില്ല

സേവാഗ്രാം വാർഡ് കേന്ദ്രത്തിനായി താഴെ പറയും പ്രകാരം പ്രൊജക്ടുകൾ ആവിഷ്കരിച്ചിട്ടുണ്ട്.

| ക്രമ നം. | പ്രോജക്ട് നമ്പരും, പേരും | അടങ്കൽ (₹) | ചെലവ് (₹) |
|---|---|---|---|
| 1 | 14/18, സേവാഗ്രാം ഒന്നാം ഘട്ടം (സ്പിൽ ഓവർ) | 1,00,000/- (725-പ്ലാൻ ഫണ്ട്-ജനറൽ+99275-തനത് ഫണ്ട്) | 70,000/- (ചെക്ക് നം.02093889/30-11-2017-42000, ചെക്ക് നം.2989607/03-04-2018- 28000 -തനത് ഫണ്ട്) |
| 2 | 196/18, സേവാഗ്രാമിലേക്ക് ഫർണ്ണീച്ചർ, കമ്പ്യൂട്ടർ, യു.പി.എസ്, സ്ഥാപിക്കൽ | 2,00,000/- (തനത് ഫണ്ട്) | <u>കമ്പ്യൂട്ടർ വാങ്ങൽ</u><br>65,800/- (ചെക്ക് നം.105843/25-04-2018- 19550, ചെക്ക് നം.105843/25-04-2018-46250 -തനത് ഫണ്ട്)<br>നെറ്റ് മാജിക് കമ്പ്യൂട്ടേഴ്സ് പട്ടാമ്പി.<br><u>ഫർണീച്ചർ വാങ്ങൽ</u><br>തനത് ഫണ്ട്-ചെ.നം.102851/23-3-2018 - 113870/- രൂപ<br>കെ.എച്ച് ഫർണീച്ചർ, പട്ടാമ്പി. |

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

സേവാഗ്രാമിന്റെ നടത്തിപ്പ് സ.ഉ(എം.എസ്)നം.112/2014/തസ്വഭവ 25-6-2014 പ്രകാരമുള്ള മാർഗ്ഗരേഖയ്ക്ക് അനുസൃതമാണോ എന്ന് പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് കണ്ടെത്തലുകളും നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

മേൽ പട്ടികയിലെ ക്രമ നമ്പർ.1 പ്രകാരം സേവാഗ്രാം വാർഡ് കേന്ദ്രത്തിന് 06/2017 മുതൽ 03/2018 വരെ 70000 (7000*10) രൂപ വാടകയിനത്തിൽ ചെലവഴിച്ചിട്ടുണ്ട്.

ക്രമ നമ്പർ.2 പ്രകാരം സേവാഗ്രാം വാർഡ് കേന്ദ്രത്തിന് കമ്പ്യൂട്ടറും യു.പി.എസ്സും വാങ്ങിയതിന് 65,800/- രൂപ ചെലവഴിച്ചിട്ടുണ്ട്. 18, 19, 22, 23, 24, 25 എന്നീ വാർഡുകൾക്കായി ഒരു സേവാഗ്രാം വാർഡ് കേന്ദ്രമാണ് പ്രവർത്തിക്കുന്നതെന്ന് ഫയലിൽ സൂചിപ്പിച്ചിട്ടുണ്ട്. സ.ഉ(എം.എസ്)നം.112/2014/തസ്വഭവ 25-6-2014 പ്രകാരം സേവാഗ്രാം വാർഡ് കേന്ദ്രം എല്ലാ വാർഡുകളിലും അതാത് വാർഡുകളിൽ തന്നെ സ്ഥാപിക്കേണ്ടതാണ്. എന്നാൽ നഗരസഭയിൽ 6 വാർഡുകൾക്ക് ഒരു സേവാഗ്രാം വാർഡ് കേന്ദ്രമാണ് സ്ഥാപിച്ചിട്ടുള്ളത്. ആയത് നഗരസഭയുടെ അടുത്തുള്ള കെട്ടിടത്തിൽ വാടകയ്ക്കാണ് പ്രവർത്തിക്കുന്നത്.

സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി ഒന്നിൽ കൂടുതൽ വാർഡുകൾക്കായി ഒരു സേവാഗ്രാം വാർഡ് കേന്ദ്രം സ്ഥാപിക്കുവാനുണ്ടായ കാരണം വിശദീകരിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 8/17-12-2018 നുള്ള മറുപടിയിൽ നഗരസഭാ പരിധിയിൽ സ്ഥലലഭ്യതക്കുറവുമൂലവും പൊതുജനങ്ങൾ ഏറ്റവും അധികം എത്തിച്ചേരുന്ന സ്ഥലമായതിനാലുമാണ് ഭരണസമിതിയുടെ നിർദ്ദേശപ്രകാരം ആറ് വാർഡുകളിലെ സേവാഗ്രാം വാർഡ് കേന്ദ്രം ഒരുമിച്ച് പ്രവർത്തിച്ചു വരുന്നതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. സേവാഗ്രാം വാർഡ് കേന്ദ്രത്തിന്റെ പ്രവർത്തനം 10/2018 മുതൽ നടക്കുന്നില്ല എന്നും അറിയിച്ചിട്ടുണ്ട്. നഗരസഭയിൽ മറ്റ് സ്ഥലങ്ങളിലൊന്നും തന്നെ സേവാഗ്രാം വാർഡ് കേന്ദ്രം പ്രവർത്തിക്കുന്നില്ല എന്നും അറിയിച്ചിട്ടുണ്ട്.

സേവാഗ്രാം വാർഡ് കേന്ദ്രത്തിന്റെ പ്രവർത്തനം ഒരു വാർഡിലും നിലവിലില്ലാത്ത സാഹചര്യത്തിൽ താഴെ പറയുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്.

1. സേവാഗ്രാമിലേക്ക് വാങ്ങിയ 113870 രൂപയുടെ ഫർണ്ണീച്ചറുകളും, 65800 രൂപയുടെ കമ്പ്യൂട്ടറും, യു.പി.എസും നഗരസഭയിലേക്ക് തിരികെ ഏൽപ്പിച്ച് സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ആയതുവരെ 179670 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

2. ഇത്തരത്തിലുള്ള പ്രൊജക്ടുകൾ ആവിഷ്കരിക്കുമ്പോൾ സർക്കാർ മാർഗ്ഗരേഖ കണക്കിലെടുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-7 നഗരസഭയിലെ തെരുവു വിളക്കുകളുടെ പരിപാലനം കാര്യക്ഷമമാക്കേണ്ടതാണ്

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ പട്ടിക 1 പ്രകാരം തെരുവു വിളക്കുകൾ കത്തിക്കുകയും പരിപാലിക്കേണ്ടതും നഗരസഭയുടെ അനിവാര്യ ചുമതലയാണ്. പട്ടാമ്പി നഗരസഭയിലെ തെരുവു വിളക്കുകളുടെ പരിപാലനത്തിലെ കാര്യക്ഷമത, വൈദ്യുതി ചാർജ്ജിനത്തിലും അറ്റകുറ്റപ്പണികൾക്കുമായി ചെലവഴിക്കേണ്ടി വരുന്ന തുകയിൽ കുറവു വരുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്നിവ പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

<u>എ. തെരുവുവിളക്കുകളുടെ എണ്ണവും വൈദ്യുതി ചാർജ്ജും</u>

മുൻ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ നഗരസഭാ പരിധിയിൽ താഴെ പറയും പ്രകാരം തെരുവു വിളക്കുകൾ ഉണ്ടെന്ന് സൂചിപ്പിച്ചിട്ടുണ്ട്. (ഖ.3-9)

| ക്രമ നം. | ഇനം | വാട്ട് | എണ്ണം | നിരക്ക് | തുക |
|---|---|---|---|---|---|
| 1 | ഡബിൾ ട്യൂബ് -2*40 | 80 | 352 | 124 | 43648 |
| 2 | എസ് വി എൽ | 250 | 212 | 414 | 87768 |
| 3 | സി എഫ് എൽ 11*2 | 22 | 1025 | 14 | 14350 |
| ആകെ | | | 1589 | | 145766 |

നഗരസസഭാ പ്രദേശത്ത് എൽ.ഇ.ഡി ലാമ്പുകൾ നിലവിലുണ്ടെങ്കിലും ആയതിന് കൃത്യമായ കണക്കുകളില്ല. തെരുവു വിളക്കുകളുടെ എണ്ണം കാണിക്കുന്ന രജിസ്റ്റർ നഗരസഭയിൽ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. പ്രൊ.നം. 7/18 പ്രകാരം 87200/- രൂപ തൻവർഷം 150 വാട്ടിന്റെ 8 എൽ.ഇ.ഡി ലാമ്പുകൾ വാങ്ങുന്നതിനായി സെക്രട്ടറി തുക ചെലവഴിച്ചിട്ടുണ്ട്.

ചെക്ക്.നം.02089248/10-8-17 (പ്രൊജക്റ്റ് നം.314/18) പ്രകാരം ടൗൺ പ്രദേശങ്ങളിൽ തെരുവു വിളക്കുകൾ സ്ഥാപിക്കുവാൻ മുനിസിപ്പൽ എഞ്ചിനിയറും 475000/- രൂപ ചെലവഴിച്ചിട്ടുണ്ട്. 85 വാട്ട് സി.എഫ്.എൽ 80 എണ്ണവും, 150 വാട്ട് എൽ.ഇ.ഡി 22 എണ്ണവും സ്ഥാപിച്ചിട്ടുണ്ട്. ആകെ: 562200/- രൂപ. പ്രതിമാസ വൈദ്യുതി ചാർജ്ജ് 175000/- രൂപയായി വർദ്ധിച്ചിട്ടുണ്ട്.

<u>സി. തെരുവു വിളക്കുകളുടെ പരിപാലനച്ചെലവ്</u>

തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കായി പ്രൊ.നം. 2/18 പ്രകാരം 225520/- രൂപ സെക്രട്ടറി ചെലവഴിച്ചിട്ടുണ്ട്. കൂടാതെ വൗ.നം. 1362/27-2-2018 പ്രകാരം 484905/- രൂപയും ചെലവഴിച്ചിട്ടുണ്ട്. ആകെ : 710725/- രൂപ.

ലാമ്പുകളുടെ കൃത്യമായ കണക്കുകൾ ഇല്ലാതെയാണ് അറ്റകുറ്റപ്പണികൾക്കായി തുക ചെലവഴിക്കുന്നത്. ആയതിനാൽ ആവശ്യത്തിലധികം സാധന സാമഗ്രികൾ സമാഹരിക്കുന്നതിനുള്ള സാധ്യത നിലനിൽക്കുന്നുണ്ട്.

**സി. ഊർജ്ജ ഉപഭോഗം കുറയ്ക്കുന്നതിനുള്ള പദ്ധതികൾ**

ഊർജ്ജ ഉപഭോഗം കൂടുതലുള്ള ട്യൂബ് ലൈറ്റുകൾ, സോഡിയം വേപ്പർ ലാമ്പുകൾ എന്നിവ മാറ്റി പകരം ഊർജ്ജ ഉപഭോഗം കുറവുള്ള എൽ.ഇ.ഡി ലാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള സമഗ്ര പ്രൊജക്റ്റ് ആവിഷ്കരിക്കേണ്ടതാണ്. സോളാർ തെരുവു വിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള സാധ്യതയും പരിശോധിക്കാവുന്നതാണ്.

**ഡി. തെരുവു വിളക്കുകൾക്ക് മീറ്ററിംഗ് ഏർപ്പെടുത്തിയിട്ടില്ല**

എല്ലാ തെരുവു വിളക്കുകളും മീറ്ററിംഗിന് കീഴിലാക്കിയാൽ ഒടുക്കുന്ന വൈദ്യുതി ചാർജ്ജിന് കൃത്യത ഉണ്ടാവുകയും നിലവിലില്ലാത്ത ലാമ്പുകൾക്ക് ചാർജ്ജ് ഒടുക്കുന്നത് ഒഴിവാകുകയും ചെയ്യുന്നതാണ്. മീറ്ററിംഗ് ഏർപ്പെടുത്തുന്നതിന് നാളിതുവരെ നടപടികൾ സ്വീകരിച്ചിട്ടില്ല.

**ഇ. വസ്തു നികുതി സർചാർജ്ജ്**

2011 ലെ കേരള മുനിസിപ്പാലിറ്റി(വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു നഗരസഭാ പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാ ത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്ന് പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകൾ, ഡ്രൈനേജ് എന്നീ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ നഗരസഭ നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. അപ്രകാരം, പട്ടാമ്പി നഗരസഭ, തെരുവുവിളക്കുകളുടെ സർചാർജ്ജിനത്തിൽ വസ്തു നികുതിയുടെ 2% രൂപ നികുതിദായകരിൽ നിന്നും ഈടാക്കി വരുന്നുണ്ട്.

**ഓഡിറ്റ് നിർദ്ദേശം**

- നഗരസഭയിലെ എല്ലാ ലാമ്പുകളും മീറ്ററിനു കീഴിൽ ആക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
- വൈദ്യുതി ബോർഡുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി തെരുവു വിളക്കുകളുടെ കൃത്യമായ കണക്ക് ശേഖരിച്ച് രജിസ്റ്റർ തയ്യാറാക്കേണ്ടതും ആയതിനനുസരിച്ച് അറ്റകുറ്റപ്പണികൾക്കുള്ള തുക വകയിരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.
- ആവശ്യത്തിലധികം ലാമ്പുകൾ വാങ്ങി സൂക്ഷിക്കുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്.
- എൽ.ഇ.ഡി ലാമ്പുകൾക്ക് ശരാശരി 50000 മണിക്കൂർ ആയുസ്സ് ഉള്ളതിനാൽ 10 വർഷത്തിൽ അധികം നിലനിൽക്കുന്നതാണ്. ആയതിനാൽ നിലവിലുള്ള ഊർജ്ജ ഉപഭോഗം കൂടുതലുള്ള ലാമ്പുകൾക്ക് പകരം ഘട്ടം ഘട്ടമായി എൽ.ഇ.ഡി ലാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.
- തെരുവു വിളക്ക് മെയ്ന്റനൻസ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.
- തെരുവു വിളക്കുകൾക്കായി നഗരസഭ സേവന ഉപനികുതി ഈടാക്കുന്നതിനാൽ പൊതുജനങ്ങൾക്ക് നൽകുന്ന സേവനം മെച്ചപ്പെട്ടതാണെന്ന് ഉറപ്പാക്കേണ്ടതാണ്.

# 3-8 തെരുവ് വിളക്ക് റിപ്പയർ - കരാറുകാരനിൽ നിന്ന് ആദായനികുതി ഈടാക്കിയില്ല

പ്രോജക്റ്റ് നം.2/18 (സ്പിൽ ഓവർ)

പ്രോജക്റ്റിന്റെ പേര്-തെരുവ് വിളക്ക് റിപ്പയർ

അടങ്കൽ-₹ 6,00,000/- (തനത് ഫണ്ട്)

ചെലവ്- ₹ 2,25,520/- (ചെക്ക് നം.02089133/20-06-2017)

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

നഗരസഭയിലെ തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി തൻവർഷം 225520 രൂപ പി.വി.സുലൈമാൻ എന്നയാൾക്ക് അനുവദിച്ചിട്ടുണ്ട്. 472 സി.എഫ്.എൽ, 45 സോഡിയം വേപ്പർ ലാമ്പ്, 2 ട്യൂബുകൾ എന്നിവയാണ് റിപ്പയർ ചെയ്തിട്ടുള്ളത്. കരാറുകാരൻ അനുവദിച്ച തുകയിൽ നിന്നും ആദായ നികുതിയായി ഈടാക്കേണ്ടിയിരുന്ന 2255 രൂപ ഈടാക്കിയിട്ടില്ല.

ഓഡിറ്റ് അന്വേഷണം നം.7/17-12-2018 നുള്ള മറുപടിയിൽ കരാറുകാരന് നോട്ടീസ് നൽകി തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

തുക ഈടാക്കി കേന്ദ്ര സർക്കാരിലേക്ക് ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-9 വിഭവ സ്രോതസ്സ് കണ്ടെത്താതെ പൊതു മരാമത്ത് പ്രവൃത്തികൾ ആസൂത്രണം ചെയ്യുന്നത് ഒഴിവാക്കേണ്ടതാണ്

***2017-18 വർഷത്തെ പൊതു മരാമത്ത് പ്രവൃത്തികളുടെ ആസൂത്രണവും നടത്തിപ്പും വിലയിരുത്തിയതിന്മേലുള്ള നിരീക്ഷണങ്ങളും നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.***

***എ. ഫണ്ട് വകയിരുത്തലും പ്രവൃത്തികളുടെ നിർവ്വഹണവും***

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കുവാൻ ലക്ഷ്യമിട്ട, സ്പിൽഓവർ ഉൾപ്പെടെ 225 പ്രൊജക്ടുകൾക്ക് തൻവർഷം അംഗീകാരം ലഭ്യമാക്കിയെങ്കിലും 130 എണ്ണം മാത്രമാണ തൻവർഷം പൂർത്തീകരിച്ചിട്ടുള്ളത്. വകയിരുത്തിയ 23.26 കോടി രൂപയിൽ 2.51 കോടി രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. 11 % തുക മാത്രമാണ് തൻവർഷം ചെലഴിച്ചിട്ടുള്ളത്.

മരാമത്ത് പ്രവൃത്തികളുടെ ബാഹുല്യം പദ്ധതി നിർവ്വഹണത്തെ വളരെയധികം ബാധിച്ചിട്ടുള്ളതായി വിലയിരുത്തുന്നു. 111 സ്പിൽഓവർ പ്രൊജക്റ്റുകൾ തൻവർഷം പൂർത്തീകരിക്കുന്നതിനായി അംഗീകാരം ലഭ്യമാക്കിയതിൽ 66 എണ്ണം മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. ഒരു ലക്ഷമോ അതിൽ കുറവോ അടങ്കൽ നിശ്ചയിച്ച് 80 പ്രൊജക്റ്റുകൾ തൻവർഷം ആവിഷ്കരിച്ചിട്ടുള്ളത് പ്രൊജക്റ്റുകളുടെ ബാഹുല്യത്തിന് കാരണമായിട്ടുണ്ട്. ആവിഷ്കരിക്കപ്പെട്ട പ്രൊജക്റ്റുകളിൽ 60 ശതമാനത്തോളം റോഡ് പ്രവൃത്തികളാണ്.

വ്യക്തമായ ഫണ്ട് ലഭ്യത ഉറപ്പാക്കാതെ വൻ തുക വകയിരുത്തി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾക്ക് അംഗീകാരം ലഭ്യമാക്കിയ താഴെ പറയുന്ന പ്രൊജക്റ്റുകൾ തൻവർഷം ഉപേക്ഷിച്ചിട്ടുണ്ട്.

1. 23/18-മാർക്കറ്റ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം : 16.59 കോടി രൂപ മറ്റ് ഫണ്ടുകൾ എന്നയിനത്തിൽ വകയിരുത്തി അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്.

2. 233/18-കൊമേഴ്സ്യൽ ബിൽഡിംഗ് (ഷോപ്പിംഗ് കോംപ്ലക്സ്) : 50 ലക്ഷം രൂപ മുനിസിപ്പൽ ഫണ്ടിൽ നിന്നും 1.30 കോടി രൂപ മറ്റ് ഫണ്ടുകൾ എന്നയിനത്തിലും അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്.

ഫണ്ടിന്റെ സ്രോതസ്സ് കണ്ടെത്തി തുക ഉറപ്പാക്കാതെയാണ് മേൽ പ്രൊജക്റ്റുകൾ ആവിഷ്കരിച്ചിട്ടുള്ളത്. തനത് ഫണ്ടിന്റെ ശേഷി വകയിരുത്താതെയും വികസന പ്രവർത്തനങ്ങൾക്കായി തുക നീക്കി വെക്കുന്നുണ്ട്. വിഭവ സ്രോതസ്സ് ഉറപ്പാക്കാതെ വികസന പദ്ധതികൾ ആവിഷ്കരിച്ചത് പദ്ധതി ആസൂത്രണത്തിലെ പാളിച്ചയായി വിലയിരുത്തുന്നു.

സ.ഉ(എം.എസ്)നം.79/17/തസ്വഭവ തിയതി 3-4-2017 ഖണ്ഡിക 14.1 പ്രകാരം നിർമ്മാണ പ്രൊജക്റ്റുകൾ നടപ്പാക്കേണ്ട രീതി വിവരിച്ചിട്ടുണ്ട്. 50000 രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തികൾ ഇ-ടെണ്ടർ ആയി നിർവ്വഹിക്കുവാൻ മുൻഗണന നൽകേണ്ടതാണെന്ന നിർദ്ദേശം തൻവർഷം പാലിച്ചിട്ടില്ല.

മാർഗ്ഗരേഖയിലെ ഖണ്ഡിക 6.6 പ്രകാരം സ്പിൽ ഓവർ പ്രൊജക്റ്റുകളുടെ മാനദണ്ഡവും വിവരിച്ചിട്ടുണ്ട്. സ്പിൽ ഓവർ പ്രൊജക്റ്റുകൾ സ്പിൽഓവർ ആയ അതേ വർഷം തന്നെ പൂർത്തീകരിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ധാരാളം പ്രവൃത്തികൾ തൻവർഷം പൂർത്തീകരിക്കാതിരുന്നതിനാൽ ഉപേക്ഷിച്ചിട്ടുണ്ട്.

പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനിറ്റ്സിൽ മരാമത്ത് പ്രവൃത്തികൾ കാര്യക്ഷമമാക്കുന്നതിനുള്ള ക്രിയാത്മകമായ ചർച്ചകൾ നടന്നതിന്റേയോ നിർദ്ദേശങ്ങൾ വിലയിരുത്തിയതിന്റെയോ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. പൊതുമരാമത്ത്, ഊർജ്ജം വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം മരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി നിരീക്ഷിച്ചതായും കാണുന്നില്ല.

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

1. കുറഞ്ഞ അടങ്കലിൽ കൂടുതൽ പ്രൊജക്റ്റുകൾ ആവിഷ്കരിക്കുന്നതിനു പകരം വ്യക്തമായ സ്ഥിതി വിവര കണക്കുകളേയും റോഡ് കണക്റ്റിവിറ്റി മാപ്പിനേയും അടിസ്ഥാനമാക്കി യഥാർത്ഥ ആവശ്യകതയ്ക്ക് മുൻഗണന നിശ്ചയിച്ച് പദ്ധതികൾ ആവിഷ്കരിച്ച് പ്രൊജക്റ്റുകളുടെ ആധിക്യം ഒഴിവാക്കേണ്ടതാണ്.

2. സ്പിൽ ഓവർ പ്രൊജക്റ്റുകൾ സ്പിൽഓവർ ആകുന്ന വർഷം തന്നെ പൂർത്തീകരിക്കേണ്ടതാണ്.

3. ഫണ്ടുകളുടെ ലഭ്യത ഉറപ്പാക്കാതെ പ്രൊജക്റ്റുകൾ ആവിഷ്കരിക്കുന്നത് ഒഴിവാക്കേണ്ടതാണ്.
4. പൊതുമരാമത്ത്, ഊർജ്ജം വർക്കിംഗ് ഗ്രൂപ്പും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും പദ്ധതികളുടെ ആസൂത്രണ ഘട്ടത്തിൽ ക്രിയാത്മകമായ ഇടപെടൽ നടത്തേണ്ടതാണ്.
5. പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് തുടർ വർഷങ്ങളിലെ മരാമത്ത് പ്രവർത്തികളുടെ നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണം നം. 17/19-12-2018 ന് വ്യക്തമായ മറുപടി ലഭ്യമായില്ല.
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-10 പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ചുകൊണ്ട് ആസ്തി സംരക്ഷണ പദ്ധതി നടപ്പാക്കേണ്ടതാണ്

റോഡ് സംരക്ഷണത്തിനായി 10627074 രൂപയും റോഡിതര ആസ്തികൾക്കായി 2461067 രൂപയും തൻവർഷം ചെലവഴിച്ചിട്ടുണ്ട്. റോഡ് മെയ്റ്റനൻസിനായി തൻവർഷം ലഭിച്ച തുകയിൽ 93% തുകയും റോഡിതര ആസ്തികളുടെ മെയ്റ്റനൻസിനായി ലഭിച്ച തുകയിൽ 78% തുകയുമാണ് ചെലവഴിച്ചിട്ടുള്ളത്.

റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിനായി പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്ന പതിമൂന്നാം പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ചിട്ടുണ്ടോ എന്ന് വിലയിരുത്തിയതിന്മേലുള്ള നിരീക്ഷണങ്ങളും നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

<u>എ. പതിമൂന്നാം പദ്ധതി മാർഗ്ഗരേഖയിലെ പ്രധാന നിർദ്ദേശങ്ങൾ</u>

സേവനം മെച്ചപ്പെടുത്തുന്നതിനും നിലവിലുള്ള ആസ്തി വിപുലപ്പെടുത്തുന്നതിനും സ്ഥാപനങ്ങളെ ഉന്നത നിലവാരത്തിലേക്ക് ഉയർത്തുന്നതിനും അനുയോജ്യമായ നിർദ്ദേശങ്ങൾ ആസ്തി സംരക്ഷണ പദ്ധതിയിൽ ഉണ്ടാകേണ്ടതാണ്.

സംരക്ഷണ ഗ്രാന്റ് ഉപയോഗിച്ച് അറ്റകുറ്റപ്പണികൾ നടത്തുന്നതിനു പുറമേ ഘടക സ്ഥാപനങ്ങളിൽ ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തുവാനും സേവനം മെച്ചപ്പെടുത്തുന്നതിനാവശ്യമായ ഉപകരണങ്ങൾ വാങ്ങാവുന്നതുമാണ്.

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുവാനും ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭിക്കത്തക്ക വിധം ആസ്തി സംരക്ഷണ പദ്ധതി വിഭാവനം ചെയ്യേണ്ടതാണ്.

ആസ്തി സംരക്ഷണ പദ്ധതിക്ക് അന്തിമ രൂപം നൽകുന്നതിനു മുമ്പായി വിളിച്ചു ചേർക്കുന്ന ഘടകസ്ഥാപനങ്ങളിലെ മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രൊജക്റ്റുകളായിരിക്കണം പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്.

അത്തരത്തിലുള്ള പ്രവർത്തനങ്ങളൊന്നും തൻവർഷം നടന്നിട്ടില്ല എന്ന് കണ്ടെത്തിയിട്ടുണ്ട്.

**ബി. ഘടക സ്ഥാപനങ്ങളുടെ നിലവാരം ഉയർത്തൽ - ലക്ഷ്യമിട്ട പ്രവർത്തനങ്ങൾ നടപ്പിലാക്കിയില്ല**

റോഡിതര മെയ്റ്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് നിർവ്വഹണം നടത്തുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ താഴെ പറയുന്ന പ്രവൃത്തികൾ തൻവർഷം നടപ്പാക്കിയിട്ടില്ല.

| ക്രമ നം. | പ്രൊജക്റ്റ് നം. , പ്രവൃത്തി | അടങ്കൽ |
|---|---|---|
| 1 | 223/18- പങ്കത്ത് അങ്കണവാടി റിപ്പയർ | 100000 |
| 2 | 281/18-നമ്പ്രം അങ്കണവാടി റിപ്പയർ | 100000 |
| 3 | 339/18-ഗവ.ആശുപത്രി അറ്റകുറ്റപ്പണി | 751000 |

**സി. ഓഡിറ്റ് നിർദ്ദേശങ്ങൾ**

പദ്ധതി മാർഗ്ഗരേഖ അനുസരിച്ച് മെയ്റ്റനൻസ് പ്ലാൻ തയ്യാറാക്കേണ്ടതും ആയതിനനുസരിച്ച് മാത്രം മെയിന്റനൻസ് പ്രവൃത്തികൾക്ക് രൂപം നൽകേണ്ടതുമാണ്.
ഘടക സ്ഥാപനങ്ങളുടെ ഭൗതിക സാഹചര്യം ഉയർത്തുന്നതിന് പ്രത്യേക പരിഗണന നൽകേണ്ടതാണ്.

പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിലും പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയിലും ഈ വിഷയത്തിൽ ആവശ്യമായ ചർച്ചകൾ ഉണ്ടാകേണ്ടതാണ്.

ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണം നം.17/19-12-2018 ന് വ്യക്തമായ മറുപടി ലഭ്യമായില്ല.
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-11 റോഡ് നിർമ്മാണത്തിന് ടാർ വാങ്ങിയതിലെ അപാകതകൾ

സർക്കാർ ഉത്തരവ് പ്രകാരം മരാമത്ത് പ്രവൃത്തികൾക്കായി ടാർ വാങ്ങി നൽകിയതിലെ കൃത്യത പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങളും ശുപാർശകളും താഴെ ചേർക്കുന്നു.

2016-17 വർഷത്തിൽ 13 പ്രവൃത്തികൾക്കായി അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ടാർ വാങ്ങി നൽകുന്നതിനായി 941880 രൂപ വികസന ഫണ്ടിൽ നിന്നും പിൻവലിച്ച് നഗരസഭയുടെ ട്രഷറി അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്നു. ആയത് 2017-18 വർഷത്തിലാണ് ട്രഷറിയിൽ നിന്നും പിൻവലിച്ച് ടാർ കമ്പനികൾക്ക് നൽകിയിട്ടുള്ളതെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു.

ടി.എസ്.ബി അക്കൗണ്ട് നം.- 3402121

1-3-2017 ലെ സ.ഉ(സാധാ)നം.564/17/ എൽ.എസ്.ജി.ഡി തിയതി 1-3-17 ലെ നിർദ്ദേശം പരിഗണിച്ചാണ് ടാർ വാങ്ങുന്നതിനായി തുക ചെലവഴിച്ചിട്ടുള്ളത്.

**എ. ടാറിന് അധികമായി നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്**

941880 രൂപയാണ് താഴെ പറയും പ്രകാരം ടാർ കമ്പനികൾക്ക് കൈമാറിയിട്ടുള്ളത്.

1. ഡി.ഡി നം. 760947/25-4-17 : 877790

2. ഡി.ഡി നം. 760948/25-4-17 : 64090

ആകെ : 941880/- രൂപ

ടാർ കമ്പനികളുടെ ഇൻവോയ്സ് പ്രകാരം 890461/- രൂപയാണ് ടാറിന്റെ യഥാർത്ഥ വിലയായി രേഖപ്പെടുത്തിയിട്ടുള്ളത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| സ്ഥാപനം | ഇൻവോയ്സ നം. | തുക | വിശദാംശം |
|---|---|---|---|
| ബിപിസിഎൽ, എറണാകുളം | 6300021970/30-5-2017 | 514832 | 100 ബാരൽ – VG30 |
| ബിപിസിഎൽ, എറണാകുളം | 6300021978/30-5-2017 | 231719 | 45 ബാരൽ – VG30 |

| | | | |
|---|---|---|---|
| ബിപിസിഎൽ, എറണാകുളം | 6300021979/30-5-2017 | 85433 | 45 ബാരൽ – RS-1 |
| ഹിൻകോൾ, എറണാകുളം | 6250/25-5-2017 | 58477 | 5 ബാരൽ – SS-1 |
| | ആകെ | 890461 | |

ടാർ കമ്പനികൾക്ക് അധികമായി അനുവദിച്ച 51419/- രൂപ (941880-890461) തിരിച്ചു പിടിക്കുന്നതിനുള്ള നടപടികൾ നാളിതുവരെ സ്വീകരിച്ചിട്ടില്ല.

ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണം നം. 17(4)/19-12-2018 ന് ലഭ്യമാക്കിയ മറുപടിയിൽ ടാർ വാങ്ങുന്ന സമയത്തെ ഇൻവോയ്സ് പ്രകാരമാണ് തുക നൽകിയതെന്നും ടാർ ഇറക്കുമ്പോൾ നൽകിയ ബില്ലിൽ നിരക്ക് കുറവായതിനാലുമാണ് വ്യത്യാസം വന്നതെന്ന് വിശദീകരിച്ചിട്ടുണ്ട്.
**തുക തിരികെ ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.**

<u>ബി. ടാർ വാങ്ങിയെങ്കിലും പ്രവൃത്തി നടപ്പാക്കിയില്ല</u>

13 പ്രവൃത്തികൾക്കായാണ് ടാർ വാങ്ങിയിട്ടുള്ളത്. രേഖകൾ പ്രകാരം 12 പ്രവൃത്തികൾക്കുള്ള ടാർ മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്. ഒരു പ്രവൃത്തിയുടെ വിവരം താഴെ ചേർക്കുന്നു.

പ്രൊ.നം. 232/17 - മുഹമ്മദ് മാസ്റ്റർ പടി ശിവക്ഷേത്രം റോഡ്
അടങ്കൽ – 75000 (എം.ജി-റോഡ്)

മേൽ പ്രവൃത്തിക്കായി ടാർ വാങ്ങിയിട്ടുണ്ടെങ്കിലും പ്രവൃത്തി നടപ്പായില്ല എന്ന് രേഖകളുടെ പരിശോധനയിൽ കണ്ടെത്തി. ഈ പ്രവൃത്തിക്കായി 22883 രൂപയുടെ ടാർ ആണ് വാങ്ങിയിട്ടുള്ളത്.

1-3-17 ലെ സ.ഉ(സാധാ)നം.564/17/എൽ.എസ്.ജി.ഡി തിയതി 1-3-17 ബിറ്റുമിൻ ആവശ്യപ്പെടുന്ന കരാറുകാർക്കാണ് ടാർ വാങ്ങി നൽകേണ്ടത്. എന്നാൽ മേൽ പ്രവൃത്തിയിൽ ടെണ്ടർ നടപടി സ്വീകരിക്കുകയോ/കൺവീനറെ തെരഞ്ഞെടുക്കുകയോ ചെയ്തിട്ടില്ലെന്ന് ഹാജരാക്കിയ രേഖകളുടെ പരിശോധനയിൽ ബോധ്യപ്പെട്ടു.

ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണം നം. 17(4)/19-12-2018 ന് ലഭ്യമാക്കിയ മറുപടിയിൽ സാങ്കേതിക പ്രശ്നം കാരണമാണ് മുഹമ്മദ് മാസ്റ്റർ പടി ശിവക്ഷേത്രം റോഡ് നടപ്പാക്കാതെ പോയതെന്നും ടാർ നഗരസഭയിൽ സൂക്ഷിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

ബിറ്റുമിൻ ആവശ്യപ്പെടുന്ന കരാറുകാർക്കാണ് ടാർ വാങ്ങി നൽകേണ്ടത് എന്നിരിക്കെ സാങ്കേതിക പ്രശ്നം നിലനിൽക്കുന്ന സ്ഥലത്തെ പ്രവൃത്തിക്കായി മുൻകൂറായി ടാർ വാങ്ങി സൂക്ഷിച്ച നടപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. സർക്കാർ നിർദ്ദേശം പരിഗണിക്കാതെ പിൻവലിച്ച 22883/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

# 3-12 കുടിവെള്ള പദ്ധതികൾക്ക് മോട്ടോർ സ്ഥാപിക്കൽ -രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തടസ്സപ്പെടുത്തുന്നു

തനത് ഫണ്ടിൽ നിന്നും വിവിധ ആവശ്യങ്ങൾക്കായി ചെലവഴിക്കുന്ന തുകകളുടെ കൃത്യത ബോധിപ്പിക്കുന്നതിനുള്ള രേഖകൾ സൂക്ഷിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന്റെ ഭാഗമായി കുടിവെള്ള പദ്ധതികൾക്കായി ചെലവഴിച്ച തുകകളുടെ വൗച്ചറുകൾ പരിശോധിച്ചതിൽ ചെലവുകളെ സാധൂകരിക്കുന്ന രേഖകൾ ഇല്ലെന്ന് കണ്ടെത്തി.
കുടിവെള്ള പദ്ധതികളിൽ മോട്ടോർ സ്ഥാപിക്കുന്നതിനായി താഴെ പറയും പ്രകാരം തുക അനുവദിച്ചിട്ടുണ്ടെന്ന് കണ്ടെത്തി.
നിർവ്വഹണം – സെക്രട്ടറി, പട്ടാമ്പി നഗരസഭ

| ക്രമ നം. | വൗ.നം./ തിയതി | തുക | വിശദാംശം |
|---|---|---|---|
| 1 | 162/ 6-5-2017 | 56427 | പട്ടാമ്പി മെയിൻ സ്കീം കുടിവെള്ള പദ്ധതിക്കായി 10 എച്ച്.പി മോട്ടോർ വാങ്ങിയതിന് ഫൈസൽ.പി, ഷമാസ് ട്രേഡിംഗ് കമ്പനി, ഓങ്ങല്ലൂരിന് നൽകിയിട്ടുണ്ട്.<br>**വാങ്ങൽ രേഖകൾ, സ്റ്റോക്ക് രജിസ്റ്റർ, ഇൻസ്റ്റലേഷൻ റിപ്പോർട്ട് എന്നിവ ലഭ്യമായില്ല.** |
| 2 | 165/ 16-5-17 | 54327 | പട്ടാമ്പി ത്വരിത ഗ്രാമീണ കുടിവെള്ള പദ്ധതിക്കായി 10 എച്ച്.പി മോട്ടോർ വാങ്ങിയതിന് ഫൈസൽ.പി, ഷമാസ് ട്രേഡിംഗ് കമ്പനി, ഓങ്ങല്ലൂരിന് നൽകിയിട്ടുണ്ട്.<br>**വാങ്ങൽ രേഖകൾ, സ്റ്റോക്ക് രജിസ്റ്റർ, ഇൻസ്റ്റലേഷൻ റിപ്പോർട്ട് എന്നിവ ലഭ്യമായില്ല.** |

മുനിസിപ്പൽ കൗൺസിലിന്റെ 21-2-2017 ലെ 7(6), 7(7) തീരുമാനങ്ങൾ പ്രകാരമാണ് വാങ്ങലുകൾ നടത്തിയിട്ടുള്ളത്.

മേൽ വാങ്ങലുകൾ ഒരേ തിയതിയിലാണ് നടത്തിയിട്ടുള്ളത്. രണ്ട് വാങ്ങലുകളുടേയും ആകെ തുക ഒരു ലക്ഷത്തിന് മുകളിൽ ആയതിനാൽ സ.ഉ(പി)നം. 259/2010/തസ്വഭവ തിയതി 8-11-2010 പ്രകാരം പുറപ്പെടുവിച്ച പ്രൊക്യർമെന്റ് മാർഗ്ഗരേഖ പ്രകാരം, ഓപ്പൺ ടെണ്ടർ നടപടിക്രമം

പാലിച്ച് വാങ്ങൽ നടത്തേണ്ടതായിരുന്നു. തുക വിഭജിച്ച് വാങ്ങൽ നടത്തിയത് പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയുടെ ലംഘനമാണ്.
വാങ്ങലുകൾ നടത്തിയതിന്റെ യാതൊരു അനുബന്ധ രേഖകളും പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല.

രേഖകൾ ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 24(4)/20.12.18 ന് മറുപടി നൽകിയിട്ടില്ല. ആയതിനാൽ ചെലവഴിച്ച ആകെ തുക 110754/- രൂപ രേഖകൾ ലഭ്യമാകുന്നതുവരെ തടസ്സത്തിൽ വയ്ക്കുന്നു.
രേഖകൾ ലഭ്യമാക്കി തടസ്സവാദം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
തുടർന്നുള്ള വാങ്ങലുകളിൽ പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
ചെലവിനെ സാധൂകരിക്കുന്ന എല്ലാ രേഖകളും സൂക്ഷിക്കുന്നുണ്ടെന്ന് അക്കൗണ്ടിംഗ് സെക്ഷനും മേൽനോട്ടച്ചുമതലയുള്ള ഓഫീസർമാരും മരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയും ഉറപ്പാക്കേണ്ടതാണ്.

# 3-13 കുടിവെള്ള പദ്ധതിയുടെ മോട്ടോർ മാറ്റി സ്ഥാപിക്കൽ - രേഖകൾ ഹാജരാക്കാത്തതിനാൽ തുക തടസ്സത്തിൽ വയ്ക്കുന്നു

വള്ളൂർ സ്കൂളിന് സമീപമുള്ള കുടിവെള്ള പദ്ധതിയുടെ കുഴൽ കിണറിൽ 5HP യുടെ മോട്ടോർ നീക്കം ചെയ്ത് 10HP യുടെ മോട്ടോറും അനുബന്ധ സാമഗ്രികളും സ്ഥാപിക്കുന്ന പ്രവൃത്തി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നിർവ്വഹിക്കുന്നതിനായി 52960/- രൂപ തനത് ഫണ്ടിൽ നിന്നും അനുവദിച്ചിട്ടുണ്ട്. (13-3-2017 ലെ കൗൺസിലിന്റെ 4(7)-ാം നമ്പർ തീരുമാനം).

വൗ.നം. 95/27-4-17 – 52960/- രൂപ (ചെക്ക് നം. 02072575/27-4-17)

രാകേഷ്, ഡെൽറ്റാ ഇൻഡസ്ട്രീസ്, വാടാനാംകുറിശ്ശി എന്ന സ്ഥാപനത്തിൽ നിന്നും ക്വട്ടേഷൻ നപടികളിലൂടെയാണ് മോട്ടോർ വാങ്ങിയിട്ടുള്ളത്.

നീക്കം ചെയ്ത 5 HP യുടെ പഴയ മോട്ടോർ തിരികെ ലഭ്യമാക്കി സ്റ്റോക്കിലെടുത്തിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമായില്ല. നിലവിൽ എവിടെയാണ് മോട്ടോർ സൂക്ഷിച്ചിട്ടുള്ളതെന്നും വ്യക്തമല്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 24(5)/20.12.18 ന് മറുപടി നൽകിയിട്ടില്ല.
നീക്കം ചെയ്ത 5 HP -യുടെ പഴയ മോട്ടോർ സംബന്ധിച്ച രേഖകൾ ഹാജരാക്കുന്നതുവരെ ചെലവഴിച്ച തുകയായ 52960/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.
രേഖകൾ ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-14 വീട് പുനരുദ്ധാരണം-ഒന്നാം ഗഡു കൈപ്പറ്റിയിട്ടും നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല

2016-17 വർഷത്തെ വീട് പുനരുദ്ധാരണം എസ്.സി എന്ന പ്രൊജക്ടിൽ വിശ്വനാഥൻ, S/o. ചാമി, പാറത്തൊടി വീട്, ശങ്കരമംഗലം എന്നയാൾക്ക് 10000/- രൂപ ഒന്നാം ഗഡു ധനസഹായമായി നൽകിയിരുന്നു. (അക്കൗണ്ട് നം 570902010009648-യൂണിയൻ ബാങ്ക് പട്ടാമ്പി). 2017-18 വർഷത്തിൽ രണ്ടാം ഗഡു നൽകുന്നതിനായി പൂർത്തീകരണ/മൂല്യനിർണയ സർട്ടീഫിക്കറ്റ് നൽകുന്നതിന് മുൻസിപ്പൽ ഓവർസിയർ വീട് പരിശോധിച്ചപ്പോൾ ടിയാൻ യാതൊരു വിധ പ്രവൃത്തിയും നടത്തിയിട്ടില്ലെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ എ2-2701/17 തീ.07.042018 പ്രകാരം ടിയാന് ഒന്നാം ഗഡു ധന സഹായമായി കൈപ്പറ്റിയ 10000 രൂപ 18% പലിശ സഹിതം തിരികെ അടവാക്കുന്നതിന് കത്ത് നൽകിയിരുന്നുവെങ്കിലും തുക ഈടാക്കിയതായി കാണുന്നില്ല. ടിയാൻ 01.03.2017 ന് മുൻസിപ്പൽ സെക്രട്ടറിയുമായി ചമച്ച കരാറിൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവൃത്തി പൂർത്തിയാക്കുമെന്നും അല്ലാത്തപക്ഷം കൈപ്പറ്റിയ തുക 12% പലിശ സഹിതം തിരികെ നൽകാൻ ബാധ്യസ്ഥനാണെന്നും അല്ലാത്തപക്ഷം ടിയാന്റെ സ്ഥാവര ജംഗമ സ്വത്തുക്കളിൽ നിന്നോ, അനന്തരാവകാശികളിൽനിന്നോ റവന്യൂ റിക്കവറി നടപടികളിലൂടെ ഈടാക്കുന്നതിന് സമ്മതിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.11/18.12.2018) മറുപടി നൽകിയിട്ടില്ല.
തുക പലിശ സഹിതം തിരികെ ഈടാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-15 പി എം എ വൈ ഭവന പദ്ധതി -ഒന്നാം ഗഡു കൈപ്പറ്റിയതിന് ശേഷം പ്രവൃത്തി പൂർത്തീകരിക്കുകയോ,തുക തിരിച്ചടവാക്കുകയോ ചെയ്തിട്ടില്ല

താഴെ പറയുന്ന ഗുണഭോക്താവ് പി എം എ വൈ ഭവന പദ്ധതിയിൽ നഗരസഭയുമായി കരാറിൽ ഏർപ്പെടുകയും ഭവന നിർമ്മാണ പ്രവൃത്തിയുടെ ഒന്നാംഗഡു ധനസഹായം കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്.

| ക്രമ നം. | പ്രൊജക്ട് നം | അടങ്കൽ | ഗുണഭോക്താവ് | കൈപ്പറ്റിയ തുക |
|---|---|---|---|---|
| 1 | 200/2017-18<br>പി എം എ വൈ ഭവന പദ്ധതി -ജനറൽ | വികസന ഫണ്ട്-5516643<br>തനതുഫണ്ട്-33357<br>ആകെ-5550000 | മിനി പി.w/o<br>വിജയൻ പവ്വത്ത് വീട്<br>കീഴായൂർ | 30000 (21700471 /11.07.2017) |

ഗുണഭോക്താവ് 10.07.2017 ന് മുൻസിപ്പൽ സെക്രട്ടറിയുമായി ചമച്ച കരാറിൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവൃത്തി പൂർത്തിയാക്കുമെന്നും അല്ലാത്തപക്ഷം കൈപ്പറ്റിയ തുക 12% പലിശ സഹിതം തിരികെ നൽകാൻ ബാധ്യസ്ഥനാണെന്നും അല്ലാത്തപക്ഷം തങ്ങളുടെ സ്ഥാവരജംഗമ സ്വത്തുക്കളിൽ നിന്നോ, അനന്തരാവകാശികളിൽനിന്നോ റവന്യൂ റിക്കവറി നടപടികളിലൂടെ ഈടാക്കുന്നതിന് സമ്മതിച്ചിട്ടുണ്ട്. ടിയാരി നാളിതുവരെയായി ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. ആയതിനാൽ ടിയാരിയുടെ ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിനോ, പൂർത്തിയാക്കാത്ത പക്ഷം തുക തിരികെ ഈടാക്കുന്നതിനായി സ്വീകരിച്ച തുടർ നടപടികൾ അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 31/22.12.2018) ടിയാരിയുടെ നിലവിലെ വീട് പൊളിച്ച് പ്രസ്തുത സ്ഥലത്ത് വേണം പുതിയ വീട് നിർമ്മിക്കാൻ, ആയതിന് ടിയാരി തയ്യാറല്ലാത്തതിനാൽ കൈപ്പറ്റിയ തുക നിയമാനുസൃത പലിശ സഹിതം തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.
തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-16 റെയിൽവെ ഫൂട്ട് ഓവർ ബ്രിഡ്ജ് നിർമ്മാണം- നടപടിക്രമങ്ങൾ പാലിക്കാതെ തുക അനുവദിച്ചതിനാൽ മുനിസിപ്പൽ ഫണ്ടിന് 4,25,415 രൂപയുടെ നഷ്ടം

പ്രോജക്റ്റ് നം.341/18

പ്രോജക്റ്റിന്റെ പേര്-റെയിൽവെ ഫൂട്ട് ഓവർ ബ്രിഡ്ജ് തുക കൈമാറൽ

അടങ്കൽ-₹ 62,70,333/- (തനത് ഫണ്ട്)

ചെലവ്- ₹ 62,70,333/- (ചെക്ക് നം.02099857/17-01-2018)

നിർവ്വഹണ ഉദ്യോഗസ്ഥൻ: സെക്രട്ടറി

പട്ടാമ്പി റെയിൽവേ സ്റ്റേഷൻ പരിസരത്ത് റെയിൽവെ ഫൂട്ട് ഓവർ ബ്രിഡ്ജ് നിർമ്മാണത്തിനായി മുനിസിപ്പൽ ഫണ്ടിൽ നിന്നും 62,70,333 രൂപ വകയിരുത്തി ആവിഷ്കരിച്ച പ്രൊജക്റ്റ് പ്രകാരം മുൻകൂറായി ₹ 62,70,333/- സതേൺ റെയിൽവെയ്ക്ക് കൈമാറിയിട്ടുണ്ട്. ആയതിൽ നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടോ എന്നും പദ്ധതിലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്നും പരിശോധിച്ചതിൽ തുക കൈമാറിയത് നടപടിക്രമങ്ങൾ പാലിക്കാതെയാണെന്നും പദ്ധതി ഉപേക്ഷിക്കപ്പെട്ടതായും ബോധ്യപ്പെട്ടു.

വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

2017-18 സാമ്പത്തിക വർഷത്തിൽ റോഡ്, കലുങ്ക്, പാലങ്ങൾ എന്ന വർക്കിംഗ് ഗ്രൂപ്പിലോ മരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയിലോ റെയിൽവെ ഫൂട്ട് ഓവർ ബ്രിഡ്ജ് നിർമ്മിക്കുന്നതിന് റെയിൽവെയ്ക്ക് തുക കൈമാറുന്നത് സംബന്ധിച്ച് ഒരു ചർച്ചയും വന്നിട്ടില്ലെന്ന് മിനിറ്റ്സുകൾ പരിശോധിച്ചതിൽ ബോധ്യപ്പെട്ടു. കൗൺസിലിന്റെ 22-06-2017 ലെ 11-ാം നമ്പർ തീരുമാന പ്രകാരമാണ് തുക കൈമാറിയിട്ടുള്ളത്. റെയിൽവെയുമായി കരാർ ചമക്കാതെയാണ് മുൻകൂർ തുക കൈമാറിയിട്ടുള്ളത്.

മുനിസിപ്പൽ ഫണ്ടിൽ നിന്നും 62.70 ലക്ഷം രൂപ വകയിരുത്തിയത് നഗരസഭയുടെ സാമ്പത്തിക സ്ഥിതി വിലയിരുത്തിയില്ല എന്നും ബോധ്യപ്പെട്ടു.

റെയിൽവെയുടെ രേഖകൾ പ്രകാരം പദ്ധതിയുടെ എസ്റ്റിമേറ്റ് ₹ 21270786/- രൂപയാണ്. ആയതിലേക്ക് വിഹിതം നൽകുന്നതിനു മുമ്പായി മറ്റ് ഫണ്ടുകൾ ഏതൊക്കെയെന്ന് നഗരസഭ റെയിൽവേയോട് അന്വേഷിച്ചതായും രേഖകളില്ല.

ആവശ്യകത വിലയിരുത്താതെ പ്രൊജക്റ്റ് ആവിഷ്കരിച്ചതായും നടപടിക്രമങ്ങൾ പാലിക്കാതെ തുക കൈമാറിയതായും വിലയിരുത്തുന്നു.

28-5-2018 ലെ റെയിൽവെയുടെ പാലക്കാട് ഡിവിഷണൽ മാനേജരുടെ കത്ത് പ്രകാരം ഫൂട്ട് ഓവർ ബ്രിഡ്ജിന് പകരം ലിമിറ്റഡ് യൂസ് സബ്‌വേ എന്ന പദ്ധതി എം.പി ഫണ്ട് ഉപയോഗപ്പെടുത്തി പൂർത്തീകരിക്കുവാൻ തീരുമാനിച്ചതായും ഫൂട്ട് ഓവർ ബ്രിഡ്ജ് പദ്ധതി ഉപേക്ഷിച്ചതായും നഗരസഭയെ അറിയിച്ചിട്ടുണ്ട്.

തുക കൈമാറിയതിനുശേഷം പദ്ധതി നടപ്പാകാതിരുന്ന സാഹചര്യത്തിൽ ₹ 4,25,415/- രൂപ സെന്റേജ് ചാർജ്ജ് ഈടാക്കിയതിനുശേഷമാണ് റെയിൽവെ നഗരസഭയ്ക്ക് തുക തിരികെ നൽകിയതെന്ന് പരിശോധനയിൽ കണ്ടെത്തി.

തിരികെ ലഭ്യമായ തുകയുടെ വിവരം:

- ₹ 58,44,918/- രൂപയാണ് നഗരസഭയ്ക്ക് തിരികെ ലഭ്യമായിട്ടുള്ളത്. യൂണിയൻ ബാങ്ക് അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം.570902010008555) 30-11-2018 നാണ് തിരിക ലഭ്യമായത്.

പദ്ധതി നടപ്പിലാകാതെ സെന്റേജ് ചാർജ് ഈടാക്കിയത് എന്ത് അടിസ്ഥാനത്തിലാണ് എന്ന് ഫയൽ പരിശോധിച്ചതിൽ നിന്നും വ്യക്തമായിട്ടില്ല. റെയിൽവെ ഇക്കാര്യം വ്യക്തമാക്കിയതായും കാണുന്നില്ല.

നടപ്പാകാതിരുന്ന പദ്ധതിക്കായി റെയിൽവേ ഈടാക്കിയ 4,25,415/- രൂപയുടെ സെന്റേജ് ചാർജ്ജ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണം നം. 5/17-12-2018 നുള്ള മറുപടിയിൽ പൊതുജനങ്ങൾക്ക് പ്രയോജനപ്പെടുമെന്നതിനാലാണ് ഭരണ സമിതി തീരുമാന പ്രകാരം പദ്ധതി യുടെ അംഗീകാരം വാങ്ങിയതെന്നും തുക റെയിൽവേക്ക് കൈമാറിയതെന്നും അറിയിച്ചിട്ടുണ്ട്. നഗരസഭയുമായി യാതൊരു കൂടിയാലോചനയും നടത്താതെ പദ്ധതി വ്യതിചലിക്കുകയും 3.71 കോടി രൂപയുടെ പുതിയ പദ്ധതി നഗരസഭയുടെ നയപരമായ തീരുമാനത്തിന് വിരുദ്ധമായതിനാലുമാണ് തുക തിരിച്ചു പിടിക്കുന്നതിന് നടപടി സ്വീകരിച്ചത്. അനധികൃതമായി ഈടാക്കിയ തുക തിരികെ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

എഗ്രിമെന്റ് ചമച്ച് റെയിൽവേയ്ക്ക് കൈമാറിയിരുന്നുവെങ്കിൽ ഇത്തരത്തിൽ തുക ഈടാക്കുമായിരുന്നില്ല എന്ന് വിലയിരുത്തുന്നു. എഗ്രിമെന്റ് ഇല്ലാതെ അനുവദിച്ച തുകയിൽ റെയിൽവെ പിടിച്ചുവെച്ച തുക തിരികെ ലഭ്യമാകുന്നതിനുള്ള സാധ്യതയില്ലെന്നും മുനിസിപ്പൽ ഫണ്ട് പാഴായെന്നും ഓഡിറ്റ് വിലയിരുത്തുന്നു. ഈ സാഹചര്യത്തിൽ നടപ്പാകാത്ത പദ്ധതിക്കായി ചെലവഴിച്ച ₹ 4,25,415/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തുക ഈടാക്കി മുനിസിപ്പൽ ഫണ്ടിൽ വരവു വെക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-17 നെൽകൃഷിക്ക് ഉഴവുകൂലി - മാർഗ്ഗരേഖ പ്രകാരം അനുവദനീയമായതിൽ കൂടുതൽ സബ്സിഡി അനുവദിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്

പ്രോജക്റ്റ് നം.121/18

പ്രോജക്റ്റിന്റെ പേര്-സമൃദ്ധി- നെൽകൃഷിക്ക് ഉഴവുകൂലി

അടങ്കൽ-₹ 17,25,000/- (16,20,900-ധനകാര്യ കമ്മീഷൻ അവാർഡ്, 79100-തനത് ഫണ്ട്, 25000-മറ്റുള്ളവ)

ചെലവ്- ₹ 8,97,885/- (ബിൽ നം.3/17-03-2018/17-03-2018- 474130, ബിൽ നം.7/24- 03-2018/17-03-2018- 423755 )

പദ്ധതി മാർഗ്ഗരേഖ (ജി.ഒ(എം.എസ് )നം.72/2017/തസ്വഭവ തീയതി: 29-03-2017), സബ്സിഡി മാർഗ്ഗരേഖ (സ.ഉ(എം.എസ്)നം.80/2017/ തസ്വഭവ, തിയതി.03-04-2017) എന്നിവയിൽ നിഷ്കർഷിച്ച പ്രകാരമാണോ മേൽ പ്രൊജക്റ്റ് നടപ്പിലാക്കിയത് എന്ന് പരിശോധിക്കാനാണ് ലക്ഷ്യമിട്ടത്.

സബ്സിഡി മാർഗ്ഗരേഖ പ്രകാരം നെൽകൃഷി കൂലിചെലവിന് ഒരു ഹെക്ടറിന് 17000 രൂപ (പരമാവധി 30000 രൂപ) യാണ് അനുവദിക്കാവുന്നത്. നിർവഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസർ നെൽകൃഷിക്ക് ഉഴവുകൂലി എന്ന പദ്ധതി നടപ്പിലാക്കിയതിൽ 4 കർഷകർക്ക് സബ്സിഡി അധികം നൽകിയെന്ന് പരിശോധനയിൽ കണ്ടെത്തി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കർഷകന്റെ പേര് | IFSC കോഡ്/ അക്കൗണ്ട് നമ്പർ | കർഷകന് നൽകിയ തുക (₹) | അധികം നൽകിയത് (₹) |
|---|---|---|---|---|
| 1 | അലവി.കെ.ടി | CNRB000853/0853110000007 | 33660 | 3660 |
| 2 | അഷറഫുദ്ദീൻ | CNRB0000742/0742101034643 | 34000 | 4000 |
| 3 | നഫീസക്കുട്ടി | PNB0433000/4330000100076743 | 34000 | 4000 |
| 4 | യൂസഫ്.കെ.ടി | CNRB0000742/0742104031243 | 34000 | 4000 |
| | ആകെ | | | 15660 |

അധികം നൽകിയ തുക തിരികെ ഈടാക്കുന്നതിനും തിരിച്ചടയ്ക്കുന്നതിനുമായി സ്വീകരിച്ച നടപടികൾ സംബന്ധിച്ച് ഓഡിറ്റ് അന്വേഷണത്തിന് (നം.12/18-12-2018) മറുപടിയായി കർഷകർക്ക് അധികം നൽകിയ സബ്സിഡി ₹ 15660/- കൃഷി ഓഫീസർ നഗരസഭ തനത് ഫണ്ടിൽ അടവാക്കിയതിന്റെ രസീതി ഹാജരാക്കിയിട്ടുണ്ട്. (രസീതി നം.01/118030120341/18.12.2018). രസീതിയുടെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ട്.
ഇത്തരത്തിലുള്ള അപാകത വരാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-18 മൃഗസംരക്ഷണ മേഖലയിൽ ആവിഷ്കരിച്ച പ്രൊജക്ടുകൾ നടപ്പിലാക്കിയിട്ടില്ല

2017-18 വർഷത്തെ പദ്ധതി നടത്തിപ്പിന്റെ ഭാഗമായി മൃഗസംരക്ഷണവും ക്ഷീരവികസനവും എന്ന വർക്കിംഗ് ഗ്രൂപ്പിന്റെ 20.03.2017 ലെ യോഗത്തിൽ വിവിധ വാർഡ് സഭകളിൽ നിന്ന് ഉയർന്നുവന്ന കന്നുകുട്ടി പരിപാലനം, ആട്ടുവളർത്തൽ, മുട്ടക്കോഴി, പശുവളർത്തൽ എന്നിവയ്ക്കായി പ്രൊജക്റ്റ് രൂപീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കപ്പെട്ടിട്ടുണ്ട്. 23.05.2017 ലെ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ യോഗത്തിൽ കരട് പദ്ധതിരേഖ അംഗീകരിക്കുകയും ഭരണസമിതിക്ക് ശുപാർശ നൽകുകയും

ചെയ്തിട്ടുണ്ട്. 13.06.2017 ന് നഗരസഭയുടെ 2017-18 വർഷത്തെ പദ്ധതികൾക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. 26.08.2017 ലെ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗം ഗുണഭോക്തൃലിസ്റ്റ് അംഗീകരിക്കുകയും ആയത് നിർവ്വഹണ ഉദ്യോഗസ്ഥർക്ക് കൈമാറുന്നതിന് ശുപാർശ നൽകുകയും ചെയ്തിട്ടുണ്ട്. മൃഗസംരക്ഷണ മേഖലയിൽ തൻവർഷം ആവിഷ്കരിച്ച പദ്ധതികളിൽ ഭൂരിഭാഗവും തൻവർഷം നടപ്പാക്കിയിട്ടില്ലെന്ന് കണ്ടെത്തി.

തൻവർഷത്തിൽ സീനിയർ വെറ്ററിനറി സർജ്ജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെ പറയുന്ന പ്രൊജക്ടുകൾക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിലും ഒരു പ്രൊജക്റ്റ് മാത്രമാണ് നടപ്പാക്കിയത്.

| ക്രമ നം. | പ്രൊജക്ട് | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | 115/17-18മുട്ടക്കോഴി വളർത്തൽ-ജനറൽ | 203000 | 120000 |
| 2 | 116/17-18<br>കന്നുകുട്ടി പരിപാലനം-ജനറൽ | 1200000 | 0 |
| 3 | 125/17-18മുട്ടക്കോഴി വളർത്തൽ-ജനറൽ | 134082 | 0 |
| 4 | 365/17-18ആട്ടുവളർത്തൽ വനിത | 1360000 | 0 |
| | ആകെ | 2897082 | 120000 |

21.02.2018 ലെ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിൽ വെറ്ററിനറി സർജ്ജൻ നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രൊജക്ടുകൾ ഒന്നും തന്നെ നടപ്പിലാക്കിയിട്ടില്ലെന്ന് വിലയിരുത്തുകയും പ്രൊജക്ടുകൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ടെങ്കിലും മുട്ടക്കോഴി വളർത്തൽ-ജനറൽ (115/17-18) എന്ന പ്രൊജക്ട് ഒഴികെ മറ്റൊന്നും തന്നെ നടപ്പിലാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.11/18.12.2018 ന് കന്നുകുട്ടി പരിപാലനം-ജനറൽ പ്രൊജക്ടിന് സംസ്ഥാന വിഹിതം ലഭ്യമാകാത്തതു കാരണമാണ് പ്രൊജക്ട് നടപ്പിലാക്കാത്തതെന്നും ആട്ടുവളർത്തൽ-വനിത പ്രൊജക്ടിന് ആവശ്യമായ ഗുണഭോക്തൃലിസ്റ്റ് നിരവധി തവണ ആവശ്യപ്പെട്ടിട്ടും 14.03.2018 നാണ് ലഭിച്ചതെന്നും തൻമൂലം നടപ്പിലാക്കിയില്ലെന്നും മറുപടി നൽകിയിട്ടുണ്ട്.

സ.ഉ(എം.എസ്)നം.79/2017/ത.സ്വ.ഭ.വ തീ. 03.04.2017 പ്രകാരം പുറപ്പെടുവിച്ച 2017-18 വർഷത്തെ പദ്ധതി മാർഗ്ഗ രേഖയിൽ കരട് പദ്ധതിരേഖ തയ്യാറാക്കുന്നതിനു മുൻപ് സംയുക്ത പ്രൊജക്ടുകളെക്കുറിച്ച് ചർച്ച ചെയ്ത് വിഭവസമാഹരണം ഉറപ്പിക്കുവാൻ സ്ഥാപന മേധാവികളുടെ സംയുക്ത യോഗം നിർബന്ധമായും ചേരേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട് സ.ഉ(എം.എസ്)നം.80/2017/ത.സ്വ.ഭ.വ തീ 03.04.2017 പ്രകാരം പുറപ്പെടുവിച്ച 2017-18 വർഷത്തെ സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 8.2.6 പ്രകാരം പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയുടെ സംസ്ഥാന വിഹിതം ലഭ്യമാകുന്നില്ലെങ്കിൽ ആ തുകകൂടി തദ്ദേശ സ്ഥാപനം നൽകേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്.
ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിക്കുകയും ഗുണഭോക്തൃ ലിസ്റ്റ് ഉണ്ടായിട്ടും പ്രൊജക്ടുകൾ നടപ്പിലാക്കാതിരുന്നത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ വീഴ്ചയായി വിലയിരുത്തുന്നു.
പദ്ധതി മാർഗരേഖ, സബ്സിഡി മാർഗ്ഗരേഖ എന്നിവയിലെ നടപടിക്രമങ്ങൾ യഥാവിധി ഉൾക്കൊള്ളാതെ പ്രൊജക്ടുകൾ തയ്യാറാക്കിയതുമൂലം, നടപ്പിലാക്കാൻ കഴിയാതെ വരുകയും അർഹരായ ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിക്കാതാവുകയും ചെയ്തു. ഭാവിയിൽ നടപടി ക്രമങ്ങൾ പാലിച്ച് പ്രൊജക്ടുകൾ തയ്യാറാക്കുകയും ആയത് സമയബന്ധിതമായി നടപ്പിലാക്കുകയും ചെയ്യേണ്ടതാണ്.

# 3-19 അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് പ്രൊജക്ടുകൾ രൂപീകരിച്ചിട്ടില്ല

**പട്ടാമ്പി നഗരസഭയിലെ അങ്കണവാടികളുടെ അടിസ്ഥാന വിവരങ്ങൾ ചുവടെ കൊടുക്കുന്നു.**

| | | |
|---|---|---|
| 1. | അങ്കണവാടികളുടെ എണ്ണം | 22 |
| 2. | സ്വന്തമായി കെട്ടിടമുള്ളവയുടെ എണ്ണം | 20 |
| 3 | കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമായവ | 1 |
| 4 | കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം ലഭിക്കുന്നതിന് സാധ്യതയുള്ളത്. | - |
| 5 | വാടക കെട്ടിത്തിൽ പ്രവർത്തിക്കുന്നവ | 2 |
| 6 | ടോയ്ലറ്റ് സൗകര്യം ഉള്ളവയുടെ എണ്ണം | 22 |
| 7 | ബേബി ഫ്രണ്ട്ലി ടോയ്ലറ്റ് ഉള്ളവ | 0 |
| 8 | ചുറ്റുമതിൽ ഉള്ളവയുടെ എണ്ണം | 17 |
| 9 | വൈദ്യുതി ഉള്ളവ | 22 |
| 10 | കുടിവെള്ള സൗകര്യം | 22 (പൈപ്പ് ലൈൻ -20,<br>കിണർ- 2) |
| 11. | ഗ്യാസ് കണക്ഷൻ ഉള്ളവ | 22 |
| 12 | ഫിറ്റ്നസ് ഉള്ള കെട്ടിടങ്ങളിലാണോ അങ്കണവാടികൾ പ്രവർത്തിക്കുന്നത്? എല്ലാ വർഷവും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് വാങ്ങുന്നുണ്ടോ? | അതെ |

| | | |
|---|---|---|
| 13 | വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ വാടക നൽകുന്നത്. | സാമൂഹ്യ നീതി വകുപ്പ്. |

2017-18 വർഷത്തിൽ സാമൂഹ്യക്ഷേമ വർക്കിംഗ് ഗ്രൂപ്പ് മുഖാന്തിരം 61-ാം നമ്പർ അങ്കണവാടിയിൽ അടുക്കള, 56-ാം നമ്പർ അങ്കണവാടിക്ക് ചുറ്റുമതിൽ, വയറിംഗ്, കൊടലൂർ അംഗൻവാടി മാതൃകാ അങ്കണവാടിയായി ഉയർത്തുക എന്നീ നിർദ്ദേശങ്ങൾ നൽകിയെങ്കിലും ബന്ധപ്പെട്ട ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ആയത് ഉൾപ്പെടുത്തി പ്രൊജക്റ്റുകൾ രൂപീകരിച്ചിട്ടില്ല. സംയോജിത പോഷകാഹാര പരിപാടിയുടെ കേന്ദ്രസഹായത്തിൽ 31.03.2018 ന് 2416537/-രൂപ നീക്കിയിരിപ്പുണ്ട് (ബാലൻസ് ഷീറ്റ് B4)2018 ലെ പ്രളയക്കെടുതിയിൽ തകർന്ന പരുവക്കടവിൽ ഉള്ള 62-ാം നമ്പർ അങ്കണവാടിയുടെ പുനർനിർമ്മാണം അടിയന്തിരമായി നടപ്പിലാക്കേണ്ടതുണ്ട്. നം. 39033/ഡി സി2/2010/ തസ്വഭവ തിയതി 3.09.10 സർക്കുലർ പ്രകാരം പൂരക പോഷകാഹാര പരിപാടിയ്ക്ക് ലഭ്യമാകുന്ന കേന്ദ്രസഹായത്തിലെ ശേഷിക്കുന്ന തുക ഉപയോഗിച്ച് അങ്കണവാടികളിൽ കുടിവെള്ളം, ചുറ്റുമതിൽ, പെയിന്റിംഗ്, ബേബി ഫ്രണ്ട്‌ലി ടോയ്‌ലറ്റ് മുതലായ പ്രവൃത്തികളും ഊഞ്ഞാൽ, സീസോ തുടങ്ങിയ കളിപ്പാട്ടങ്ങളും, വൈദ്യുതീകരണം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളും ഏർപ്പെടുത്താവുന്നതാണ്.
ആവശ്യകത വിലയിരുത്തി പ്രൊജക്റ്റുകൾ രൂപീകരിച്ച് നടപ്പിലാക്കേണ്ടതാണ്.
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-20 സാമൂഹ്യ സുരക്ഷാ മിഷൻ വയോമിത്രം പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല

പ്രോജക്റ്റ് നം.367/18

പ്രോജക്റ്റിന്റെ പേര്- സാമൂഹ്യ സുരക്ഷാ മിഷന് വയോമിത്രം പദ്ധതി

അടങ്കൽ-₹ 10,00,000/- (പ്ലാൻ ഫണ്ട് ജനറൽ)

ചെലവ്- ₹10,00,000/- (ബിൽ നം.23/18-01-2018 - 350000, 31/26-03-2018- 650000 )

മേൽ പറഞ്ഞ പ്രോജക്റ്റ് പ്രകാരം ₹10,00,000/- കേരള സാമൂഹ്യ സുരക്ഷാ മിഷന് കൈമാറിയതിൽ ₹6,50,000/- രൂപയുടെ വിനിയോഗ്യ സാക്ഷ്യപത്രം മാത്രമാണ് ലഭ്യമായത്. എന്നാൽ ₹3,50,000/- കൈമാറിയതിന് വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. സാക്ഷ്യപത്രം നാളിതുവരെയും ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം.10/17-12-2018)

# 3-21 ആശ്രയ പദ്ധതിക്ക് തുക കൈമാറിയത് നാളിതുവരെയും ചെലവഴിച്ചില്ല

| ക്രമ നം. | പ്രോജക്റ്റ് നമ്പരും, പേരും | അടങ്കൽ (₹) | ചെലവ് (₹) |
|---|---|---|---|
| 1 | 9/18, ആശ്രയ ഭവന പുനരുദ്ധാരണം (Spill Over) | 1,00,000/- (പ്ലാൻ ഫണ്ട് (ജനറൽ) | 1,00,000/- (ബിൽ നം.28/16-03-2018 ) |
| 2 | 194/18, ആശ്രയ പദ്ധതി | 2,00,000/- (പ്ലാൻ ഫണ്ട് (ജനറൽ) | 2,00,000/- (ബിൽ നം.29/16-03-2018 ) |

നിർവ്വഹണം : സെക്രട്ടറി

സി.ഡി.എസ് ചെയർ പേഴ്സൺ, മെമ്പർ സെക്രട്ടറി എന്നിവരുടെ ജോയിന്റ് അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം.570902010004641, യൂണിയൻ ബാങ്ക്, പട്ടാമ്പി) 2,00,000 രൂപ കൈമാറിയതല്ലാതെ നാളിതുവരെയും തുക ചെലവഴിച്ചില്ലെന്ന് അക്കൗണ്ട് പരിശോധിച്ചതിൽ നിന്നും ബോധ്യപ്പെട്ടു.

ആശ്രയ പദ്ധതിയുടെ നടത്തിപ്പിനായി വികസന ഫണ്ട് കൈമാറിയത് സമയബന്ധിതമായി ചെലവഴിക്കാത്ത പക്ഷം തുക തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

തുക ചെലവഴിക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.9/17-12-2018) സ.ഉ.(എം.എസ്)നം.252/2017/തസ്വഭവ തീയതി 12.12.2017 പ്രകാരം അഗതി രഹിത കേരളം പദ്ധതിയിലേക്ക് മേൽ തുക KAASS (Kudumbasree Accounting and Auditing Service Society) ഓഡിറ്റ് പൂർത്തിയാക്കിയതിന് ശേഷം വകയിരുത്താമെന്ന് പ്രതിപാദിച്ചിട്ടുണ്ട് എന്നും ആശ്രയ രണ്ടാം ഘട്ട KAASS ഓഡിറ്റ് പൂർത്തീകരിച്ചത് 30.11.2018 ലാണ് എന്നും സൂചിപ്പിച്ചിട്ടുണ്ട്. ഇക്കാരണത്താലാണ് തുക ചെലവഴിക്കാൻ കഴിയാതിരുന്നത് എന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-22 വൃദ്ധർക്ക് കട്ടിൽ വാങ്ങി നൽകൽ-വാങ്ങിയ കട്ടിലുകൾ മുഴുവനും വിതരണം ചെയ്തില്ല

പ്രോജക്റ്റ് നം.199/1018

പ്രോജക്റ്റിന്റെ പേര്- വൃദ്ധർക്ക് കട്ടിൽ വാങ്ങി നൽകൽ

അടങ്കൽ-₹ 4,78,500/- (പ്ലാൻ ഫണ്ട്-എസ്.സി.പി)

ചെലവ്- ₹ 4,14,099/- (ബിൽ നം.32/28-03-2018)

നിർവഹണ ഉദ്യോഗസ്ഥൻ- പ്രോജക്റ്റ് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജന സെൽ

മേൽ പദ്ധതി പ്രകാരം FRIENDS FURNITURE, പാതായിക്കര, പെരിന്തൽമണ്ണ എന്ന സ്ഥാപനത്തിന്റെ ഇൻവോയ്സ് (നം.12/26-03-2018) പ്രകാരം വൃദ്ധരായ ഗുണഭോക്താക്കൾക്ക് 101കട്ടിലുകൾ വിതരണം ചെയ്യുന്നതിനായി 4,14,099 രൂപ ചെലവഴിച്ചിട്ടുണ്ട്. യഥാർത്ഥ ഗുണഭോക്താക്കൾക്ക് തന്നെയാണോ കട്ടിലുകൾ ലഭ്യമായിട്ടുള്ളത് എന്ന് വിലയിരുത്തിയതിന്മേലുള്ള ഓഡിറ്റ് കണ്ടെത്തലുകളും നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

ലഭ്യമായ കട്ടിലുകൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്താതെയാണ് വിതരണം ചെയ്തിട്ടുള്ളത്. 99 കട്ടിലുകൾ വിതരണം ചെയ്തതിന്റെ കൈപ്പറ്റ് രസീതി മാത്രമാണ് ഓഡിറ്റിന് പരിശോധനയ്ക്ക് ലഭ്യമായത്. 2 എണ്ണം വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമായില്ല. വിതരണം ചെയ്യാത്ത ഒരു കട്ടിൽ ഓഫീസ് കോമ്പൗണ്ടിൽ സൂക്ഷിച്ചിട്ടുള്ളതായി കണ്ടെത്തി. ഒരെണ്ണം കണ്ടെത്താനായില്ല.

ഓഡിറ്റ് അന്വേഷണം നം. 20/20-12-2018 നുള്ള മറുപടിയിൽ രണ്ട് കട്ടിലുകളിൽ ഒരെണ്ണം നഗരസഭാ കോമ്പൗണ്ടിൽ നിലവിലുണ്ടെന്നും ഒരെണ്ണം ഒരു ഗുണഭോക്താവിന് അധികം നൽകിയതായും അനുമാനിക്കുന്നതായി അറിയിച്ചിട്ടുണ്ട്.

വിതരണത്തിൽ കൃത്യമായ മേൽനോട്ടം നടത്താതിരുന്നതിനാലാണ് അപാകത സംഭവിച്ചിട്ടുള്ളതെന്ന് വിലയിരുത്തുന്നു. വർക്കിംഗ് ഗ്രൂപ്പും സ്റ്റാന്റിംഗ് കമ്മിറ്റിയും വിതരണവിവരം വിലയിരുത്തിയിട്ടില്ല.

രണ്ട് കട്ടിലുകൾ നാളിതുവരെ വിതരണം ചെയ്യാത്ത സാഹചര്യത്തിൽ രണ്ട് കട്ടിലുകൾക്കായി ചെലവഴിച്ച 8200 രൂപ (4100x2) ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.



**നഗരസഭയിൽ വിതരണം ചെയ്യാതെ സൂക്ഷിച്ചിട്ടുള്ള കട്ടിൽ**

## 3-23 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി - അവലോകനം

നഗര പ്രദേശങ്ങളിൽ വസിക്കുന്ന അവിദഗ്ധ കായികാധ്വാനത്തിന് തയ്യാറുള്ള ഓരോ കുടുംബത്തിലെയും പ്രായപൂർത്തിയായ അംഗങ്ങൾക്ക് ഒരു സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് നൂറ് ദിവസം തൊഴിൽ ഉറപ്പാക്കുകയുമാണ് അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ ലക്ഷ്യം. നഗര പ്രദേശങ്ങളിൽ വസിക്കുന്ന ദുർബല കുടുംബങ്ങൾക്ക് മറ്റുതരത്തിലുള്ള തൊഴിലുകൾ ലഭ്യമല്ലാതിരിക്കുകയും തൊഴിൽ കുറവ് വരുന്നതുമായ അവസരങ്ങളിൽ ലഭ്യമാക്കുന്നതിനുള്ള സംസ്ഥാന സർക്കാർ പദ്ധതിയാണിത്.

2017-18 സാമ്പത്തിക വർഷത്തെ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി നടത്തിപ്പ് സംബന്ധിച്ച് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വിശദാംശങ്ങൾ | അടങ്കൽ തുക | എണ്ണം |
|---|---|---|---|
| 1 | നഗരസഭ കൗൺസിൽ അംഗീകരിച്ച പദ്ധതികൾ | 39942000 | 281 |
| 2 | ഡി.പി.സി അംഗീകരിച്ച പദ്ധതികൾ | 39942000 | 281 |
| 3 | അർബൻ അഫയേഴ്സ് റീജിയണൽ ജോയിന്റ് ഡയറക്ടർ അംഗീകരിച്ച പദ്ധതികൾ | 31479000 | 205 |

<u>വരവ്-ചെലവ് സംബന്ധിച്ച വിവരങ്ങൾ</u>

| വരവ് | തുക (₹) | ചെലവ് | തുക (₹) |
|---|---|---|---|
| അലോട്ട്മെന്റ് | 50,00,000 | ഭരണ ചെലവുകൾ | 638904 |
| പലിശ | 72,233 | വേതനം (പണിയായുധങ്ങളുടെ വാടക ഉൾപ്പെടെ) | 4305533 |
| ആകെ | 50,72,233 | ആകെ | 49,44,437 |
| നീക്കിയിരിപ്പ് | 127796 | | |

**നടപ്പിലാക്കിയ പ്രവർത്തികളുടെ വിശദാംശങ്ങൾ**

| ക്രമ നം. | പ്രവർത്തികളുടെ വിഭാഗം | 2017-18 ആക്ഷൻ പ്ലാൻ പ്രകാരം | | അംഗീകാരം ലഭിച്ചത് | | നടപ്പിലാക്കിയ പദ്ധതികൾ | |
|---|---|---|---|---|---|---|---|
| | | എണ്ണം | മനുഷ്യ ദിനങ്ങൾ | എണ്ണം | മനുഷ്യ ദിനങ്ങൾ | ചെലവഴിച്ച തുക | എണ്ണം |
| 1 | ജലസംരക്ഷണവും മഴവെള്ളക്കൊയ്ത്തും | 20 | 22080 | 20 | 22080 | 0 | 0 |
| 2 | മൈക്രോ ഇറിഗേഷൻ പ്രവർത്തികൾ | 1 | 400 | 1 | 400 | 77938 | 1 |
| 3 | വരൾച്ച തടയൽ | 3 | 1040 | 3 | 1040 | 0 | 0 |
| 4 | എസ്.സി/എസ്.ടി കേന്ദ്രാവിഷ്കൃത പദ്ധതികൾ | 25 | 15100 | 25 | 15100 | 851931 | 9 |
| 5 | പരമ്പരാഗത ജലസ്രോതസുകളുടെ പുനരുദ്ധാരണം | 47 | 16990 | 47 | 16990 | 218650 | 5 |
| 6 | അഴുക്കുചാൽ | 105 | 32840 | 105 | 32840 | 3157014 | 54 |
| 7 | കോളനി നവീകരണം | 2 | 750 | 2 | 750 | 0 | 0 |
| 8 | മാലിന്യം നീക്കം ചെയ്യൽ | 68 | 21930 | 2 | 790 | 0 | 0 |
| 9 | ഭൂവികസനം | 4 | 940 | 0 | 0 | 0 | 0 |
| 10 | മറ്റുള്ളവ | 6 | 2050 | 0 | 0 | | |
| | ആകെ | 281 | 114120 | 205 | 89990 | 4305533 | 69 |

2017-18 വർഷം നടപ്പിലാക്കിയ 69 പദ്ധതികൾക്ക് 4305533/- രൂപ ചെലവഴിച്ച് 15981 മനുഷ്യ ദിനങ്ങൾ മാത്രമാണ് സൃഷ്ടിക്കാൻ സാധിച്ചത് (അംഗീകാരം ലഭിച്ചതിന്റെ 17.76% തൊഴിൽ ദിനങ്ങൾ).

പട്ടാമ്പി നഗരസഭയിൽ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കിയത് സംബന്ധിച്ച് താഴെ പറയുന്ന അപാകതകളുണ്ട്.

1. അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ ചെലവു വിവരങ്ങൾ അടുത്ത കൗൺസിൽ യോഗത്തിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങിയില്ല.
2. സ.ഉ(കൈ)നം.216/2017/തസ്വഭവ തീയതി 03.11.2017 (അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി മാർഗരേഖ) പ്രകാരമുള്ള ആസ്തി രജിസ്റ്റർ, പ്രതിമാസ അലോട്ട്മെന്റും ധനവിനിയോഗ സർട്ടിഫിക്കറ്റും സൂക്ഷിക്കൽ രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല.
3. ജലസംരക്ഷണവും മഴവെള്ളക്കൊയ്ത്തും, വരൾച്ച തടയൽ, കോളനി നവീകരണം, മാലിന്യം നീക്കം ചെയ്യൽ, ഭൂവികസനം എന്നീ വിഭാഗത്തിലുള്ള പദ്ധതികൾക്ക് അംഗീകാരം ലഭിച്ചുവെങ്കിലും ഒരു പദ്ധതി പോലും നടപ്പിലാക്കാൻ കഴിഞ്ഞില്ല. അഴുക്കുചാൽ പ്രവർത്തിക്കാണ് പദ്ധതി ചെലവിന്റെ 73.32ശതമാനവും ചെലവഴിച്ചത്.

അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി മാർഗരേഖ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് എല്ലാ വിഭാഗം പ്രവൃത്തികളും ഏറ്റെടുക്കുവാനുള്ള ശ്രമം ഉണ്ടാകേണ്ടതാണ്.

# 3-24 സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാതെ പ്രൊജക്ട് നടപ്പിലാക്കി - 150000 രൂപ തടസ്സത്തിൽ വെക്കുന്നു

സ.ഉ(എം.എസ്)നം.80/2017/ത.സ്വ.ഭ.വ തീ 03.04.2017 പ്രകാരം പുറപ്പെടുവിച്ച 2017-18 വർഷത്തെ സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 7.5 പ്രകാരം പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കൊഴികെ ബാഗ്, ഷൂസ്, എന്നിവ വിതരണം ചെയ്യുന്ന പ്രൊജക്ടുകൾ ഏറ്റെടുക്കാൻ പാടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിന് വിരുദ്ധമായി താഴെ പറയുന്ന പ്രൊജക്ട് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | - കുടയും ബാഗും പ്രൈമറി സ്കൂളുകളിൽ |
| പ്രോജക്ട് നമ്പർ | - 118/17-18 |
| അടങ്കൽ | - 150000 (തനതു ഫണ്ട്) |
| ചെലവ് | - 150000 |
| നിർവഹണ ഉദ്യോഗസ്ഥൻ | - പ്രിൻസിപ്പാൾ, ഗവ: ഹയർസെക്കന്ററി സ്കൂൾ, പട്ടാമ്പി |
| ചെക്ക് നമ്പർ | - 3447325 തിയതി 23.09.2017 (യൂണിയൻ ബാങ്ക്, പട്ടാമ്പി ശാഖ) |
| ഇൻവോയ്സ് നമ്പർ | -1718/GLR-5 dt.14.07.17 രൂപ 150000/- (TBS publishers & distributers ,Kozhikkode) |

നഗരസഭയിലെ 7 സ്കൂളുകളിലെ ഒന്നാം ക്ലാസിൽ പഠിക്കുന്ന 294 വിദ്യാർത്ഥികൾക്കാണ് ബാഗും, കുടയും വിതരണം ചെയ്തിട്ടുള്ളത്. ഒരു വിദ്യാർത്ഥിക്ക് 510 രൂപ വീതം ചെലവഴിച്ചിട്ടുണ്ട്.

സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 2.3 ൽ സബ്സിഡി മാനദണ്ഡങ്ങളുടെ ലംഘനം തദ്ദേശ സ്ഥാപനങ്ങളുടെ ഫണ്ടിന്റെ ദുരുപയോഗമായി കണക്കാക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.02/17.12.2018) മുനിസിപ്പൽ ചെയർമാൻ പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി മുൻപാകെ അപേക്ഷ സമർപ്പിക്കുകയും, കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് പ്രൊജക്ട് നടപ്പിലാക്കിയതെന്ന് മറുപടി നൽകിയിട്ടുണ്ട്. എന്നാൽ കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ പ്രസ്തുത തീരുമാനത്തിന്റെ പകർപ്പ് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. സബ്സിഡി മാർഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രൊജക്ട് നടപ്പിലാക്കിയതിനാൽ 150000 രൂപയുടെ ചെലവ് തദ്ദേശ സ്ഥാപനങ്ങളുടെ ഫണ്ടിന്റെ ദുരുപയോഗമാണ്. ചെലവിനെ സാധൂകരിക്കുന്ന ആധികാരിക രേഖകൾ ഹാജരാക്കുന്നതുവരെ 150000 രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

# 3-25 എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം- വാങ്ങിയതും വിതരണം ചെയ്തതുമായ ലാപ്ടോപ്പുകളുടെ കണക്കിൽ വ്യത്യാസം

പ്രോജക്റ്റ് നം.210/18 (സ്പിൽ ഓവർ)

പ്രോജക്റ്റിന്റെ പേര്- എസ്.സി. വിഭാഗത്തിൽപ്പെട്ട പ്രൊഫഷണൽ, പി.ജി, പോളി ഡിപ്ലോമ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകൽ

അടങ്കൽ-₹ 4,50,000/- (പ്ലാൻ ഫണ്ട്-എസ്.സി.പി)

ചെലവ്- ₹ 4,49,820/- (ബിൽ നം.1/23-06-2017)

നിർവഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

പ്രൊജക്റ്റ് പ്രകാരം എസ്.സി. വിദ്യാർത്ഥികൾക്ക് 18 ലാപ്ടോപ്പുകൾ വാങ്ങിയ വകയിൽ എ ഡോട്ട് കമ്പ്യൂട്ടേഴ്സ്, തൃശ്ശൂർ എന്ന സ്ഥാപനത്തിന് ഇൻവോയ്സ് നം. ടി.സി.ബി.2636/23-3-2017 പ്രകാരം 4,49,820/- രൂപ അനുവദിച്ചിട്ടുണ്ട്. ലാപ്ടോപ്പുകളുടെ വിതരണത്തിലെ കൃത്യത പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

1. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 22 പേർക്ക് ലാപ്ടോപ്പുകൾ വിതരണം ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. വാങ്ങിയത് 18 എണ്ണം മാത്രമാണ്. വ്യത്യാസം വ്യക്തമാക്കിയിട്ടില്ല.

2. വാങ്ങലുകൾ നടത്തുന്നതിനുമുമ്പായി പ്രൊക്യൂർമെന്റ് കമ്മിറ്റി യോഗം ചേർന്ന് തീരുമാനം എടുത്തിട്ടില്ല. പ്രൊക്യുമെന്റ് കമ്മിറ്റി മുഖേനയല്ലാതെ വാങ്ങൽ നടത്തിയത് ക്രമപ്രകാരമല്ല.

3. പദ്ധതിയുടെ മോണിറ്ററിംഗ് നടത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

ഓഡിറ്റ് അന്വേഷണം നം.21/20-12-18 മുഖേന ചെലവ് രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെടുകയും രേഖകൾ ഹാജരാക്കുകയും ചെയ്തു. ഹാജരാക്കിയ രേഖകളിൽ കണ്ടെത്തിയ അപാകതകളാണ് മേൽ സൂചിപ്പിച്ചിട്ടുള്ളത്. ഈ വിഷയത്തിൽ അന്വേഷണം നടത്തി വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

# 3-26 സമഗ്ര പാലിയേറ്റീവ് പരിചരണ പദ്ധതി പ്രവർത്തനങ്ങൾ - മാർഗരേഖ പ്രകാരമുള്ള നടപടിക്രമങ്ങൾ കൃത്യമായി പാലിക്കുന്നില്ല

| പ്രോജക്ട് നമ്പരും പേരും | നിർവ്വഹണ ഉദ്യോഗസ്ഥൻ | അടങ്കൽ (₹) | ചെലവ് (₹) |
|---|---|---|---|
| 96/17-18, സമഗ്ര പാലിയേറ്റീവ് പരിചരണ പദ്ധതി-പ്രൈമറി | മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി പട്ടാമ്പി | 525000 (പ്ലാൻ ഫണ്ട് -ജനറല് | ബിൽനം.1/21.8.17-80026<br>4/22.9.17-21464<br>8/26.12.17-30796<br>11/16.2.18-110158<br>15/28.3.18-25798<br>ആകെ-268242 |
| 98/17-18, സമഗ്ര പാലിയേറ്റീവ് പരിചരണ പദ്ധതി-സെക്കന്ററി | | ധനകാര്യ കമ്മീഷൻ അവാർഡ്-426600 | 2/21.8.17-50160<br>5/22.9.17-35640<br>6/9.11.17-25124<br>7/20.11.17-41117<br>9/15.2.18-30750<br>16/28.3.18-20045<br>ആകെ-202836 |

**പാലിയേറ്റീവ് മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ നഗരസഭയിലെ പാലിയേറ്റീവ് പ്രവർത്തനത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.**

- പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾക്കുള്ള മാർഗ്ഗരേഖ (സ.ഉ.(സാധാ)3217/2015/തസ്വഭവ,തീയതി.29.10.2015) പ്രകാരം ഈ ഉത്തരവിലെ അനുബന്ധം. 9 ൽ കൊടുത്ത മാതൃകയിലുള്ള ഓരോ മാസത്തെ പ്രവർത്തന അവലോകന റിപ്പോർട്ടും, വരവ്-ചെലവ് കണക്കുകളും മെമ്പർ സെക്രട്ടറി (മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി പട്ടാമ്പി) യോഗത്തിൽ അവതരിപ്പിക്കേണ്ടതും അത് യോഗം വിലയിരുത്തി അംഗീകരിക്കേണ്ടതുമാണ്. എന്നാൽ ഇത്തരത്തിൽ വരവ്-ചെലവുകൾ പി.എം.സി യോഗത്തിൽ അവതരിപ്പിച്ചിട്ടില്ല.
- പി.എം.സി യോഗം രണ്ട് മാസത്തിലൊരിക്കലോ, ഇടവേളകളിൽ ആവശ്യാനുസരണമോ യോഗം ചേർന്ന് തങ്ങളുടെ പരിധിയിൽ നടക്കുന്ന പാലയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും പോരായ്മകൾ പരിഹരിക്കുന്നതിന് തീരുമാനങ്ങൾ എടുക്കേണ്ടതുമാണ് എന്ന് മേൽ ഉത്തരവിൽ പറയുന്നുണ്ട്. എന്നാൽ പ്രൈമറി കമ്മറ്റി 16.06.2017, 04.11.2017, 09.02.2018, 23.02.2018 എന്നീ തീയ്യതികളിലും സെക്കന്ററി കമ്മറ്റി 16.06.2017നും മാത്രമാണ് യോഗം ചേർന്നത്. രണ്ട് മാസത്തിലൊരിക്കൽ യോഗം ചേരണമെന്നത് കൃത്യമായി പാലിക്കുന്നില്ല.
- പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ നടത്തിപ്പിനും പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനും വേണ്ടി പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി (PMC) ഓരോ സാമ്പത്തിക വർഷാരംഭത്തിനുമുമ്പും രൂപീകരിക്കേണ്ടതാണ് എന്ന് മേൽ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും അപ്രകാരം 2017-18 സാമ്പത്തിക വർഷം പുതിയ കമ്മിറ്റി രൂപീകരിച്ചിട്ടില്ല.

  ഓഡിറ്റ് എൻക്വയറി നം. 27/21.12.2018 നുള്ള മറുപടിയിൽ ഭാവിയിൽ പാലിയേറ്റീവ് മാർഗരേഖയിലെ നിർദ്ദേശങ്ങൾ പ്രകാരമുള്ള പ്രവർത്തനങ്ങൾ നടത്തുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

  തുടർനടപടികൾ കാര്യക്ഷമമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-27 പട്ടാമ്പി നഗരസഭയിലെ മാലിന്യ സംസ്കരണ സംവിധാനം കാര്യക്ഷമമാക്കേണ്ടതാണ്

**ഓഡിറ്റ് ലക്ഷ്യം, മാനദണ്ഡം**

ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കയ്യൊഴിക്കുകയും ചെയ്യുക എന്നത് മുനിസിപ്പാലിറ്റികളുടെ അനിവാര്യ ചുമതലകളിൽ ഒന്നാണ്. പട്ടാമ്പി നഗരസഭയുടെ നിലവിലുള്ള മാലിന്യ നിയന്ത്രണ സംവിധാനം എത്രത്തോളം ഫലപ്രദമാണ് എന്നും 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 326 മുതൽ 345 വരെയുള്ള വകുപ്പുകൾ പ്രകാരം നൽകിയിട്ടുള്ള ചുമതലകളും അധികാരങ്ങളും നഗരസഭ ഫലപ്രദമായി നിർവ്വഹിക്കുന്നുണ്ടോ എന്നും നിയന്ത്രണ ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഫലപ്രദമാണോ എന്നും പരിശോധിക്കുവാനാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്. പതിമൂന്നാം പദ്ധതി മാർഗ്ഗരേഖയും സബ്ഡിഡി മാനദണ്ഡങ്ങളും മറ്റ് സർക്കാർ ഉത്തരവുകളും കണക്കിലെടുത്ത് സുസ്ഥിര മാലിന്യ നിയന്ത്രണ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ടോ എന്നും സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016, പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016,

ഇ-വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016, കൺസ്ട്രക്ഷൻ ആന്റ് ഡിമോളിഷൻ വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016 മുതലായ കേന്ദ്ര ചട്ടങ്ങൾ പ്രകാരം നഗരസഭയിൽ നിക്ഷിപ്തമായ ചുമതലകൾ നിർവ്വഹിച്ചിട്ടുണ്ടോ എന്നതും പരിശോധനാ ലക്ഷ്യത്തിൽ ഉൾപ്പെട്ടിരുന്നു.

ലക്ഷ്യത്തെ മുൻനിർത്തി, മുനിസിപ്പാലിറ്റിയുടെ നിലവിലുള്ള മാലിന്യ നിയന്ത്രണ സംവിധാനം വിലയിരുത്തുകയും വിവിധ രേഖകൾ പരിശോധിക്കുകയും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്മാരുമായി ചർച്ച നടത്തുകയും നഗരസഭയുടെ മാലിന്യ സംസ്കരണ പ്ലാന്റിൽ സന്ദർശനം നടത്തുകയും ചെയ്തു.

പരിശോധനയുടെ അടിസ്ഥാനത്തിലുള്ള കണ്ടെത്തലുകളും ഓഡിറ്റ് നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

**1. നഗരസഭയുടെ ഖരമാലിന്യ സംസ്കരണ സംവിധാനം**

പട്ടാമ്പി നഗരസഭയിലെ മൂന്നാം വാർഡിലെ ശങ്കരമംഗലം എന്ന സ്ഥലത്ത് നഗരസഭയുടെ അധീനതയിലുള്ള 3 ഏക്കർ സ്ഥലത്താണ് മാലിന്യ സംസ്കരണ സംവിധാനം പ്രവർത്തിച്ചു വരുന്നത്. പട്ടാമ്പി ടൗണിനോടടുത്തുള്ള നാല് വാർഡുകളിലെ മാലിന്യങ്ങൾ ശേഖരിക്കുന്നതിനാണ് നഗരസഭ മുൻഗണന നൽകുന്നത്. രണ്ട് ടണ്ണോളം മാലിന്യം ദിനംപ്രതി ശേഖരിച്ച് ട്രാക്ടറിന്റെ സഹായത്തോടെ പ്ലാന്റിൽ കൊണ്ടു വന്ന് നിക്ഷേപിക്കുന്ന രീതിയാണ് തുടർന്നു വരുന്നത്. ജൈവ, അജൈവ മാലിന്യങ്ങൾ വേർതിരിക്കാതെയാണ് മാലിന്യ ശേഖരണം നടത്തുന്നത്.

**എ. പ്ലാന്റിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി ആവിഷ്കരിച്ച പ്രൊജക്റ്റുകൾ**

2017-18 വർഷത്തിൽ പ്ലാന്റിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി വിവിധ പ്രൊജക്റ്റുകൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| 1 | **ഷെഡ് നവീകരണം**<br>പ്ലാന്റിൽ മുൻപ് നിലവിലുണ്ടായിരുന്ന ഷെഡ്, 2017-18 വർഷത്തിൽ 4.2 ലക്ഷം രൂപ ചെലവഴിച്ച് നവീകരിച്ചിട്ടുണ്ട്. ഈ ഷെഡിനുള്ളിലാണ് വേർതിരിക്കാത്ത മാലിന്യം നിക്ഷേപിക്കുന്നത്. |
| 2 | **ജല വിതരണ സംവിധാനം മെച്ചപ്പെടുത്തൽ**<br>മാലിന്യ പ്ലാന്റിലേക്ക് ജല വിതരണം കാര്യക്ഷമമാക്കുന്നതിനായി 2 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |
| 3 | **മെറ്റീരിയൽ റിക്കവറി സെന്റർ**<br>6.18 ലക്ഷം രൂപ ചെലവഴിച്ച് 92.80 ച.മീ വിസ്തീർണ്ണമുള്ള ഒരു മെറ്റീരിയൽ റിക്കവറി ഫെസിലിറ്റേഷൻ സെന്ററും നിർമ്മിച്ചിട്ടുണ്ട്. ഷ്രെഡ്സ് ചെയ്ത പ്ലാസ്റ്റിക് ഇവിടെയാണ് സൂക്ഷിക്കുന്നത്. |
| 4 | **പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ്**<br>9.82 ലക്ഷം രൂപ ചെലവഴിച്ച് ഒരു പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് മെഷീൻ സ്ഥാപിച്ചിട്ടുണ്ട്. ക്ലീൻ കേരള കമ്പനിയാണ് മെഷീൻ സ്ഥാപിച്ചിട്ടുള്ളത്. ഒരു ദിവസം 1000 കിലോ ഗ്രാം ഷ്രെഡ്ഡിംഗ് നടത്തുവാൻ ശേഷിയുള്ള മെഷീനാണ് സ്ഥാപിച്ചിട്ടുള്ളത്. |

**ബി. പ്ലാന്റിന്റെ പ്രവർത്തനം വിലയിരുത്തൽ**

ദിനംപ്രതി ഒരു ടൺ പ്ലാസ്റ്റിക് ഷ്രെഡ്സ് ചെയ്യുവാനുള്ള ശേഷിയുള്ള ഷ്രെഡ്ഡിംഗ് മെഷീനാണ് സ്ഥാപിച്ചിട്ടുള്ളതെങ്കിലും ശരാശരി 50 കി.ഗ്രാം പ്ലാസ്റ്റിക് മാത്രമാണ് നിലവിൽ പൊടിച്ചെടുക്കുന്നതെന്ന് ബോധ്യപ്പെട്ടു. ഷ്രെഡ്ഡിംഗ് നടത്തിയതിനുശേഷമുള്ള പ്ലാസ്റ്റിക്, കയ്യൊഴിക്കുന്നതിനുള്ള നടപടികൾ നാളിതുവരെ സ്വീകരിച്ചിട്ടില്ല. ആയത് മെറ്റീരിയൽ റിക്കവറി സെന്ററിലാണ് സൂക്ഷിക്കുന്നത്.

മാലിന്യം സ്രോതസ്സിൽ വെച്ചുതന്നെ വേർതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാതെ കൂടിക്കലർന്ന മാലിന്യങ്ങൾ ശേഖരിച്ച് പ്ലാന്റിൽ എത്തിക്കുന്നതു മൂലം ഷ്രെഡ്സ് ചെയ്യുന്നതിനുള്ള പ്ലാസ്റ്റിക്, തൊഴിലാളികളുടെ സഹായത്തോടെ വേർതിരിച്ചെടുത്ത് ശുചിയാക്കേണ്ടി വരുന്നതിനാൽ വളരെക്കുറച്ച് പ്ലാസ്റ്റിക് മാത്രമാണ് ഷ്രെഡ്സ് ചെയ്യുവാൻ സാധിക്കുന്നത്.

ജൈവ മാലിന്യവും മറ്റ് അജൈവ മാലിന്യങ്ങളും സംസ്കരിക്കപ്പെടാതെ പ്ലാന്റിലെ ഷെഡ്ഡിൽ തന്നെ അവശേഷിക്കുന്നതായി ബോധ്യപ്പെട്ടു. ജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. വെർമി കംപോസ്റ്റ്, വിൻട്രോ കംപോസ്റ്റ് എന്നിവ ഉത്പാദിപ്പിച്ച് കർഷകർക്ക് പ്രയോജനപ്പെടുന്നവിധത്തിൽ വിതരണം ചെയ്യുന്നതിനുള്ള സാധ്യത നഗരസഭ പരിശോധിച്ചിട്ടില്ല. സംസ്കരിക്കാത്ത മാലിന്യത്തിന്റെ അളവ് ക്രമാതീതമായി ഉയരുന്നത് പരിസ്ഥിതി പ്രശ്നങ്ങൾക്ക് ഇടവരുത്തുന്നതാണ്.

കേന്ദ്ര ചട്ടങ്ങൾ അനുസരിച്ച് വിവിധ തരത്തിലുള്ള മാലിന്യങ്ങൾ സ്രോതസ്സിൽ വെച്ചുതന്നെ വേർതിരിക്കാതെ ശേഖരിക്കുന്നതും ഫലപ്രദമായ സംസ്കരണം നടക്കാത്തതും പ്രധാന അപാകതയാണ്.

**2. മാലിന്യ സംസ്കരണത്തിൽ ഏർപ്പെട്ടിട്ടുള്ള ജീവനക്കാരുടെ വിവരം**

സ്വീപ്പിംഗ്, മാലിന്യ ശേഖരണം, പ്ലാന്റിലെ ജൈവ-അജൈവ മാലിന്യം വേർതിരിക്കൽ, പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് മുതലായ പ്രവൃത്തികൾക്കായി 14 താത്കാലിക ജീവനക്കാരെ നഗരസഭ നിയോഗിച്ചിട്ടുണ്ട്. പ്രതിദിനം 645 രൂപ വീതം ഓരോരുത്തർക്കും വേതനമായി നൽകി വരുന്നുണ്ട്. ആരോഗ്യ വിഭാഗം ജീവനക്കാരുടെ മേൽനോട്ടത്തിലാണ് തൊഴിലാളികൾ പ്രവർത്തിച്ചു വരുന്നത്. 2015 ൽ മാത്രം നഗരസഭയായി ഉയർത്തപ്പെട്ട പട്ടാമ്പി നഗരസഭയ്ക്ക് അനുവദിക്കപ്പെട്ട തസ്തികകളിൽ പലതിലും സ്ഥിരം നിയമനം നടക്കാത്തതിനാൽ മേൽനോട്ടച്ചുമതല താത്കാലിക ജീവനക്കാരാണ് നടത്തുന്നത്.

**3. മാലിന്യ ശേഖരണത്തിനുള്ള വാഹനം**

പഞ്ചായത്ത് ആയിരുന്ന കാലത്ത് ഉണ്ടായിരുന്ന ഒരു ട്രാക്ടർ മാത്രമാണ് മാലിന്യം ശേഖരിക്കുന്നതിനായി നിലവിൽ ഉപയോഗിക്കുന്നത്. നാല് വാർഡുകളിൽ നിന്നും രണ്ട് ടണ്ണോളം മാലിന്യം ശേഖരിച്ച് ട്രാക്ടറിന്റെ സഹായത്തോടെ പ്ലാന്റിൽ കൊണ്ടു പോയി നിക്ഷേപിക്കുന്നുണ്ട്.

**1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 339** പ്രകാരം മാലിന്യം നീക്കം ചെയ്യുന്നതിന് മൂടിയില്ലാത്ത ഏതെങ്കിലും വണ്ടി ഉപയോഗിക്കുന്നതിന് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നിയമാനുസൃത സംവിധാനം ഇല്ലാത്ത വാഹനമാണ് നിലവിൽ ഉപയോഗിച്ച് വരുന്നത്. പുതിയ വാഹനം വാങ്ങുവാൻ തീരുമാനിച്ചിട്ടുണ്ടെന്ന് നഗരസഭ അറിയിച്ചിട്ടുണ്ട്.

<u>4. മാലിന്യം ശേഖരിക്കുന്ന രീതി</u>

വീടുകളിൽ നിന്നും വാണിജ്യ സ്ഥാപനങ്ങളിൽ നിന്നും നേരിട്ട് മാലിന്യം ശേഖരിക്കുന്നതിനുള്ള സംവിധാനം നിലവിലില്ല. നിലവിൽ ടൗൺ പരിസരത്തുള്ള 4 വാർഡുകളിലെ (വാർഡ് നം. 20, 21, 23, 24) മാലിന്യ ശേഖരണത്തിനാണ് നഗരസഭ മുൻഗണന നൽകുന്നത്. ബാക്കി 24 വാർഡുകളിലെ മാലിന്യ സംസ്കരണത്തിനായി പ്രത്യേക സംവിധാനങ്ങളൊന്നും ഏർപ്പെടുത്തിയിട്ടില്ല.

<u>5. വികേന്ദ്രീകൃത മാലിന്യ സംസ്കരണത്തിനായി സ്വീകരിച്ച നടപടികൾ</u>

ബയോ ഗ്യാസ് പ്ലാന്റ്, ഗാർഹിക കംപോസ്റ്റ് മുതലായ വികേന്ദ്രീകൃത മാലിന്യ സംസ്കരണ സംവിധാനം പ്രോൽസാഹിപ്പിക്കുന്നതിനായി നഗരസഭ മുൻഗണന നൽകിയിട്ടില്ലെന്ന് പദ്ധതി രേഖകൾ പരിശോധിച്ചതിൽ നിന്നും ബോധ്യപ്പെട്ടു.

2017-18 വർഷത്തിൽ പ്രൊ.നം. 375/18 പ്രകാരം **തുമ്പൂർമുഴി മോഡൽ മാലിന്യം സംസ്കരണം** നടപ്പാക്കുവാൻ ഒരു പ്രൊജക്ട് ആവിഷ്കരിച്ച് തനത് ഫണ്ടിൽ നിന്നും 500000 രൂപ വകയിരുത്തിയിരുന്നുവെങ്കിലും ആയത് നടപ്പാക്കിയിട്ടില്ല.

<u>6. ഉറവിട മാലിന്യം സംസ്കരണം - സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ</u>

**സ.ഉ(സാധാ)നം.2511/2017/തസ്വഭവ തിയതി 22-07-2017** പ്രകാരം ഉറവിട മാലിന്യ സംസ്കരണം ഫലപ്രദമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിരുന്നു.

ഹോട്ടലുകൾ, ക്ലബ്ബുകൾ, കല്യാണ മണ്ഡപങ്ങൾ, ഹാളുകൾ, ഭക്ഷണശാലകൾ പ്രവർത്തിക്കുന്ന മാളുകൾ, റീടെയിൽ കേന്ദ്രങ്ങൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, ഭക്ഷ്യവസ്തുക്കൾ വിൽക്കുന്ന സിനിമാ തിയറ്ററുകൾ, വസ്ത്രശാലകൾ, പാർട്ടികളുമായി ബന്ധപ്പെട്ട് ഭക്ഷണം വിളമ്പുന്ന സ്ഥലങ്ങൾ, കാറ്ററിംഗ് യൂണിറ്റ്, പച്ചക്കറി-പഴം വിപണന കടകൾ, മത്സ്യം, മാംസം എന്നിവ വിൽക്കുന്ന കടകൾ, ക്യാന്റീനുകൾ, എന്നിവിടങ്ങളിലെല്ലാം മാലിന്യങ്ങൾ തരംതിരിച്ച് ജൈവ മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിച്ച് ഉറവിടത്തിൽ തന്നെ ഫലപ്രദമായി സംസ്കരിക്കുന്നതിന് ബയോബിൻ, എയ്റോബിക് ബിൻ, ബയോഗ്യാസ് പ്ലാന്റ് പോലുള്ള സംവിധാനങ്ങൾ 15-09-2017 ന് മുമ്പായി സജ്ജീകരിക്കുവാനുള്ള നിർദ്ദേശം സ്ഥാപനങ്ങൾക്ക് നൽകുവാൻ തദ്ദേശ സ്ഥാപനങ്ങളോട് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. അത്തരത്തിൽ സംവിധാനം ഏർപ്പെടുത്താത്ത സ്ഥാപനങ്ങളുടെ ഡി&ഒ ലൈസൻസ് റദ്ദാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും നിർദ്ദേശിച്ചിരുന്നു. ജൈവ, അജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള സംവിധാനം ഉണ്ടെന്ന് ഉറപ്പാക്കി മാത്രമേ ഡി&ഒ ലൈസൻസ് അനുവദിക്കാവൂ എന്നും അജൈവ മാലിന്യങ്ങൾ നിശ്ചിത ഫീസ് ഈടാക്കി തദ്ദേശ സ്ഥാപനത്തിന് ശേഖരിക്കാവുന്നതാണെന്നും സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്.

നിലവിലുള്ളതും പുതുതായി ഡി&ഒ ലൈസൻസ് നൽകുന്നതുമായ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കി കമ്പ്യൂട്ടറൈസ് ചെയ്ത് പ്രസിദ്ധപ്പെടുത്തേണ്ടതാണെന്നും മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 334, 334എ, 334ബി, കേന്ദ്ര സർക്കാരിന്റെ സോളിഡ് വേസ്റ്റ് ചട്ടങ്ങൾ, 2016 ലെ ചട്ടം 4 എന്നിവ നടപ്പാക്കുന്നുണ്ടെന്ന് സെക്രട്ടറിമാർ ഉറപ്പാക്കേണ്ടതാണെന്നും സർക്കാർ നിർദ്ദേശിച്ചിരുന്നു.

സർക്കാർ ഉത്തരവ് അനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുന്നതിൽ മുനിസിപ്പാലിറ്റി വേണ്ടത്ര ശ്രദ്ധിച്ചിട്ടില്ലെന്ന് രേഖകളുടെ പരിശോനയിൽ ബോധ്യപ്പെട്ടു.

<u>7. പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ, സബ്സിഡി മാർഗ്ഗരേഖ എന്നിവയുടെ പാലനം</u>

<u>എ. പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശം</u>

സ.ഉ(കൈ)നം.17/2018/തസ്വഭവ തിയതി 2-2-2018 പ്രകാരം പുറപ്പെടുവിച്ച പതിമൂന്നാം പദ്ധതിയുടെ മാർഗ്ഗരേഖയിലെ ഖണ്ഡിക 11 പ്രകാരം ഷ്രഡ്ഡിംഗ് നടത്തിയതിനുശേഷം ലഭിക്കുന്ന പ്ലാസ്റ്റിക് ഷ്രെഡ്സ് പത്ത് ശതമാനം റോഡ് പ്രവൃത്തികളിലെങ്കിലും ഉപയോഗപ്പെടുത്തുന്നതിനായി നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനായി ക്ലീൻ കേരള കമ്പനിയുടെ സഹായം തേടേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു.

നഗരസഭയിൽ ഷ്രെഡ്ഡിംഗ് മെഷീൻ സ്ഥാപിച്ചിട്ടുണ്ടെങ്കിലും പൊടിച്ചെടുക്കുന്ന പ്ലാസ്റ്റിക് അത്തരത്തിൽ പ്രയോജനപ്പെടുത്തുന്നതിനോ ഉചിതമായ രീതിയിൽ കയ്യൊഴിക്കുന്നതിനോ ഉള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

മാർഗ്ഗരേഖയിലെ ഖണ്ഡിക നം. 15 പ്രകാരം ആളോഹരി ഖര-ദ്രവ-ഇ മാലിന്യങ്ങളുടെ അളവ് കുറയ്ക്കുന്നതിനും മാലിന്യത്തിൽ നിന്ന് ഊർജ്ജം എന്ന ആശയത്തിന് ഊന്നൽ നൽകുന്നതിനും ദീർഘവീക്ഷണത്തോടുകൂടിയുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതാ ണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനുള്ള സാധ്യതയും പരിശോധിച്ചിട്ടില്ല.

2016 ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങളിലും പ്ലാസ്റ്റിക്ക് ഉപയോഗപ്പെടുത്തുന്നതിനും കയ്യൊഴിക്കുന്നതിനുമുള്ള നിർദ്ദേശങ്ങളുണ്ടെങ്കിലും നഗരസഭയുടെ പ്ലാസ്റ്റിക് മാലിന്യ നിയന്ത്രണം ഫലപ്രദമല്ല എന്ന് വിലയിരുത്തുന്നു.

<u>ബി. ഹരിത കേരള മിഷൻ</u>

പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക 7.1 പ്രകാരം നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച നാല് വികസന മിഷനുകളിൽ ഒന്നായ ഹരിതകേരള മിഷന് കൃഷി വികസനം, ശുചിത്വ-മാലിന്യം സംസ്കരണം, ജലസംരക്ഷണം എന്നിങ്ങനെ മൂന്ന് ഉപദൗത്യങ്ങളാണുള്ളത്. ലക്ഷ്യം കൈവരിക്കുന്നതിനായി ഹരിതകേരള മിഷന്റെ ഭാഗമായി പുറപ്പെടുവിച്ച മേഖലാ മാർഗ്ഗനിർദ്ദേശങ്ങൾ പരിഗണിച്ച് പദ്ധതികൾ തയ്യാറാക്കേണ്ടതാണെന്നും മാലിന്യ രഹിത തദ്ദേശ ഭരണ സ്ഥാപനം എന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ള പിന്തുണാ സംവിധാനമായി **ഹരിതകേരള മിഷൻ** പ്രവർത്തിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

നഗരസഭയിലെ എഞ്ചിനിയറിംഗ് വിഭാഗം, ആരോഗ്യ വിഭാഗം എന്നിവർക്ക് പ്രൊജക്ടുകൾ തയ്യാറാക്കുന്നതിനുള്ള ചുമതല നൽകിയിട്ടുണ്ട്. **ശുചിത്വ മിഷൻ, ക്ലീൻ കേരളാ മിഷൻ** എന്നിവയുടെ സാങ്കേതിക സഹായം നഗരസഭയ്ക്ക് തേടാവുന്നതാണ്.

ഖണ്ഡിക 7.1.6(സി) ശുചിത്വ-മാലിന്യ സംസ്കരണം എന്ന ഖണ്ഡികയിലെ മാർഗ്ഗനിർദ്ദേശങ്ങൾ പരിഗണിച്ച് മാലിന്യ നിയന്ത്രണത്തിനുള്ള പ്രൊജക്ടുകൾ തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

<u>സി. സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശം</u>

സ.ഉ(കൈ)നം.22/2018/തസ്വഭവ തിയതി 14-02-2018 പ്രകാരം പുറപ്പെടുവിച്ച സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.8 ൽ ഖര-ദ്രവ മാലിന്യ സംസ്കരണത്തിനായി അനുവദിക്കാവുന്ന സബ്സിഡിയുടെ വിശദാംശം ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഫലപ്രദമായ പ്രൊജക്ടുകൾ ആവിഷ്കരിച്ച് വികേന്ദ്രീകൃത മാലിന്യ സംസ്കരണം ഉറപ്പാക്കുവാൻ നഗരസഭ ശ്രദ്ധിച്ചിട്ടില്ല. അനുവദനീയമായ ഇനങ്ങൾക്ക് വിവിധ ഫണ്ടുകൾ ഉപയോഗിച്ച് സബ്സിഡി അനുവദിച്ച് ഉറവിട മാലിന്യ സംസ്കരണം പ്രോൽസാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.

<u>8. മുനിസിപ്പാലിറ്റി നിയമം അനുസരിച്ചുള്ള നടപടികൾ, പരിശോധനാ സംവിധാനം</u>

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 326 മുതൽ 345 വരെയുള്ള വകുപ്പുകൾ പ്രകാരമുള്ള അധികാരം നഗരസഭ കാര്യക്ഷമമായി പ്രയോഗിക്കുന്നില്ല എന്ന് രേഖകളുടെ പരിശോധനയിലും ഉദ്യോഗസ്ഥരുമായി നടത്തിയ ചർച്ചയിലും ബോധ്യപ്പെട്ടു. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

എ. 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 340 പ്രകാരം ചവറോ മാലിന്യമോ പൊതുസ്ഥലങ്ങളിൽ ഇടുന്നതിന് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. ആരെങ്കിലും അപ്രകാരം ചെയ്താൽ 250 രൂപയിൽ കവിയാത്ത തുക പിഴയായി ചുമത്തേണ്ടതും 15 ദിവസത്തിനുള്ളിൽ തുക മുനിസിപ്പൽ ഫണ്ടിൽ അടയ്ക്കേണ്ടതുമാണ്. അപ്രകാരം തുക അടയ്ക്കാത്തപക്ഷം അയാളുടെ മേൽ സെക്രട്ടറി പ്രൊസിക്യൂഷൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. അത്തരത്തിലുള്ള പരിശോധനയും നടപടികളും ഫലപ്രദമല്ല.

ബി. വകുപ്പ് 340എ പ്രകാരം മാലിന്യങ്ങൾ ജലാശയങ്ങളിലും ജലസ്രോതസ്സുകളിലും നിക്ഷേപിക്കുന്നതിനെതിരെയും നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. അപ്രകാരമുള്ള ഒരു കുറ്റം കോഗ്നൈസിബിളും ജാമ്യം ഇല്ലാത്തതുമായിരിക്കുന്നതുമാണ്. അപ്രകാരമുള്ള കുറ്റം ചെയ്ത ഏതൊരാളും കുറ്റസ്ഥാപനത്തിന്മേൽ പതിനായിരം രൂപയിൽ കുറയാതെയും ഇരുപത്തയ്യായിരം രൂപയിൽ കവിയാതെയുള്ള പിഴയും ആറ് മാസത്തിൽ കുറയാതെയും ഒരു വർഷത്തിൽ കവിയാതെയുമുള്ള കാലത്തേക്ക് തടവും നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്. അത്തരത്തിൽ പിഴ ഈടാക്കുകയോ കുറ്റസ്ഥാപനം നടത്തുകയോ ചെയ്തിട്ടില്ലെന്ന് ആരോഗ്യ വിഭാഗം അറിയിച്ചിട്ടുണ്ട്.

21-3-2018 ലെ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ ടൗൺ പരിസരത്തുള്ള മാലിന്യങ്ങൾ ഭാരതപ്പുഴയിലേക്ക് ഒഴുക്കി വിടുന്നത് തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് വിലയിരുത്തിയിട്ടുണ്ടെങ്കിലും തുടർനടപടികൾ ഉണ്ടായിട്ടില്ല.

മാലിന്യ നിയന്ത്രണത്തിനായി നിയമപ്രകാരം നഗരസഭയിൽ നിക്ഷിപ്തമായ ചുമതലകൾ ഫലപ്രദമായി വിനിയോഗിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. മാലിന്യ നിയന്ത്രണം കാര്യക്ഷമമാക്കുവാൻ ആരോഗ്യ വകുപ്പ്, പൊലീസ് എന്നിവരുടെ സഹകരണത്തോടെ പരിശോധനാ സംവിധാനം കർശനമാക്കേണ്ടതാണ്. നഗരസഭയിലെ ഉദ്യോഗസ്ഥരിൽ നിക്ഷിപ്തമായ ചുമതലകൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നുണ്ടെന്ന് ഉന്നതാധികാരികളും ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയും വിലയിരുത്തേണ്ടതും ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്.

<u>9. പ്ലാസ്റ്റിക്ക് നിയന്ത്രണത്തിനായി സ്വീകരിച്ച നടപടികൾ</u>

**2016-ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ** അനുസരിച്ച് പുറപ്പെടുവിച്ച **തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 24-09-2016 ലെ സർക്കുലർ നം.576/ഡി.സി-1/16/തസ്വഭവ** പ്രകാരം 50 മൈക്രോണിൽ കൂടുതലുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകൾ മാത്രമേ വിതരണം ചെയ്യുന്നുള്ളൂ എന്ന് ഉറപ്പാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. കുറഞ്ഞത് 4000 രൂപ പ്രതിമാസം പരിപാലന ഫീയായി പ്ലാസ്റ്റിക് ക്യാരി ബാഗുകളിൽ സാധനങ്ങൾ വിതരണം ചെയ്യുന്ന വ്യാപാരികളിൽ നിന്നും ഈടാക്കുന്നതിനും ആയത് സുസ്ഥിര മാലിന്യ പരിപാലന സംവിധാനങ്ങൾക്കായി ചെലവഴിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്.

പട്ടാമ്പി നഗരസഭയിൽ വ്യാപാര സ്ഥാപനങ്ങളിലെ പ്ലാസ്റ്റിക്ക് ക്യാരി ബാഗുകൾ മുതലായവ നിയന്ത്രിക്കുന്നതിനായി കർശന നടപടികൾ സ്വീകരിച്ചിട്ടില്ല.

<u>10. 2016 ലെ പ്ലാസ്റ്റിക് മാലിന്യ നിയന്ത്രണ ചട്ടങ്ങളിലെ പ്രധാന നിർദ്ദേശങ്ങളുടെ പാലനം വിലയിരുത്തൽ</u>

2016 ലെ പ്ലാസ്റ്റിക് മാലിന്യ നിയന്ത്രണ ചട്ടങ്ങളിലെ പ്രധാന നിർദ്ദേശങ്ങൾ നഗരസഭ പാലിച്ചിട്ടുണ്ടോ എന്ന് വിലയിരുത്തിയതിന്റെ വിശദാംശം താഴെ ചേർക്കുന്നു.

| ചട്ടം | നിബന്ധന | നഗരസഭയിലെ സ്വീകരിച്ച നടപടി |
|---|---|---|
| 4 | പ്ലാസ്റ്റിക് ക്യാരി ബാഗുകൾ 50 മൈക്രോണിൽ കുറയുവാൻ പാടില്ല | പ്ലാസ്റ്റിക് ക്യാരി ബാഗുകൾ നിയന്ത്രിക്കുന്നതിനായി ഫലപ്രദമായ നടപടി സ്വീകരിച്ചിട്ടില്ല. |
| 5, 6 | പുനചംക്രമണം നടത്താവുന്ന പ്ലാസ്റ്റിക് മാലിന്യം, രജിസ്ട്രേഷൻ ഉള്ളവർക്ക് നൽകുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യേണ്ടതാണ്. | നടപടി സ്വീകരിച്ചിട്ടില്ല. |
| 5, 6 | പുനചംക്രമണം നടത്തുവാൻ സാധിക്കാത്ത പ്ലാസ്റ്റിക് മാലിന്യം റോഡ് നിർമ്മാണം, | സാധ്യതകൾ പരിശോധിച്ചിട്ടില്ല. |

| | | |
|---|---|---|
| | ഊർജ്ജോൽപാദനം തുടങ്ങിയവയ്ക്ക് ഉപയോഗിക്കേണ്ടതാണ്. | |
| 6 | പ്ലാസ്റ്റിക് മാലിന്യം വേർതിരിക്കുക, ശേഖരിക്കുക, കടത്തിക്കൊണ്ടു പോവുക, സംസ്കരിക്കുക, കയ്യൊഴിക്കുക. | പ്ലാസ്റ്റിക് മാലിന്യം വേർതിരിക്കാതെയാണ് ശേഖരിക്കുന്നത്.<br>കയ്യൊഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. |
| 6 | സ്റ്റേക്ക് ഹോൾഡർമാർക്കിടയിൽ ബോധവൽക്കരണം നടത്തുക. | എല്ലാ വിഭാഗക്കാർക്കിടയിലും ബോധവൽക്കരണം നടത്തുന്നില്ല. |
| 6 | പ്ലാസ്റ്റിക് മാലിന്യം പൊതു സ്ഥലങ്ങളിൽ കത്തിക്കുന്നില്ല എന്ന് ഉറപ്പാക്കേണ്ടതാണ്. | നടപടികൾ കാര്യക്ഷമമല്ല. |
| 6 | ചട്ടങ്ങളിലെ നിബന്ധനകൾ ഉൾപ്പെടുത്തി തദ്ദേശ സ്ഥാപനം ഒരു ബൈലോ രൂപീകരിക്കേണ്ടതാണ്. | അത്തരത്തിൽ ബൈലോ രൂപീകരിച്ചിട്ടില്ല. |
| 8 | പ്ലാസ്റ്റിക് മാലിന്യ ഉൽപാദകർ മാലിന്യം ഉറവിടത്തിൽ വെച്ച് വേർതിരിക്കുകയും ഏജൻസികൾക്ക് കയ്യൊഴിക്കുകയും ചെയ്യുക. | അത്തരത്തിൽ കയ്യൊഴിക്കുന്നുണ്ടെന്ന് നഗരസഭ ഉറപ്പാക്കുന്നില്ല. |
| 8 | നഗരസഭ രൂപീകരിക്കുന്ന ബൈലോ പ്രകാരമുള്ള യൂസർഫീ എല്ലാ മാലിന്യ ഉൽപാദകരും ഒടുക്കുവാൻ ബാധ്യസ്ഥരാണ്. | ബൈലോ രൂപീകരിച്ചിട്ടില്ല.<br>പ്ലാസ്റ്റിക് മാലിന്യം യൂസർഫീ ഈടാക്കി നഗരസഭ ശേഖരിക്കുന്നില്ല. |
| 15 | പ്ലാസ്റ്റിക് ക്യാരി ബാഗുകളിൽ സാധനങ്ങൾ വിതരണം ചെയ്യുന്ന വ്യാപാരികൾ തദ്ദേശ സ്ഥാപനത്തിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്.<br>കുറഞ്ഞത് 4000 രൂപ പ്രതിമാസം ഈടാക്കേണ്ടതാണ്. | അത്തരത്തിൽ ആരും രജിസ്റ്റർ ചെയ്ത് ഫീസ് ഒടുക്കിയിട്ടില്ല. |

2016 ലെ പ്ലാസ്റ്റിക് മാലിന്യ നിയന്ത്രണ ചട്ടങ്ങളിൽ നഗരസഭയ്ക്ക് ബാധകമായ പല പ്രധാന നിർദ്ദേശങ്ങളും പാലിക്കുവാൻ ശ്രദ്ധിച്ചിട്ടില്ല.

11. വിവിധ തരം മാലിന്യങ്ങളുടെ നിയന്ത്രണത്തിനുള്ള മറ്റ് കേന്ദ്ര ചട്ടങ്ങൾ

എ. ഖരമാലിന്യ നിയന്ത്രണ ചട്ടങ്ങൾ, 2016

**എസ്.ഒ.1357(ഇ) : പ്രാബല്യം 8-4-2016 മുതൽ**

പരിസ്ഥിതി(സംരക്ഷണ)നിയമം, 1986 ലെ 3, 6, 25 വകുപ്പുകളിലെ അധികാരം ഉപയോഗിച്ച് നടപ്പാക്കിയ ചട്ടങ്ങൾ. മുനിസിപ്പൽ ഖരമാലിന്യ(നിയന്ത്രണവും പരിപാലനവും)ചട്ടങ്ങൾ, 2005 അതിലംഘിച്ചാണ് ചട്ടങ്ങൾ രൂപീകരിച്ചിട്ടുള്ളത്.

മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും ചട്ടങ്ങൾ ബാധകമാണ്.

ചട്ടം 4 പ്രകാരം മാലിന്യ ഉത്പാദകർ മാലിന്യങ്ങൾ ജീർണ്ണിക്കുന്നവ (Bio degradable), ജീർണ്ണിക്കാത്തവ(Non bio degradable), വീട്ടുകളിൽ നിന്നുള്ള അപായകരമായ മാലിന്യങ്ങൾ(Residential hazardous wastes) എന്നിങ്ങനെ വേർതിരിച്ച് മൂന്ന് പ്രത്യേക ബിന്നുകളിലായി ശേഖരിക്കേണ്ടതും കൈമാറേണ്ടതുമാണ്.

തദ്ദേശ സ്ഥാപനങ്ങൾ രൂപീകരിക്കുന്ന ബൈലോ പ്രകാരമുള്ള ഫീസ് ഒടുക്കുവാൻ മാലിന്യ ഉത്പാദകർ ബാധ്യസ്ഥരാണ്.

ചട്ടം 15 പ്രകാരം ഓരോ വീട്ടുകളിൽ നിന്നും വാണിജ്യ സ്ഥാപനങ്ങളിൽ നിന്നും മാലിന്യം ശേഖരണം നടത്തുന്നതിനുള്ള നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്. മാലിന്യശേഖരണത്തിന് ഫീസ് ഈടാക്കേണ്ടതാണ്.

ചട്ടങ്ങൾ നിലവിൽ വന്ന് ഒരു വർഷത്തിനകം ബൈലോ രൂപീകരിക്കേണ്ടതാണ്. ആവശ്യമായ ബോധവത്കരണം നടത്തേണ്ടതാണ്.

ബി. ഇ-മാലിന്യ (നിയന്ത്രണ)ചട്ടങ്ങൾ, 2016

**ജി.എസ്.ആർ 338(ഇ). 1-10-2016 മുതൽ പ്രാബല്യം.**

ചട്ടങ്ങളിലെ ചട്ടം 23 പ്രകാരം ഇ-മാലിന്യങ്ങളുടെ ശേഖരണം, സംഭരണം, വാഹനത്തിൽ കൊണ്ടുപോകൽ, വേർതിരിക്കൽ, നവീകരിക്കൽ, പൊളിച്ചു കളയൽ, പുനചംക്രമണം നടത്തൽ, കയ്യൊഴിക്കൽ എന്നീ പ്രവർത്തനങ്ങൾ കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ കാലാകാലങ്ങളിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ കണക്കിലെടുത്ത് ചട്ടങ്ങളിലെ നിബന്ധനകൾ നടപ്പാക്കേണ്ടതാണ്. ചട്ടം 24 പ്രകാരം ഇ-മാലിന്യങ്ങൾ ശേഖരിച്ച് അംഗീകൃത ഏജൻസികൾക്ക് കൈമാറുന്നുണ്ടെന്ന് മുനിസിപ്പാലിറ്റി ഉറപ്പാക്കേണ്ടതാണ്.

സി. ബയോ മെഡിക്കൽ മാലിന്യ നിയന്ത്രണ ചട്ടങ്ങൾ, 2016

**ജി.എസ്.ആർ 343(ഇ). 28-3-2016 മുതൽ പ്രാബല്യം.**

ചട്ടങ്ങളിലെ ചട്ടം 6, 9(3) പ്രകാരമുള്ള മൂന്നാം പട്ടികയിലെ ക്രമ നം. 7 പ്രകാരമുള്ള ചുമതലകൾ തദ്ദേശ സ്ഥാപനങ്ങൾ നിർവ്വഹിക്കേണ്ടതാണ്. കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ കണക്കിലെടുത്ത് ബയോ മെഡിക്കൽ മാലിന്യ സംസ്കരണത്തിനായി

ഉചിതമായ സ്ഥലം കണ്ടെത്തേണ്ടതാണ്. പട്ടികയിലെ ക്രമ നം. 5 പ്രകാരം സംസ്ഥാന സർക്കാരും ക്രമ നം. 6 പ്രകാരം സംസ്ഥാന മലിനീകരണ ബോർഡും നിർവ്വഹിക്കേണ്ട ചുമതലകൾ വ്യക്തമാക്കിയിട്ടുണ്ട്.

**ഡി. കൺസ്ട്രക്ഷൻ ആൻറ് ഡിമോളിഷൻ വേസ്റ്റ് മാനേജ്മെൻറ് ചട്ടങ്ങൾ, 2016**

**ജി.എസ്.ആർ 317(ഇ). 29-3-2016 മുതൽ പ്രാബല്യം.**

നിർമ്മാണങ്ങളും പൊളിച്ചുമാറ്റലും നടക്കുമ്പോൾ ഉണ്ടാകുന്ന മാലിന്യങ്ങൾ നിയന്ത്രിക്കുന്നതിനായി മാലിന്യ ഉൽപാദകരും, മുനിസിപ്പാലിറ്റിയും ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ചട്ടങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്.

മേൽ സൂചിപ്പിച്ച കേന്ദ്ര ചട്ടങ്ങളിലെ നിബന്ധനകൾ നടപ്പാക്കുന്നതിനുള്ള കാര്യക്ഷമമായ ശ്രമം നഗരസഭയുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല എന്ന് വിലയിരുത്തുന്നു.

**12. നഗരസഭയിലെ ഹരിത കർമ്മസേന**

വീട്ടുകളിൽ നിന്നും നേരിട്ട് മാലിന്യം ശേഖരിക്കുന്നതിനായി 48 പേർ ഉൾപ്പെടുന്ന ഹരിത കർമ്മ സേന രൂപീകരിച്ചിട്ടുള്ളതായി അധികൃതർ അറിയിച്ചുണ്ട്. നാളിതുവരെ സേനയുടെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. യൂസർ ഫീ ഈടാക്കി വീട്ടുകളിൽ നിന്നും മാലിന്യം നേരിട്ട് ശേഖരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ഇക്കാര്യത്തിൽ തുടർനടപടികൾ കാര്യക്ഷമമാക്കേണ്ടതാണ്.

**13. ബോധവത്കരണ പരിപാടികൾ**

സ്കൂളുകളുടെ സഹകരണത്തോടെ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ടെന്ന് ആരോഗ്യ വിഭാഗം ജീവനക്കാർ അറിയിച്ചു.

**ജീവനം എക്സ്പോ** എന്ന പേരിൽ പട്ടാമ്പി യു.പി സ്കൂളിൽ വെച്ച് മാലിന്യ സംസ്കരണ ബോധവത്കരണത്തിനായി ഒരു പ്രദർശനം സംഘടിപ്പിച്ചതായും അറിയിച്ചു.

മാലിന്യ ഉത്പാദകരായ എല്ലാ വിഭാഗക്കാരേയും ബോധവത്കരിക്കുന്നതിനുള്ള കാര്യക്ഷമമായ മാർഗ്ഗങ്ങൾ അവലംബിക്കേണ്ടതാണ്.

**14. ബദൽ മാർഗ്ഗങ്ങൾ പ്രോൽസാഹിപ്പിക്കൽ**

പ്ലാസ്റ്റിക്ക് ക്യാരി ബാഗുകൾ ഉൾപ്പെടെയുള്ള വസ്തുക്കൾക്ക് നിയന്ത്രണം ഏർപ്പെടുത്തുമ്പോൾ പേപ്പർ ബാഗ്, തുണി സഞ്ചി മുതലായ പരിസ്ഥിതി സൗഹൃദ ഉൽപ്പന്നങ്ങളുടെ ഉൽപാദനവും വിപണനവും പ്രോൽസാഹിപ്പിക്കേണ്ടത് അനിവാര്യമാണ്.

ഇക്കാര്യത്തിനായ വ്യാപാരി വ്യവസായികളുടെ യോഗം വിളിച്ചു ചേർക്കുക, വിദ്യാർത്ഥികൾ, കുടുംബശ്രീ പ്രവർത്തകർ, പരിസ്ഥിതി പ്രവർത്തകർ, സാമൂഹ്യ സാംസ്കാരിക സംഘടനകൾ, റസിഡൻസ് അസോസിയേഷനുകൾ മുതലായവരുടെ സേവനം പ്രയോജനപ്പെടുത്തുക എന്നീ മാർഗ്ഗങ്ങൾ അവലംബിക്കാവുന്നതാണ്.

ബദൽ സംവിധാനങ്ങൾക്കുള്ള പ്രൊജക്റ്റുകളും നഗരസഭ ആവിഷ്കരിക്കേണ്ടതാണ്.

**15. നഗരസഭ തിരിച്ചറിഞ്ഞ പ്രശ്നങ്ങളും വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങളും**

ശുചിത്വം, മാലിന്യ സംസ്കരണം എന്ന വർക്കിംഗ് ഗ്രൂപ്പിനാണ് മാലിന്യ സംസ്കരണത്തിനുള്ള പദ്ധതികളുടെ ചുമതലയുള്ളത്. വർക്കിംഗ് ഗ്രൂപ്പിൽ വിവിധ തീരുമാനങ്ങൾ കൈക്കൊള്ളുന്നുണ്ടെങ്കിലും ആയത് പ്രാവർത്തികമാക്കുന്ന വിധത്തിൽ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല എന്ന് രേഖകളുടെ പരിശോധനയിൽ ബോധ്യപ്പെട്ടു.

ശുചിത്വം, മാലിന്യസംസ്കരണം വർക്കിംഗ് ഗ്രൂപ്പിൽ വർക്കിംഗ് ഗ്രൂപ്പിൽ വിവിധ തിയതികളിൽ നടന്ന ചർച്ചയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| 21-3-2018 |
|---|
| • ടൗൺ പരിസരത്തുള്ള മാലിന്യങ്ങൾ ഭാരതപ്പുഴയിലേക്ക് ഒഴുക്കി വിടുന്നത് തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.<br>• വാർഡ് തലത്തിൽ വേസ്റ്റുകളും പ്ലാസ്റ്റിക്കുകളും തരം തിരിച്ച് ശേഖരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.<br>• മേലേ പട്ടാമ്പി പൊലീസ്റ്റേഷന് സമീപമുള്ള ഇ-ടോയ്‌ലറ്റ് പ്രവർത്തനക്ഷമമാക്കുക.<br>• വിവിധ പ്രദേശങ്ങളിലെ റോഡുകളിൽ വീട്ടുകളിൽ നിന്നും അറവുശാലകളിൽ നിന്നും വ്യാപാര സമുച്ചയങ്ങളിൽ നിന്നും മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് തടയുന്നതിന് സി.സി.ടി.വി ക്യാമറ സ്ഥാപിക്കുക.<br>• മുനിസിപ്പാലിറ്റിയുടെ വിവിധ പ്രദേശങ്ങളിലുള്ള അനധികൃത സ്ക്രാപ്പ് വ്യാപാരം നിർത്തലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.<br>• എല്ലാ വാർഡുകളിലും ശുചിത്വത്തിനേയും മാലിന്യത്തേയും കുറിച്ച് ബോധവത്കരണം നടത്തുക. |

| |
|---|
| • പട്ടാമ്പി ബ്ലോക്ക് പരിസരത്ത് മാലിന്യങ്ങൾ കൂട്ടിയിട്ടുണ്ടാകുന്ന പൊതുജനങ്ങളുടെ ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുക.<br>• സേതുഹാജി നഗർ, കീഴായൂർ റോഡിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് കർശനമായി തടയുന്നതിനുള്ള നടപടി സ്വീകരിക്കുക. |
| **4-10-2018**<br>• ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക. |
| **3-11-2018**<br>• മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി (എം.ആർ.എഫ് ) സെന്ററുകൾ തുടങ്ങുക.<br>• ഹരിത കർമ്മസേന ആരംഭിക്കുക<br>• മത്സ്യ മാർക്കറ്റിൽ ആധുനിക രീതിയിലുള്ള മാലിന്യ സംസ്കരണ സംവിധാനം ആരംഭിക്കുക.<br>• വിവിധ സ്ഥലങ്ങളിൽ ടോയ്‌ലറ്റുകൾ സ്ഥാപിക്കുക.<br>• ആധുനിക രീതിയിലും പ്രായോഗികവുമായ രീതിയിലുള്ള ഖരമാലിന്യ പ്ലാന്റ് സ്ഥാപിക്കുക.<br>• മത്സ്യ മാർക്കറ്റിൽ ആധുനിക രീതിയിലുള്ള മാലിന്യ സംസ്കരണ കേന്ദ്രം.<br>• ആധുനിക അറവുശാല നിർമ്മിക്കുക.<br>• മാലിന്യ ശേഖരണത്തിന് മൂടിയുള്ള വാഹനങ്ങൾ വാങ്ങുക. |

ഇ-വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016, പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016, സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016 മുതലായ കേന്ദ്ര ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ കൂടി കണക്കിലെടുത്ത് സുസ്ഥിരമായ പദ്ധതികൾ ആവിഷ്കരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 16. മോണിറ്ററിംഗ് സംവിധാനം

മാലിന്യ സംസ്കരണത്തിനുള്ള പ്രൊജക്ടുകൾ തയ്യാറാക്കുന്നതിനുള്ള ചുമതല ശുചിത്വം, മാലിന്യ സംസ്കരണം എന്ന വർക്കിംഗ് ഗ്രൂപ്പിനാണ്. ആരോഗ്യ വിഭാഗത്തിലെ സീനിയർ ഉദ്യോഗസ്ഥൻ കൺവീനർ ആയ വർക്കിംഗ് ഗ്രൂപ്പിൽ ധാരാളം പ്രൊജക്ടുകളുടെ ആവശ്യകത വിലയിരുത്തിയിട്ടുണ്ടെങ്കിലും ആയത് നടപ്പാക്കുന്നതിനുള്ള തുടർ നടപടികൾ ഉണ്ടായിട്ടില്ല. വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലയുള്ള ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയും തുടർനടപടികൾ വിലയിരുത്തിയിട്ടില്ല. മാലിന്യ നിയന്ത്രണത്തിനായി ആവിഷ്കരിക്കപ്പെടുന്ന പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിലും ഫലപ്രാപ്തി വിലയിരുത്തുന്നതിലും ഉത്തരവാദപ്പെട്ട സംവിധാനങ്ങൾ ഫലപ്രദമായി ഇടപെടൽ നടത്തേണ്ടതാണെന്ന് വിലയിരുത്തുന്നു.

## 17. ഓഡിറ്റ് നിർദ്ദേശങ്ങൾ

1. 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 326 മുതൽ 345 വരെയുള്ള വകുപ്പുകൾ കാര്യക്ഷമമായി പ്രയോഗിക്കേണ്ടതും പരിശോധനാ സംവിധാനം ശക്തമാക്കേണ്ടതുമാണ്.

2. വിവിധ കേന്ദ്ര ചട്ടങ്ങൾ പ്രകാരം നഗരസഭയിൽ നിക്ഷിപ്തമായ ചുമതലകൾ നിർവ്വഹിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

3. എല്ലാ വാർഡുകളിലേയും മാലിന്യ സംസ്കരണം ഉറപ്പാക്കേണ്ടതാണ്.

4. മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള പ്രൊജക്ടുകൾ ആവിഷ്കരിച്ച് വികേന്ദ്രീകൃത മാലിന്യ സംസ്കരണം പ്രോൽസാഹിപ്പിക്കേണ്ടതാണ്.

5. വാണിജ്യ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

6. ഡി&ഒ ലൈസൻസ് നൽകുന്നതിനുമുമ്പ് സ്ഥാപനങ്ങളിൽ ഉറവിട മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.

7. പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റിന്റെ ശേഷി പരമാവധി പ്രയോജനപ്പെടുത്തേണ്ടതും ഷ്രെഡ്ഡ് ചെയ്ത പ്ലാസ്റ്റിക് ഉചിതമായ രീതിയിൽ കയ്യൊഴിക്കേണ്ടതുമാണ്.

8. 2016 ലെ പ്ലാസ്റ്റിക് മാലിന്യ നിയന്ത്രണ ചട്ടങ്ങൾ പ്രകാരം ബൈലോ രൂപീകരിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

9. 2016 ലെ വിവിധ കേന്ദ്ര ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് സോളിഡ്, പ്ലാസ്റ്റിക്, ഇ-വേസ്റ്റ് മുതലായ മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിച്ച് കയ്യൊഴിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

10. ഹരിത കർമ്മസേനയുടെ പ്രവർത്തനം ആരംഭിക്കേണ്ടതും ഗാർഹിക മാലിന്യ നീക്കം കാര്യക്ഷമമാക്കേണ്ടതുമാണ്.

11. ബോധവത്കരണ പരിപാടികൾ കാര്യക്ഷമമാക്കേണ്ടതാണ്.

പ്ലാസ്റ്റിക് ക്യാരി ബാഗുകൾക്ക് പകരമായി ഉപയോഗിക്കാവുന്ന ബദൽ മാർഗ്ഗങ്ങൾ കണ്ടെത്തി പ്രോൽസാഹിപ്പിക്കേണ്ടതാണ്.

12. വർക്കിംഗ് ഗ്രൂപ്പിൽ ചർച്ച ചെയ്ത് തിരിച്ചറിഞ്ഞ പ്രൊജക്ടുകൾ നടപ്പാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

13. സബ്സിഡി മാർഗ്ഗരേഖ പ്രകാരമുള്ള സബ്സിഡി അനുവദിച്ച് ഉറവിട മാലിന്യ സംസ്കരണം പ്രോൽസാഹിപ്പിക്കേണ്ടതാണ്.

14. പ്ലാന്റിന്റെ വിപുലീകരണം നടപ്പാക്കി ജൈവമാലിന്യം വളമാക്കി മാറ്റുന്നതിനുള്ള തുടർ പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.

15. ജീവനക്കാരുടെ കുറവ്, മറ്റ് പ്രായോഗിക പ്രശ്നങ്ങൾ എന്നിവ നേരിടുന്നുണ്ടെങ്കിൽ ആയത് ഉചിതമാർഗ്ഗേന ഉന്നതാധികാരികളുടേയും സർക്കാരിന്റേയും ശ്രദ്ധയിൽക്കൊണ്ടുവന്ന് പരിഹാരിക്കുന്നതിനായി ശ്രമിക്കേണ്ടതാണ്.

16. മാലിന്യ നിയന്ത്രണത്തിന് ബാധകമായ നിയമങ്ങളും ചട്ടങ്ങളും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളും കണക്കിലെടുത്ത് മാലിന്യ നിയന്ത്രണത്തിനായ നഗരസഭ തിരിച്ചറിഞ്ഞ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. **മേൽ വിഷയങ്ങളിൽ സ്വീകരിച്ച തുടർനടപടികളുടെ വിവരം നഗരസഭ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.**



**ചിത്രം-1: മാലിന്യം ശേഖരിക്കുന്നതിനായി ഉപോയോഗിക്കുന്ന ട്രാക്ടർ**



**ചിത്രം-2. പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് മെഷീൻ**



**ചിത്രം-3. കയ്യൊഴിക്കാതെ സൂക്ഷിച്ചിട്ടുള്ള ഷ്രെഡ്ഡ് ചെയ്ത പ്ലാസ്റ്റിക്കിന്റെ ശേഖരം**



**ചിത്രം-4. മെറ്റീരിയൽ റിക്കവറി ഫെസിലിറ്റേഷൻ സെന്റർ**



**ചിത്രം-5. സംസ്കരിക്കാതെ അവശേഷിക്കുന്ന മാലിന്യക്കൂമ്പാരം**



**ചിത്രം-6. മാലിന്യത്തിൽ നിന്നും പ്ലാസ്റ്റിക് വേർതിരിക്കുന്ന തൊഴിലാളികൾ**

# 3-28 ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ തുക അടവാക്കുന്നില്ല - നടപടികൾ ആവശ്യപ്പെടുന്നു

**എ) റെഗുലർ ജീവനക്കാരുടെ പെൻഷൻ**

1996-ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെൻറ് ബെനിഫിറ്റ്) ചട്ടങ്ങളിലെ ചട്ടം 7 പ്രകാരം പ്രതിമാസ ശമ്പളത്തിന്റെ 15% തുക സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് അടക്കേണ്ടതാണെന്നും 9(3) പ്രകാരം പ്രതിമാസ പെൻഷൻ, ഗ്രാറ്റുവിറ്റി കമ്മ്യൂട്ടേഷൻ, പെൻഷൻ കുടിശ്ശികയുൾപ്പെടെ വേണ്ടിവരുന്ന മൊത്തം തുക ഡയറക്ടറുടെ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും പിൻവലിച്ച് നഗരസഭാ സെക്രട്ടറിയ്ക്ക് നൽകുന്നതിന് നിഷ്കർഷിച്ചിട്ടുണ്ട്. ചട്ടം 10-ൽ മുനിസിപ്പൽ പെൻഷൻ ഫണ്ട് ലഭ്യമായത് വരവ് വെക്കുന്നതിന് ട്രഷറിയിലോ നാഷണലൈസ്ഡ് ബാങ്കിലെ എസ് ബി അക്കൗണ്ടിലോ വരവു വെയ്ക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പട്ടാമ്പി മുനിസിപ്പാലിറ്റിയിൽ റഗുലർ പെൻഷൻ ഫണ്ടിന്റെ സൂക്ഷിപ്പും വിതരണവും മേൽചട്ടങ്ങൾ അനുശാസിക്കും വിധമല്ല നടത്തിവരുന്നത്. സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് അടവാക്കേണ്ട മുനിസിപ്പാലിറ്റി വിഹിതം നഗരസഭ കാലങ്ങളായി ഒടുക്കുന്നില്ല. പെൻഷൻഫണ്ട് അടവാക്കിയതിന്റെയും കേന്ദ്ര പെൻഷൻ ഫണ്ടിൽ നിന്ന് തുക ലഭ്യമായതിന്റെയും വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

പട്ടാമ്പി ഗ്രാമപഞ്ചായത്ത് നഗരസഭയായതിനുശേഷം നാളിതുവരെ ഈടാക്കിയ പെൻഷൻ വിഹിതത്തിന്റെ വിവരം താഴെ ചേർക്കുന്നു.

| Pattambi Municipality | | |
|---|---|---|
| Consolidated Statement Conributory Pension | | |
| Municipai Common Service | | |
| SL NO | Month & Year | Amt |
| 1 | 04/17 | 26065 |
| 2 | 05/17 | 42129 |
| 3 | 06/17 | 39357 |
| 4 | 07/17 | 38484 |
| 5 | 08/17 | 38484 |
| 6 | 09/17 | 41334 |
| 7 | 10/17 | 46588 |
| 8 | 11/17 | 48972 |
| 9 | 12/17 | 47987 |
| 10 | 01/18 | 48053 |
| 11 | 02/18 | 48698 |
| 12 | 03/18 | 48937 |
| 13 | 04/18 | 49223 |
| 14 | 05/18 | 46847 |
| 15 | 06/18 | 49320 |
| 16 | 07/18 | 41797 |
| 17 | 08/18 | 47823 |
| 18 | 09/18 | 45063 |
| 19 | 10/18 | 47393 |
| 20 | 11/18 | 53013 |
| 21 | 12/18 | 56326 |
| 22 | 01/19 | 56326 |
| 23 | 02/19 | 56326 |
| | | **1064545** |

മേൽ തുക തനത് ഫണ്ടിൽ ഒടുക്കിയിട്ടുണ്ടെങ്കിലും നാളിതുവരെ സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് അടവാക്കിയിട്ടില്ല. തുക സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ബി) കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ**

മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന കണ്ടിജൻറ് ജീവനക്കാരുടെ മൊത്തം ശമ്പളത്തിൻെറ 15% മാസവിഹിതം ആയി മുനിസിപ്പൽ കണ്ടിജൻറ് എംപ്ലോയീസ് പെൻഷൻ ഫണ്ടിൽ നിക്ഷേപിക്കേണ്ടതാണെന്ന് കേരള മുനിസിപ്പൽ കണ്ടിജൻറ് എംപ്ലോയീസ് (ഡെത്ത് കം റിട്ടയർമെൻറ് ബെനിഫിറ്റ് )റൂൾസ് 1997 പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്.

പട്ടാമ്പി നഗരസഭയിൽ സ്ഥിരം കണ്ടിജന്റ് ജീവനക്കാരെ നാളിതുവരെ നിയമിച്ചിട്ടില്ലാത്തതിനാൽ പെൻഷൻ വിഹിതം ഒടുക്കുന്നില്ല.

# ഭാഗം -4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1. സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഒന്നുമില്ല | | | | | |

## 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കി തുക |
|---|---|---|---|---|---|

ഒന്നുമില്ല

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

# 4-4. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ തുകയൊന്നും ലഭിച്ചിട്ടില്ല.

# 4-5. സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല

# 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം തുകയൊന്നും ഈടാക്കിയിട്ടില്ല.

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

നഗരസഭയുടെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവ ഒന്നുമില്ല.

# 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

**തുക ഈടാക്കിയിട്ടില്ല.**

# 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 152002732 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 147292012 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 477303 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 766384 |

(ബി) നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-3 | | 15000 | ശ്രീമതി.സീന.എച്ച്, സെക്രട്ടറി |
| 3-4 | | 5805 | ശ്രീമതി.സീന.എച്ച്, സെക്രട്ടറി |
| 3-11 | | 22883 | ശ്രീ. ഫിലിപ്പോസ് പണിക്കർ.സി അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-16 | | 425415 | ശ്രീമതി.സീന.എച്ച്, സെക്രട്ടറി |
| 3-22 | | 8200 | ശ്രീ.പി.സുനിൽകുമാർ, പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജന സെൽ |
| | **ആകെ** | **477303** | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 273000 | ശ്രീമതി.സീന.എച്ച്, സെക്രട്ടറി |
| 3-3 | 50000 | ശ്രീമതി.സീന.എച്ച്, സെക്രട്ടറി |
| 3-6 | 179670 | ശ്രീമതി.സീന.എച്ച്, സെക്രട്ടറി |
| 3-12 | 110754 | ശ്രീമതി.സീന.എച്ച്, സെക്രട്ടറി |
| 3-13 | 52960 | ശ്രീമതി.സീന.എച്ച്, സെക്രട്ടറി |
| 3-24 | 150000 | ശ്രീ.എസ്.മഹാലിംഗം, പ്രിൻസിപ്പൽ |
| **ആകെ** | **816384** | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ആദായ നികുതി

ഖണ്ഡിക 3-8 – 2255 രൂപ – ശ്രീമതി.സീന.എച്ച്, സെക്രട്ടറി

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.സീന.എച്ച്, സെക്രട്ടറി | സെക്രട്ടറി, ഒറ്റപ്പാലം നഗരസഭ | ആഷാ നിലയം, ഗണേഷ്ഗിരി, ഷൊർണ്ണൂർ(പി.ഒ), പാലക്കാട്-679121 |
| ശ്രീ.ഫിലിപ്പോസ് പണിക്കർ അസി.എഞ്ചിനിയർ | അസി.എഞ്ചിനിയർ, പട്ടാമ്പി മുനിസിപ്പാലിറ്റി | മേച്ചേരിയിൽ ചങ്ങായിമുക്ക് പെരുംപുഴ(പി.ഒ) കൊല്ലം |
| ശ്രീ.എസ്.മഹാലിംഗം, പ്രിൻസിപ്പൽ | പ്രിൻസിപ്പൽ, ഗവ. ഹയർ സെക്കണ്ടറി സ്കൂൾ, പട്ടാമ്പി | മാതക്കോട് വീട്, പനങ്ങാട്ടിരി (പി.ഒ), കൊല്ലങ്കോട്, പാലക്കാട്-678506 |
| ശ്രീ.പി.സുനിൽകുമാർ, പ്രോജക്റ്റ് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജന സെൽ | പ്രോജക്റ്റ് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജന സെൽ, കോഴിക്കോട് കോർപ്പറേഷൻ | കിഴക്കേപറമ്പിൽ വീട്, പാലേരി ടൗൺ (പി.ഒ), കുറ്റ്യാടി വഴി കോഴിക്കോട്-673508 |

# 4-10. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.പി8-2001/01 /11-6-2001 | 12 |
| 1997-98 | എൽ.എഫ്.പി18-2007/01 / 4-5-2001 | 16 |
| 1998-99 | എൽ.എഫ്.പി8-344/06 / 26-6-2006 | 16 |
| 1999-2000 | എൽ.എഫ്.പി13-604/03 / 31-12-2005 | 9 |
| 2000-01 | എൽ.എഫ്.പി13-577/10 / 22-10-2010 | 18 |
| 2001-02 | എൽ.എഫ്.പി13-603/05 / 16-09-2006 | 9 |
| 2002-03 | എൽ.എഫ്.പി13-110/12/ 8-02-2012 | 10 |
| 2003-04 | എൽ.എഫ്.പി13-1689/07/ 16-03-2012 | 8 |
| 2004-05 | എൽ.എഫ്.പി13-1689/07/ 16-03-2012 | 9 |
| 2005-06 | എൽ.എഫ്.പി13-1415(1)/12/ 3-10-2012 | 10 |
| 2006-07 | എൽ.എഫ്.പി13-1415(21)/12/ 3-10-2012 | 4 |

| | | |
|---|---|---|
| 2007-08 | എൽ.എഫ്.പി13-1415(3)/12/ 3-10-2012 | 11 |
| 2008-09, 2009-10 & 2010-11 | എൽ.എഫ്.പി13-102/15/ 8-4-15 | 11 |
| 2011-12 | എൽ.എഫ്.പി13-1809/13/18-3-2014 | 4 |
| 2012-13 | എൽ.എഫ്.പി13-874/15/ 31-6-15 | 10 |
| 2013-14& 2014-15 | എൽ.എഫ്.പി18-1879/15/ 7-4-2016 | 27 |
| 2015-16 | കെ.എസ്.എ പി.കെ.ഡി 22/166/17/14.02.17 | 15 |
| 2016-17 | കെ.എസ്.എ പി.കെ.ഡി 22/2011/17/20.11.17 | |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ.**

# അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994 ലെ കേരള 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(6), 2007ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 60 എന്നിവ അനുസരിച്ചും നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ സ.ഉ(സാധാ)1413/2018/ ത.സ്വ.ഭ.വ നമ്പർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും **പട്ടാമ്പി നഗരസഭയുടെ** 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**

**2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ.**

1. കഴിഞ്ഞ വർഷത്തെ ഓഡിറ്റ് ചെയ്ത ബാലൻസ്ഷീറ്റ് ഷെഡ്യൂൾ പ്രകാരമുള്ള തുകകൾ, തൻ വർഷത്തെ ലെഡ്ജർ മുന്നിരിപ്പ് /ട്രയൽ ബാലൻസ് മുന്നിരിപ്പ് എന്നിവയുമായി ഭാഗികമായി മാത്രമേ പൊരുത്തപ്പെടുന്നുള്ളൂ. പൊരുത്തപ്പെടാത്ത ഇനങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | അക്കൗണ്ട് ഹെഡ് | വിശദാംശങ്ങൾ | 2016-17 ബാലൻസ് ഷീറ്റ് പ്രകാരമുള്ള തുക | 2017-18 ലെഡ്ജർ മുന്നിരിപ്പ് / ട്രയൽ ബാലൻസ് മുന്നിരിപ്പ് |
|---|---|---|---|---|
| 1 | 310100100 | ജനറൽ ഫണ്ട് | 15519444 | 26110446 |
| 2 | 310900100 | Excess of Income Over Expenditure | 13843156 | 3252154 |

2. വസ്തു നികുതി, തൊഴിൽ നികുതി, ഡി&ഒ, ലേലം, കെട്ടിട വാടക ഉൾപ്പടെയുള്ള വരവിനങ്ങളുടെ (കുടിശ്ശിക ഉൾപ്പടെ) DCB രജിസ്റ്ററുകൾ കാലികമാക്കി സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

3. തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ തൻവർഷത്തേയ്ക്കുള്ള പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

4. ആസ്തികൾക്ക് ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ ആസ്തികൾക്ക് തൻവർഷത്തേയ്ക്കുള്ള ഡിപ്രിയിസേഷൻ രേഖപ്പെടുത്തിയിട്ടില്ല. വർക്ക് ഷീറ്റ് തയ്യാറാക്കിയിട്ടില്ല.

5. ആസ്ഥികൾക്ക് Income And Expenditure Accounts-ൽ തൻ വർഷത്തേക്കുള്ള ഡിപ്രിസിയേഷൻ രേഖപ്പെടുത്തിയിട്ടില്ല.

6. ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

7. ആസ്തി രജിസ്റ്റർ കാലികമായി എഴുതി സൂക്ഷിച്ചിട്ടില്ല,

8. നിർവ്വഹണോദ്യോഗസ്ഥരിൽ ഭൂരിഭാഗം പേരും TR-7A ക്യാഷ്ബുക്ക് സൂക്ഷിക്കുന്നില്ല.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം-2 വിവിധ പത്രികകൾ

1) RECEIPT & PAYMENT STATEMENT

| | | | |
|---|---|---|---|
| Pattambi Municipality RECEIPT & PAYMENT STATEMENT | | | |
| For the period from 01-April-2017 to 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 22478990.00 |
| Cash | Cash | RP-40(a) | 307051.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 4867862.00 |
| 130000000 | Rental income from Panchayat Properties | RP-3 | 200909.00 |
| 140000000 | Fees & User Charges | RP-4 | 3658026.00 |
| 150000000 | Sale & Hire Charges | RP-5 | 314547.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-6 | 54256216.00 |
| 170000000 | Income from Investments | RP-7 | 1800.00 |
| 171000000 | Interest Earned | RP-8 | 758772.00 |
| 180000000 | Other Income | RP-9 | 88607.00 |
| 431000000 | Sundry Debtors (Receivables) | RP-37 | 23580653.00 |
| | **Non Operating** | | |
| 311000000 | Earmarked Funds | RP-22 | 5000000.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-24 | 48625612.00 |
| 340000000 | Deposits Received | RP-27 | 8471766.00 |
| 350000000 | Other Liabilities | RP-29 | 2147847.00 |
| 460000000 | Loans, Advances and Deposits | RP-41 | 30115.00 |
| | **Grand total** | | **174788773.00** |
| | **PAYMENTS** | | |
| | **Operating** | | |
| 210000000 | Establishment Expenses | RP-10 | 9878005.00 |
| 220000000 | Administrative Expenses | RP-11 | 3168599.00 |
| 230000000 | Operations & Maintenance | RP-12 | 12015685.00 |
| 240000000 | Interest & Finance Charges | RP-13 | 155915.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-14 | 54743504.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 1000000.00 |
| 251000000 | Decentralised Plan Programme- Service Sector | RP-45 | 12960868.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-46 | 13992901.00 |
| 253000000 | Decentralised Plan Programme- Projects not included in | RP-47 | 1417410.00 |

2 INCOME & EXPENDITURE STATEMENT

| |
|---|
| Pattambi Municipality |

## INCOME & EXPENDITURE STATEMENT

For the period from 01-April-2017 to 31-March-2018

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 17026814.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 7902609.00 |
| 140000000 | Fee & User Charges | I-4(b) | 12555026.00 |
| 150000000 | Sale & Hire Charges | I-5(b) | 314547.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 141760946.00 |
| 170000000 | Income from Investments | I-7 | 1800.00 |
| 171000000 | Interest Earned | I-8 | 758772.00 |
| 180000000 | Other Income | I-9 | 308915.00 |
| | **Total Income** | | **180629429.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10(b) | 23360786.00 |
| 220000000 | Administrative Expenses | I-11(b) | 6542623.00 |
| 230000000 | Operations & Maintenance | I-12(b) | 13400627.00 |
| 240000000 | Interest & Finance Charges | I-13 | 155915.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 89210524.00 |
| 251000000 | Decentralised Plan Programme-Service Sector | I-14 | 10818880.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14 | 26533567.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14 | 1417410.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 89210.00 |
| 272000000 | Depreciation | I-17(a) | 1119041.00 |
| | **Total Expenditure** | | **172648583.00** |
| | **Gross Surplus/ Deficit of income over Expenditure** | | **7980846.00** |
| | **Gross Surplus/ Deficit of income over Expenditure** | | **7980846.00** |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

**3** BALANCE SHEET

Pattambi Municipality

### BALANCE SHEET

For the period from 01-April-2017 to 31-March-2018

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 37339446.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 102592.00 |
| 312000000 | Reserves | B-3 | 33869938.00 |
| | **Total Reserve & Surplus** | | **71311976.00** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 4557148.00 |
| | **Total Grants, Contributions for Specific Purposes** | | **4557148.00** |
| | **Loans** | | |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 16248246.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 5383214.00 |
| | **Total Current Liabilities and Provisions** | | **21631460.00** |

| | | | |
|---|---|---|---|
| | **Total Current Liabilities and Provisions** | | **21631460.00** |
| | **TOTAL LIABILITIES** | | **97500584.00** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 56397054.00 |
| 411000000 | Accumulated Depreciation | B-11 | -1119041.00 |
| 412000000 | Capital Work in Progress | B-11 | 3030036.00 |
| | **Total Fixed Assets** | | **58308049.00** |
| | **Investments** | | |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 11422774.00 |
| 450000000 | Cash and Bank Balance | B-17 | 27496761.00 |
| 460000000 | Loand, Advances and Deposits | B-18 | 273000.00 |
| | **Total Current Assets, Loans and Advances** | | **39192535.00** |
| | **Other Assets** | | |
| | **Miscellaneous Expenditure (To the Extent not written off)** | | |
| | | | |

**സീനീയർ ഡെപ്യൂട്ടി ഡയറക്ടർ**